മൂന്നു

# ഇൻറർനേഷനലുകളുടെ ചരിത്രം

1436

Library & Research

എൻ. ഇ. ബാലറാം

പ്രഭാത് ബുക്ക് ഹൌസ്

കോപ്പി 1000
ഫിബ്രവരി 1956

വില 8ണ.

335.4

പ്രസാധകന്മാർ:

പ്രഭാതം പ്രിൻടിങ്ങ് ആൻറ് പബ്ലിഷിങ്ങ്
കമ്പനി ലിമിററഡ്

അച്ചടി:

സിൽവർ ജൂബിലി പ്രസ്സ്, കണ്ണൂര്.

# 3 ഇൻറർനേഷനലുകളുടെ ചരിത്രം

ആധുനിക യുഗത്തിൻെറ ചരിത്രം ആരംഭിക്കുന്നതു് യൂറോപ്പിൽ വെച്ചാണു്. പതിനഞ്ചും പതിനാറും നൂററാണ്ടുകളിൽ ആ ഭൂപ്രദേശത്തിലുള്ളവർ കപ്പൽയാത്രക്കുള്ള പുതിയ പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു. കാററിൻെറ ഗതിക്കനുസരിച്ചു ഓടുന്ന പായക്കപ്പലിലാണു് അദ്യമാദ്യം അവർ സഞ്ചരിച്ചിരുന്നതു്. വാസ്കോഡിഗാമ കോഴിക്കോട്ടു വന്നിറങ്ങിയതു് ഇങ്ങനെയാണു്. പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചതോടെ ദൂരം കുറഞ്ഞുകിട്ടുകയും പോക്കുവരവു് കൂടുതലാവുകയുമുണ്ടായി. അക്കാരണത്താൽ കച്ചവടവും വർദ്ധിച്ചു. ഈ ഘട്ടത്തിലാണു്, സാമ്പത്തിക ശാസ്ത്രജ്ഞന്മാർ വ്യാവസായികവിപ്ലവം എന്നു പറയുന്ന, ചരിത്രത്തെ മാററിമറിച്ച, ആ സംഭവം യൂറോപ്പിൽ നടന്നതു്.

വ്യാവസായികവിപ്ലവം ആദ്യം നടന്നതു് ഇംഗ്ലണ്ടിലാണു്. പതിനെട്ടാം നൂററാണ്ടിൻെറ മദ്ധ്യത്തിലാണു് ഇതാരംഭിച്ചതു്. എംഗൽസിൻെറ അഭിപ്രായപ്രകാരം ഇതവസാനിച്ചതു് 1830–ഓടു കൂടിയാണു്. കൽക്കരി, ഇരിമ്പു്, തുണി, റെയിൽവെ തുടങ്ങിയ വ്യവസായങ്ങളും വളന്നതു ഈ ഘട്ടത്തിലാണു്. വിപ്ലവപരമായ പല കണ്ടുപിടുത്തങ്ങളും ഈ വളച്ചയെ സഹായിച്ചു. ഇരിമ്പുല്പാദനത്തിൽ ഹെൻറി കോർട്ടും, ടെക്സ്റ്റൈൽ യന്ത്രങ്ങ

ളുടെ കാര്യത്തിൽ റിച്ചാഡ് ആക്ക്റൈറ്റ്, ജെയിംസ് ഹാർഗ്രീവ്സ് എന്നിവരും നേടിയ വിജയങ്ങളും, ഗതാഗതത്തിലും വ്യവസായ യന്ത്രനടത്തിപ്പിലും ആവിശക്തി ഉപയോഗിക്കാനുള്ള റിച്ചാഡ് വാട്ട്, ജോർജ് സ്റ്റീഫൻസൺ എന്നിവരുടെ കണ്ടുപിടുത്തങ്ങളും ഇക്കാലത്തുണ്ടായ എണ്ണപ്പെട്ട സംഭവങ്ങളാണ്. ഈ കണ്ടുപിടുത്തങ്ങളുടെ ഫലമായി പലവിധത്തിലുള്ള യന്ത്രങ്ങൾ ഉപയോഗിച്ചുതുടങ്ങി. ചെറിയ ചെറിയ പ്രവൃത്തിസ്ഥലങ്ങൾക്കു പകരം വൻകിട തൊഴിൽശാലകൾ ആവിർഭവിച്ചു. പായക്കപ്പലിന്നു പകരം ആവിക്കപ്പലും, കുതിരവണ്ടികൾക്കു പകരം തീവണ്ടിയും വന്നതോടെ ചരക്കുകളുടെ കയററിറക്കുമതി എത്രയോ മടങ്ങു വർദ്ധിച്ചു. അങ്ങനെയാണ് കൃഷിയും കച്ചവടവും പ്രധാനമായിരുന്ന ഇംഗ്ലണ്ട്, വ്യവസായപ്രധാനമായ ഒരു മുതലാളിത്തരാജ്യമായി വളന്നതു്. ഈ മാററം അതിവേഗത്തിൽ യൂറോപ്പ് വൻകരയിലെ മററു ചില രാജ്യങ്ങളിലും വ്യാപിച്ചു; മുതലാളിത്തം ഒരു ലോകശക്തിയായി വികസിച്ചതിപ്രകാരമാണ്.

ഇതത്ര എളുപ്പത്തിൽ നടന്ന ഒരു കാര്യമല്ല. ഒരു നീണ്ട കാലഘട്ടത്തിനിടയിൽ നടന്ന പലവിധ സംഘട്ടനങ്ങളുടേയും പരിണാമഫലമായിട്ടാണ് ഈ ഒരു വളച്ച സമുദായത്തിന്നുണ്ടായിട്ടുള്ളതു്. ആ ചരിത്രം ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം. കച്ചവടത്തിൻെറയും വ്യവസായത്തിൻെറയും ഫലമായി ഒരു വിഭാഗം മുതലാളിവർഗ്ഗം ഇംഗ്ലണ്ടിൽ ആദ്യമായാവിർഭവിച്ചു. വില കുറഞ്ഞ കൽക്കരി ധാരാളം കിട്ടാനുള്ളതിനാലും, കച്ചവടത്തിന്നു പററിയ ഗതാഗതസൌകര്യമുള്ളതിനാലും ഇംഗ്ലണ്ടിന്നു വ്യവസായവളച്ചക്കു പ്രത്യേക സൌകര്യമുണ്ടായിരുന്നു. അതിനാൽ മുതലാളിത്ത വികസനം അവിടെ അതിവേഗത്തിൽ നട-

ന്നു. അന്നധികാരത്തിലുണ്ടായ നാട്ടുവാഴിത്ത ശക്തികളെയും അവരുടെ സാമ്പത്തിക സാമൂഹ്യ ബന്ധങ്ങളെയും എതിർക്കാതെ മുതലാളിത്തത്തിന്നു പൂർണ്ണവളർച്ച സാദ്ധ്യമല്ലാതായി. അതാണ് വമ്പിച്ച വിപ്ലവങ്ങൾ അക്കാലത്തുണ്ടാവാൻ കാരണം. രാഷ്ട്രീയമായും, സാമ്പത്തികമായും, ആശയപരമായും, താത്വികമായും നാട്ടുവാഴിത്തത്തിന്നെതിരായ വമ്പിച്ച സംഘട്ടനങ്ങളാണ് അന്നു നടന്നതു്.

ഇംഗ്ലണ്ടിൽനിന്നാരംഭിച്ച വ്യാവസായികവിപ്ലവം അതിവേഗത്തിൽ യൂറോപ്പിലേക്ക് പടർന്നു. പുതിയ പല കണ്ടുപിടുത്തങ്ങളുടെ ഫലമായി ഫ്രാൻസിൽ മുതലാളിത്തം ഇംഗ്ലണ്ടിനോടൊപ്പംതന്നെ ആദ്യകാലങ്ങളിൽ വളർന്നുവെങ്കിലും 19-ാംനൂററാണ്ടിന്റെ മദ്ധ്യമായപ്പോഴേക്കും ഫ്രാൻസ് വളരെ പിന്നിലായി. ഫ്രാൻസിൽ കൽക്കരി കിട്ടാനുള്ള വിഷമം മൂലമാണ് മിക്കവാറും ഇങ്ങനെ പററിയതു്. 1850 ആകുമ്പോഴേക്കും ജർമ്മനിയും വ്യാവസായികപാതയിലേക്ക് നീങ്ങി. അമേരിക്കയിലും ഏതാണ്ടിക്കാലത്തുതന്നെ ആധുനിക വ്യവസായങ്ങൾ വളർന്നു. 1790-ൽ തന്നെ അവിടെ ടെക്സ്റ്റൈൽ വ്യവസായമാരംഭിച്ചിട്ടുണ്ട്.

പുതിയ സാമ്പത്തികശക്തിയായ മുതലാളിത്തം കൂടുതൽ വികസനത്തിന്നുവേണ്ടി ഭരണാധികാരം പിടിച്ചുപററാനുള്ള ശ്രമവും ഒപ്പമൊപ്പംതന്നെ ആരംഭിച്ചു. അധികാരത്തിലുള്ള രാജകീയ ഭരണങ്ങളെ പലതും അടിച്ചുവീഴ്ത്തുകയും നാട്ടുവാഴിത്തത്തെ എതിർത്തു തോല്പിക്കുകയും ചെയ്തുകൊണ്ടുള്ള ജനാധിപത്യവിപ്ലവങ്ങൾ എന്ന പേരിലറിയപ്പെടുന്ന ബൂർഷ്വാവിപ്ലവങ്ങൾ പലതും നടന്നതു് ഏതാണ്ടിക്കാലത്തുതന്നെയാണ്. 1649-ൽ ഇംഗ്ലണ്ടിലും, 1776-ൽ അമേരിക്കയിലും, 1789-ൽ ഫ്രാൻസിലും,

1848-ൽ ഫ്രാൻസ്, ജൎമ്മനി, ആസ്ത്രീയ, ഹങ്കറി, ഇററലി എന്നിവിടങ്ങളിലും, 1859-ൽ വീണ്ടും ഇററലിയിലും, 1861-ൽ വീണ്ടും അമേരിക്കൻ ഐക്യനാട്ടിലും നടന്ന വിപ്ലവങ്ങൾ ഇതിന്നുദാഹരണങ്ങളാണ്.

മുതലാളിത്ത വളൎച്ചക്കുവേണ്ടി അന്നു നടന്ന വിപ്ലവങ്ങളും യുദ്ധങ്ങളും ഒഴുക്കിയ ചോരപ്പുഴക്കു കണക്കില്ല. 18-ാംനൂററാണ്ടിൽ ഫ്രാൻസും ബ്രിട്ടനും തമ്മിലുണ്ടായ യുദ്ധം, 1776-ലും 1812-ലും ഇംഗ്ലണ്ടും അമേരിക്കയും തമ്മിലുണ്ടായ യുദ്ധം, 1799 മുതൻ 1815 വരെ നെപ്പോളിയൻ നടത്തിയ യുദ്ധം, 1859-ൽ ഫ്രാൻസും ആസ്ത്രിയയും തമ്മിലുള്ള യുദ്ധം, 1861-ൽ അമേരിക്കയിലെ അഭ്യന്തരയുദ്ധം എന്നിവയെല്ലാം മുതലാളിത്തവികസനത്തിന്നുവേണ്ടിയായിരുന്നു.

ഇതിന്റെയെല്ലാം ഫലമായി ജീൎണ്ണിച്ച നാടുവാഴി ഗവൎമ്മെണ്ടുകളും ഉല്പാദനസമ്പ്രദായവും തകരുകയും മുതലാളിത്ത സ്റ്റേററുകൾ ആവിൎഭവിക്കുകയുമുണ്ടായി. ജൎമ്മനിയിലെ ഒരൊററ ഉദാഹരണം മാത്രം ഇവിടെ കാണിക്കാം. 1871-ലാണ് ജൎമ്മനി ഏകീകരിക്കപ്പെട്ടതു്. സ്വതന്ത്ര ഭരണം നടത്തിയിരുന്ന 25 ചെറു സ്റ്റേററുകൾ, രാജഭരണമുള്ള 4 പ്രദേശങ്ങൾ, വൻകിടക്കാരായ 5 പ്രഭുക്കളുടെ ഭരണസ്ഥലങ്ങൾ, ചെറു പ്രഭുക്കന്മാർ കയ്യശം വെച്ചുപോന്ന 13 പ്രിൻസിപ്പാലിട്ടികൾ, 3 സ്വതന്ത്ര പട്ടണങ്ങൾ എന്നിവയെല്ലാം ഒന്നിച്ചുചേൎന്നാണ് ആധുനിക ജൎമ്മനി ഉടലെടുത്തതു്. മററു പല മുതലാളിത്ത സ്റ്റേററുകളുടെയും ആവിൎഭാവം ഏതാണ്ടിപ്രകാരംതന്നെയാണ്. 1848-ാം കൊല്ലം യൂറോപ്പിനെയാകെ ഇളക്കിമറിച്ച ഒരു വൎഷമാണ്. അക്കൊല്ലം യൂറോപ്പിൽ നടന്ന വിപ്ലവങ്ങളെ തുടൎന്നാണ് പശ്ചിമ യൂറോപ്പിൽ മുതലാളിത്തം വിജയിച്ചതു്. വൻകരയിലെ വിപ്ലവം

എന്നാണ് മാർക്സ് ഇതിനെ വിളിച്ചതു്. ഈ വിപ്ലവങ്ങളിൽ തന്നെ മറെറാരു കാൎയ്യംകൂടി മുഴച്ചുപൊങ്ങിവന്നിട്ടുണ്ടു്. ബൂൎഷ്വാവർഗ്ഗം കാംക്ഷിച്ചതിലുമധികം ദൂരം വിപ്ലവം കടക്കുമെന്നവൎക്കു തോന്നിയ ഘട്ടങ്ങളിലെല്ലാം വിപ്ലവത്തെ വഞ്ചിക്കാനും എതിർവിപ്ലവശക്തികളോടൊപ്പംനിന്നു് വിപ്ലവശക്തികളെ ചോരയിലാഴ്ത്താനും ബൂൎഷ്വാസി മടിച്ചില്ല. അതാണ് ശ്രദ്ധേയമായ അക്കാലത്തെ മറെറാരു സംഭവവികാസം.

1848-ൽ ഫ്രാൻസിലും ജൎമ്മനിയിലും നടന്ന വിപ്ലവങ്ങളിൽ ബൂൎഷ്വാസി നടത്തിയ വഞ്ചന ഇതിന്നു ദൃഷ്ടാന്തമാണ്. വിപ്ലവത്തെ മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിച്ച തൊഴിലാളിവൎഗ്ഗത്തെ അടിച്ചമൎത്താനാണവർ ശ്രമിച്ചതു്. അങ്ങനെ 1848-ൽ നടന്ന വിപ്ലവങ്ങൾ, സ്വതന്ത്രമായ ഒരു രാഷ്ട്രീയ പാർട്ടിയില്ലാതെ തൊഴിലാളിവർഗ്ഗത്തിന്നു അതിൻെറ ചരിത്രപരമായ കടമകൾ നിർവ്വഹിക്കാൻ സാധിക്കയില്ലെന്നുള്ള മഹത്തായ പാഠങ്ങൾകൂടി നൽകുകയുണ്ടായി.

## ആദ്യകാലത്തെ തൊഴിലാളി സംഘടനകൾ.

മുതലാളിത്തത്തിൻെറ പിറവിയോടെതന്നെ അതിൻെറ ശത്രുവായ തൊഴിലാളിവർഗ്ഗവും പിറന്നിട്ടുണ്ടു്. ഇംഗ്ലണ്ടിലാണ് ഇതാദ്യം സംഭവിച്ചതെന്നു മുമ്പു് പറഞ്ഞുവല്ലോ. കച്ചവട മുതലാളിമാൎക്കു രോമക്കച്ചവടം നടത്താൻ ചെമ്മരിയാട്ടിനെ പോറേറണ്ടതിന്നു എത്രയോ പാവപ്പെട്ട കൃഷിക്കാരെ ഭൂമിയിൽനിന്നു അതിനുമുമ്പുതന്നെ ആട്ടിപ്പായിച്ചിരുന്നു. കൃഷിക്കാരുടെ ഭൂമി മുഴുവൻ ബലമായി ഒഴിപ്പിച്ചെടുത്തു ആട്ടിന്നു മേയാനും വളരാനുമുള്ള ഇടമാക്കി മാററിയതാണ് ഇതിന്നു കാരണം. പ

ക്ഷെ, ഭൂമിയിൽനിന്നാട്ടിയോടിച്ചവക്ക് യാതൊരു ഗതിയുമില്ലാതായി.

ഭൂമിയിൽനിന്നാട്ടിപ്പുറത്താക്കപ്പെട്ട നിരാധാരരായ ഈ കൃഷിക്കാരും, കൈത്തൊഴിൽ നശിച്ച മറ്റൊരു വിഭാഗവും ഇതോടുകൂടി ഫാക്ടറികളിലെ തൊഴിലാളികളായി മാറി. ആദ്യമാദ്യം വെളിച്ചമില്ലാത്ത, ശ്വാസംമുട്ടുന്ന, ഇരുട്ടറകളിലാണവർ ജോലിചെയ്തതു്. ക്രമേണ വൻകിട പ്രവൃത്തിശാലകരം (ഫാക്ടറികരം) ആവിർഭവിച്ചു. തൊഴിലാളികളുടെ എണ്ണവും പെരുകി. ഇങ്ങനെയാണ് ആധുനിക ചരിത്രത്തിലെ മഹത്തായ ശക്തിയായ തൊഴിലാളിവർഗ്ഗം ഭൂമുഖത്താവിർഭവിച്ചതു്.

ക്രൂരമായ ചൂഷണവും പൈശാചികമായ മർദ്ദനവുമാണ് ലാഭക്കൊതിയന്മാരായ മുതലാളികരം അന്നും നടത്തിയത്. 12 മുതൽ 16 മണിക്കൂർവരെ ജോലിചെയ്യിപ്പിക്കുകയാണന്നു് പതിവു്. 6 വയസ്സുള്ള കുട്ടികളെക്കൊണ്ടുകൂടി ധാരാളം ജോലി ചെയ്യിച്ചിട്ടുണ്ടു്. ഈ തൊഴിലാളികരംക്കു നൽകിവന്ന കൂലിയാവട്ടെ എത്രയും തുച്ഛമായതായിരുന്നു. 1833-ൽ പ്രസിദ്ധീകരിച്ച ഒരു പാർലിമെൻറ് റിപ്പോർട്ടിൽ (ബ്രിട്ടനിലെ പാർലിമെൻറ്) അമേരിക്കയിലെ അടിമത്തം, അയർലാണ്ടിലെ ബ്രിട്ടീഷ് ജന്മിത്വം, ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണം എന്നിവയെക്കാളും ക്രൂരമായിരുന്നു ബ്രിട്ടനിലെ തൊഴിലാളികളുടെ സ്ഥിതി എന്നു പ്രസ്താവിച്ചതു് എംഗൽസ് ഒരു ദിക്കിൽ ഉദ്ധരിച്ചിട്ടുണ്ടു്. അതാണ് അക്കാലത്തെ കഥ.

ദുസ്സഹമായ ഈ രീതിക്കെതിരായി, ശൈശവാവസ്ഥയിലാണെങ്കിലും, തൊഴിലാളിവർഗ്ഗം ധീരമായി അടരാടാൻതുടങ്ങി. സാമ്പത്തികവും രാഷ്ട്രീയവുമായ അടിമത്തത്തിനെതിരായി അ

വർ നിരവധി സംഘട്ടനങ്ങൾ നടത്തി. ഈ പോരാട്ടത്തിൽ അവർക്ക് സ്വന്തം ശക്തിയെത്തന്നെ ആശ്രയിക്കേണ്ടിവന്നു. അത്തരം വർഗ്ഗസമരങ്ങൾ അന്നു പല രൂപങ്ങളും കൈക്കൊണ്ടിരുന്നു. ഇംഗ്ലണ്ടിലെ തൊഴിലാളികൾ ചിലപ്പോൾ ഫാക്ടറികളും യന്ത്രങ്ങളും തല്ലിയുടച്ചിട്ടുപോലുമുണ്ട്. അവരെ ലുഡ്ഡൈറ്റുകൾ എന്നാണ് ചരിത്രകാരന്മാർ വിളിച്ചത്. ചിലപ്പോൾ അവർ ആയുധമെടുത്തു അധികാരം പിടിച്ചെടുക്കാനും തുനിഞ്ഞിട്ടുണ്ട്. 1819-ൽ മാഞ്ചസ്റ്ററിലും (ഇംഗ്ലണ്ടിൽ), 1831–34-ൽ ലയോൺസിലും (ഫ്രാൻസിൽ), 1844-ൽ ബൊഹേമ്യയിലും, സൈലേഷ്യയിലും ഇത്തരം സംഭവങ്ങളുണ്ടായി.

1752 മുതൽക്കാണ് ഇംഗ്ലണ്ടിൽ ട്രെയിഡ് യൂനിയനുകൾ ആവിർഭവിച്ചത്. ഇവയൊന്നും അന്നു നിയമവിധേയസംഘടനകളായിരുന്നില്ല. ചില സംഘടനകളുടെ പേർ സുഹൃൽസംഘടനകൾ എന്നായിരുന്നു. ഒന്നിച്ചു ചേരാൻകൂടി പാടില്ലെന്നാണ് അക്കാലത്തെ നിയമം. 1824-ൽ ആണ് ആ നിയമത്തിനു ചില്ലറ അയവ് വന്നതു്. അതോടെ സംഘടനകൾ പുഷ്ടിപ്പെട്ടു. അങ്ങനെ 1830-ൽ 'തൊഴിലാളികളെ സംരക്ഷിക്കാനുള്ള നേഷനൽ അസോസിയേഷൻ' എന്ന വിപുലമായ ഒരു സംഘടന ആവിർഭവിച്ചു. 1833–34-ൽ രൂപീകരിച്ച ഗ്രാണ്ട് നാഷനൽ കൺസോളിഡേറഡ് ട്രേഡ് യൂനിയൻ എന്ന സ്ഥാപനത്തിന്നു മുന്നോടി എന്ന നിലക്ക് ഈ സംഘടന ചരിത്രപ്രധാനമായ ഒന്നാണ്. അതിനന്നു 5 ലക്ഷം മെമ്പർമാരുണ്ടായിരുന്നുവത്രെ!

1837-ൽ ആരംഭിച്ച മഹത്തായ ചാർട്ടിസ്റ്റ് പ്രസ്ഥാനത്തോടെ ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗം പ്രധാന രാഷ്ട്രീയ ശ

ക്തിയായിക്കൂടി മുന്നോട്ടുവന്നു. അക്കൊല്ലമാണ് 6 കാൎയ്യങ്ങറം അടങ്ങിയ ഒരു ജനകീയ ചാർട്ടർ പാർല്ലിമെൻറിന്നു സമൎപ്പിച്ചതു്. തൊഴിലാളികളുടെ ഈ രാഷ്ട്രീയപ്രസ്ഥാനത്തിന്നു പെററിബൂൎഷ്വാവിഭാഗത്തിൻെറ പിന്തുണകൂടി ഉണ്ടായിരുന്നു. 3317700 പേർ ഒപ്പിട്ട ഈ ജനകീയ ചാർട്ടർ 1842–ൽ പാർല്ലിമെൻറ് തള്ളിയതോടെ ഉഗ്രമായ സംഘട്ടനങ്ങറം നടന്നു. 1500 ഓളം തൊഴിലാളികറം അറസ്റ്റ്ചെയ്യപ്പെട്ടു. പണിമുടക്കം പല സ്ഥലത്തും വ്യാപിച്ചു; ചിലയിടങ്ങളിൽ ഭരണം പിടിച്ചെടുക്കാനുള്ള ശ്രമവും ഉണ്ടായി. പെററിബൂൎഷ്വാവിഭാഗത്തിൻെറ ചതിയും അതിഭയങ്കരമായ മർദ്ദനവും നിമിത്തം തല്ക്കാലം ഈ പ്രസ്ഥാനം പരാജയപ്പെട്ടെങ്കിലും ഇംഗ്ലണ്ടിലെ തൊഴിലാളിവൎഗ്ഗത്തിന്നു മഹത്തായ പല പാഠങ്ങളും ആ സമരം പ്രദാനംചെയ്തിട്ടുണ്ടു്.

ഇംഗ്ലണ്ടിൽ ഉണ്ടായപോലെയല്ലെങ്കിലും മുതലാളിത്ത രാജ്യങ്ങളിലെല്ലാം തൊഴിലാളിവൎഗ്ഗസംഘടനകളും പലതരം സോഷ്യലിസ്റ്റാശയമുള്ള മററു സംഘടനകളും ഏതാണ്ടിതേ കാലത്തു തന്നെ വളൎന്നുവന്നു. മുതലാളിത്തം സാൎവ്വദേശീയസ്വഭാവമുള്ള ഒരു ശക്തിയായതുപോലെതന്നെ തൊഴിലാളിവൎഗ്ഗവും സാൎവ്വദേശീയാടിസ്ഥാനമുള്ള ഒന്നായി വളൎന്നു. ആ ഘട്ടത്തിലാണ് ചരിത്രപ്രസിദ്ധമായ ഒന്നാം ഇൻെറർനേഷനൽ ഉടലെടുത്തതു്.

# ഒന്നാം ഇൻറർ നേഷനൽ

1848ന്നു ശേഷം യൂറോപ്പിൽ കുറച്ചുകാലത്തേക്കു ഒരു തിരിച്ചടി ഉണ്ടായി. ആ ഘട്ടത്തിൽ പശ്ചിമയൂറോപ്പിലും ബ്രിട്ടനിലും മുതലാളിത്തം വികസിച്ചുവരികയായിരുന്നു. തൊഴിലാളിവർഗ്ഗം സംഘടിതമായി വളർന്നതു് ഇതേ ഘട്ടത്തിൽതന്നെയാണ്. 1869ലാണ് ജർമ്മനിയിലെ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടി ഉണ്ടായതു്. 1857–ൽ ലോകവ്യാപകമായുണ്ടായ സാമ്പത്തികകുഴപ്പം തൊഴിലാളികളെ കൂടുതൽ സമരോന്മുഖരാക്കി. ഈ പശ്ചാത്തലത്തിലാണ് ഒന്നാം ഇൻറർ നേഷനൽ ഉടലെടുത്തതു്.

ഇൻറർ നേഷനലിൻെറ സ്ഥാപനത്തിന്നുമുമ്പ് അതിപ്രധാനമായ മറെറാരു സംഭവവികാസമുണ്ടായി. മാർക്സിസത്തിൻെറ പിറവിയായിരുന്നു അതു്. മാർക്സും എംഗൽസുമാണ് അതിൻെറ ജനയിതാക്കൾ. വിപ്ലവപ്രസ്ഥാനങ്ങൾ പലനിറത്തിലുമുള്ള സോഷ്യലിസ്റ്റ് ചിന്താഗതികളിൽ കുടുങ്ങി വിഷമിക്കുന്ന ഘട്ടത്തിൽ സോഷ്യലിസ്റ്റാശയത്തെ ശാസ്ത്രീയമായ നിലയിൽ ഉയർത്തുകയും തൊഴിലാളിവർഗ്ഗത്തെ അതിൻെറ നായകന്മാരായി അവരോധിക്കുകയുമാണ് ഇവർ രണ്ടുപേരും ചെയ്തതു്.

മാർക്സിസത്തെക്കുറിച്ചുള്ള ഒരു വിവരണമോ, മാർക്സിൻെറയും എംഗൽസിൻെറയും പ്രവർത്തനങ്ങളെ കുറിച്ചുള്ള വിശദീകര

ണമോ ഞാൻ ഇവിടെ നടത്തുന്നില്ല. 1846 മുതൽ ഇവർ രണ്ടു പേരും ഇംഗ്ലണ്ടിൽ ഒരുമിച്ചു പാർത്തു് പ്രവർത്തനങ്ങൾ തുടങ്ങി. കത്തിടപാടുമൂലമുള്ള കമ്യൂണിസ്റ്റു് കമ്മിററികൾ എന്ന ഒരു സംഘടനയാണവർ ആദ്യം ഉണ്ടാക്കിയതു്. ഈ സംഘടനവഴിക്കു അവർ കമ്യൂണിസ്റ്റാശയം പ്രചരിപ്പിച്ചു. ഈ വിധമുള്ള പ്രവർത്തനംവഴി 1847-ൽ പല രാജ്യങ്ങളിലുമുള്ള പ്രതിനിധികളെ ഒരുമിച്ചു ക്ഷണിച്ചുവരുത്തി കമ്യൂണിസ്റ്റു്ലീഗ് എന്ന ഒരു സംഘടന ഉണ്ടാക്കുവാൻ അവർക്കിരുവക്കും കഴിഞ്ഞു. ഈ കമ്യൂണിസ്റ്റു്ലീഗിൻെറ പരിപാടിയായിട്ടാണു് കമ്യൂണിസ്റ്റു് മാനിഫെസ്റ്റോ എന്ന ഐതിഹാസികമായ രേഖ പുറത്തുവന്നതു്. ലോകതൊഴിലാളിവർഗ്ഗത്തിൻെറ വീക്ഷണംതന്നെ മാററാനും, അവരുടെ സംഘടനകൾക്കു ചൈതന്യം കൂട്ടാനും, അവരുടെ സ്വന്തം രാഷ്ട്രീയപാർട്ടികൾ ഉണ്ടാകാനും സഹായിച്ച മഹത്തായ ഒരു പ്രമാണരേഖയാണതു്. ഇന്നും ലോകകമ്യൂണിസ്റ്റു് പ്രസ്ഥാനത്തിൻെറ മാർഗ്ഗദീപമായി ആ വിശ്രുതരേഖ പരിലസിക്കുന്നു.

കമ്യൂണിസ്റ്റു്ലീഗാണു് യഥാർത്ഥത്തിൽ തൊഴിലാളിവർഗ്ഗത്തിൻെറ സാർവ്വദേശീയസംഘടനകൾക്കു് അടിത്തറ ഇട്ടതു്. പക്ഷെ അത്തരമൊരു സംഘടന ഉണ്ടാവാൻ കാലം തെല്ലു് പിടിച്ചു. 1864 സപ്തമ്പർ 28-ാംനു-യാണു് ലണ്ടനിൽവെച്ചു് ഒന്നാം ഇൻറർനേഷനൽ രൂപീകരിച്ചതു്. രണ്ടാം ഇൻറർനേഷനൽ ഉണ്ടായതുവരെ ഇതിനെ വെറും ഇൻറർനേഷനൽ എന്നു മാത്രമാണു് വിളിച്ചുവന്നതു്.

ഇംഗ്ലണ്ടു്, പോളണ്ടു്, ഫ്രാൻസ്, ജർമ്മനി, ഇററലി തുടങ്ങിയ പല രാജ്യങ്ങളിൽനിന്നും ഈ പ്രഥമ യോഗത്തിൽ ധാരാളം പ്രതിനിധികൾ പങ്കെടുത്തു. 21 പേരുള്ള ഒരു കേന്ദ്രക്കമ്മിററി

രൂപീകരിക്കയും, ഷീഹൈവ് എന്ന ബ്രിട്ടീഷ് തൊഴിലാളി പത്രം ഈ സംഘടനയുടെ മുഖപത്രമായി അംഗീകരിക്കയും ചെയ്തശേഷം ഈ സമ്മേളനം പിരിഞ്ഞു. ലോകത്തിലെ തൊഴിലാളികളെ ആകെ യോജിപ്പിക്കേണമെന്നതായിരുന്നു ഈ സംഘടനയുടെ ഉദ്ദേശം. അക്കൊല്ലം ഒക്ടോബറിൽ അനുതിരഞ്ഞെടുത്ത കമ്മിററിയുടെ യോഗം ചേരുകയും, ജോർജ്ജ് ഓഡ്ഗർ എന്ന ബ്രിട്ടീഷ് പ്രതിനിധിയെ സംഘടനയുടെ ചെയർമാനായി തിരഞ്ഞെടുക്കുകയുമുണ്ടായി.

## മാർക്സ് നടത്തിയ ആശയസമരങ്ങൾ

ഒന്നാമത്തെ ജനറൽ കൌൺസിൽ യോഗത്തിൽതന്നെ രാഷ്ട്രീയ പ്രമേയത്തെക്കുറിച്ചു ശക്തിയായ വാദപ്രതിവാദമുണ്ടായി. ഈ സംഘടന ഒരു രഹസ്യസംഘടനയാവേണമെന്നു ഒരു ഇററാലിയൻ പ്രതിനിധി വാദിച്ചതിനെ കാറൽ മാർക്സ് ശക്തിയായി എതിർക്കയും, ഇററാലിയൻ പ്രതിനിധിയുടെ അഭിപ്രായം തള്ളിപ്പോവുകയുമുണ്ടായി. ഇതൊരു പ്രാരംഭം മാത്രമാണ്. ഒന്നാം ഇൻറർ നേഷനലിനെപ്പററി മാർക്സ് എംഗൽസിന്നെഴുതിയ ഒരെഴുത്തിൽ ഇപ്രകാരമാണ് പ്രസ്താവിച്ചതു്, "സോഷ്യലിസ്റ്റും അർദ്ധസോഷ്യലിസ്റ്റും ആശയമുള്ള ചില ഗ്രൂപ്പുകൾക്കു പകരം തൊഴിലാളി വർഗ്ഗത്തിന്നു സമരം ചെയ്യാനുള്ള ഒരു യഥാർത്ഥ സംഘടന ഉണ്ടാക്കാനാണ് ഇൻറർ നേഷനൽ രൂപീകരിച്ചതു്.... ഇൻറർ നേഷനലിൻെറ ചരിത്രം ഇടുങ്ങിയ ചില ഗ്രൂപ്പിന്നും അകാലിക വിപ്ലവ സംരംഭങ്ങൾക്കും എതിരായി ജനറൽ കൌൺസിൽ (ഇൻറർ നേഷനലിൻെറ കേന്ദ്രക്കമ്മിററി-ലേഖകൻ) നടത്തിയ നിരന്തര സമരത്തിൻെറ ചരിത്രമാണ്; അത്തരം ആശയങ്ങൾ ഇൻറർ നേഷനലിൽ സ്വാധീനം ചെലുത്തുവാൻ ശ്രമി

ച്ചിട്ടുണ്ടായിരുന്നു". (മാർക്സ് എംഗൽസ് കത്തിടപാടുകൾ) തൊഴിലാളിവർഗ്ഗ സംഘടനകൾ ശക്തിസമ്പാദിച്ച ബ്രിട്ടനിൽ നിന്നു വെറും ട്രെയിഡ് യൂനിയനുകൾ ഉണ്ടാക്കിയാൽ മതിയെന്ന അഭിപ്രായം ഇൻറർനേഷനലിൽ അലയടിച്ചു. സംഘടനയുടെ പ്രസിഡണ്ടായ ഓർഡ്ഗർ ആണ് അവസരവാദപരമായ ഈ ചിന്താഗതി പ്രകടിപ്പിച്ചതു്. അതുപോലെതന്നെ സാഹസികമായ അടവുകൾക്ക് പ്രേരിപ്പിച്ചുകൊണ്ടു് ബ്ലാങ്കിയും (ഫ്രാൻസ്) അരാജവാദചിന്തകൾക്ക് പ്രേരിപ്പിച്ചുകൊണ്ടു് പ്രൌഢൻ (ഫ്രാൻസ്), ബക്കുനിൻ (റഷ്യ) എന്നിവരും, ട്രെയിഡ് യൂനിയൻ സംഘടനയേയും പണിമുടക്കു സമരങ്ങളേയും എതിർത്തുകൊണ്ടുള്ള ലാസ്സേലും (ജർമ്മനി) മുന്നോട്ടുവന്നെങ്കിലും, മാർക്സ് ഇത്തരം ചിന്താഗതികളെ നിരന്തരമായി എതിർത്തുകൊണ്ട് ഇൻറർനേഷനലിനെ ശക്തിപ്പെടുത്തി. ഇതാണ് നിരന്തരമായ ആശയസമരത്തിന്റെ ഒരു രംഗം കൂടിയാണ് ഒന്നാം ഇൻറർനേഷനൽ എന്നു പറയാൻ കാരണം.

പ്രൌഢൻ, ബ്ലാങ്കി, ബക്കുനിൻ, ലാസ്സേൽ തുടങ്ങിയവരെല്ലാംതന്നെ തൊഴിലാളിവർഗ്ഗത്തിന്നു ഒരു രാഷ്ട്രീയപ്പാർട്ടി വേണമെന്ന അഭിപ്രായക്കാരല്ല. തൊഴിലാളികളുടെ ദൈനംദിന സമരങ്ങളിൽ ശ്രദ്ധിക്കാനും ഇവർ കൂട്ടാക്കിയില്ല. പക്ഷെ ഇൻറർനേഷനലിനെ തൊഴിലാളിവർഗ്ഗത്തിന്റെ ഒരു രാഷ്ട്രീയപ്പാർട്ടിയാക്കി ഉയർത്താനാണ് മാർക്സ് ശ്രമിച്ചതു്. അന്നു ജർമ്മനിയിൽ ഒഴികെ മററവിടെയും തൊഴിലാളിവർഗ്ഗത്തിന്നു ദേശീയമായ കേന്ദ്രസംഘടനകൾ ഉണ്ടായിരുന്നില്ല. ഇൻറർനേഷനൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലും ഇൻറർനേഷനലിന്റെ ഭരണഘടനയിലും ഇക്കാര്യം മാർക്സിന്റെ പരിശ്രമഫലമായി ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. പക്ഷെ അരാജവാദികളായ ബക്കുനിൻ കൂട്ടുകാർ ഇതിനെയെല്ലാം ശക്തിയായി എതിർത്തുപോന്നു.

1869-ൽ ബാസൽ സമ്മേളനത്തിൽ വെച്ചാണ് ബക്കുനി ൻെറ ആശയത്തിന്നെതിരായ ശക്തിയായ പോരാട്ടം നടന്നതു്. ഈ സമ്മേളനത്തിലാണ് ജമ്മൻ സോഷ്യൽ ഡമോക്രാററിക്ക് (ലോകത്തിലെ ഒന്നാമത്തെ തൊഴിലാളിവർഗ്ഗപാർട്ടി) പാർട്ടി യുടെ പ്രതിനിധികളും അരാജകവാദിയായ ബക്കുനിനും പങ്കെടു ത്തതു്. ആധുനിക അരാജകവാദത്തിൻെറ പിതാവായ പ്രൌധ ൻെറ ഉത്തമ ശിഷ്യൻകൂടിയായിരുന്നു ബക്കുനിൻ. ഫ്രാൻസിലെ പ്രതിനിധികളുടെ കൂട്ടത്തിൽ ഒരാളായിട്ടാണ് ഇദ്ദേഹം സമ്മേള നത്തിൽ പങ്കെടുത്തതു്. ബക്കുനിൻ ഇൻറർനേഷനലിനെ സ ഹായിക്കാമെന്നു മാർക്സിനോടു വാഗ്ദാനം ചെയ്തിരുന്നെങ്കിലും ഇററലി, സ്പെയിൻ, ഫ്രാൻസ്, സ്വിററ്സർലാണ്ട് എന്നിവിട ങ്ങളിൽ അദ്ദേഹം പ്രത്യേകം സംഘടനകൾ ഉണ്ടാക്കുകയാണ് ചെയ്തതു്. ഈ സംഘടനകളെയെല്ലാം കൂട്ടിയോജിപ്പിച്ച അ ദ്ദേഹം ഒരു പ്രത്യേക കേന്ദ്രസംഘടനയും ഉണ്ടാക്കിയിരുന്നു. ബക്കുനിൻെറ ആശയങ്ങളും തൊഴിലാളിവർഗ്ഗത്തിൻെറ വളച്ചക്കു പററിയതായിരുന്നില്ല. അദ്ദേഹത്തിൻെറ സ്വന്തം സംഘടന യുടെ പ്രഖ്യാപനം ഇതിന്നു തെളിവാണ്. ദൈവത്തിന്നും സ്റ്റേ ററിന്നും എതിരായ യുദ്ധം പ്രഖ്യാപിക്കുക, എല്ലാ മതചടങ്ങുക ളും നിരോധിക്കുക, എല്ലാ വർഗ്ഗങ്ങൾക്കും രാഷ്ട്രീയവും സാമ്പ ത്തികവുമായ തുല്യാവകാശം നല്കുക, പിൻതുടച്ച്വാവകാശം നി രോധിക്കുക, അടിയന്തരലക്ഷ്യം മൂലധനത്തിന്നെതിരായ വിജ യമായി കലാശിക്കുന്ന സമരങ്ങളല്ലാതെ മറെറല്ലാവിധ സമര ങ്ങളും പരിത്യജിക്കുക തുടങ്ങിയവയാണ് ആ പ്രഖ്യാപനത്തിലു ള്ളതു്. ഈ ലക്ഷ്യം സാധിക്കാൻ വിദ്യാത്ഥികൾ, ബുദ്ധിജീവി കൾ, തെണ്ടിവർഗ്ഗങ്ങൾ എന്നിവരെയാണ് ആശ്രയിക്കേണ്ട തെന്നും തൊഴിലാളികൾ യാഥാസ്ഥികരായ പ്രമാണികളാകയാൽ അവരെക്കൊണ്ടു് ഫലമില്ലെന്നുമാണദ്ദേഹം പ്രസ്താവിച്ചതു്.

ബാസൽ സമ്മേളനത്തിൽ മാർക്സിസ്ററുകാരും ബക്കുനിസ്ററുകാരും തമ്മിൽ ഈ പ്രശ്നങ്ങളിൽ വമ്പിച്ച ആശയസംഘട്ടനം നടന്നു. തൽക്കാലം ബക്കുനിസ്ററുകാർ വോട്ടെടുപ്പിൽ ജയിക്കുകയും ചെയ്തു.

1871-ൽ ആണ് സുപ്രസിദ്ധമായ പാരീസ് കമ്യൂൺ ഉദയം ചെയ്തതു്. പാരീസിലെ മാർക്സിസ്റ്റുകാർ അധികാരം പിടിച്ചുപററാൻ ഒരുങ്ങിയിരുന്നില്ല. പുതുതായി ഉടലെടുത്ത ഫ്രഞ്ചു റിപ്പബ്ലിക്കിനെ പെട്ടെന്നു മാററി അധികാരം പിടിച്ചെടുക്കാൻ അന്നത്തെ നിലയിൽ ശ്രമിക്കുന്നതു് സാഹസമാണെന്നു ഇൻറർനേഷനൽവഴി മാർക്സ് അവിടുത്തെ തൊഴിലാളികളെ ഉൽബോധിപ്പിച്ചു. പക്ഷെ ഫലമുണ്ടായില്ല. അതിവേഗം അവിടെ ഒരു കലാപം പൊട്ടിപ്പുറപ്പെട്ടു. കലാപം തുടങ്ങിയതോടെ മാർക്സിസ്റ്റുകാർ അതിൽ സജീവമായി പ്രവർത്തിക്കുകയും മാർക്സ് ആ ശ്രമത്തെ മുക്തകണ്ഠം പുകഴ്ത്തുകയും ഉണ്ടായി. ഇൻറർനേഷനൽ കമ്യൂണിൻെറ നിലനില്പിന്നു് കഴിയുന്ന സഹായങ്ങളും എല്ലാം നൽകി ഇൻറർനേഷനലിൻെറ പേരിൽ കമ്യൂണിനെ സഹായിക്കാൻ കാറൽമാർക്സ് ചെയ്ത ഹൃദയംഗമമായ അഭ്യർത്ഥനയാണ് "ഫ്രാൻസിലെ അഭ്യന്തരയുദ്ധം" എന്ന വിശ്രുതമായ ഗ്രന്ഥം. കമ്യൂൺ 72 ദിവസമേ ജീവിച്ചുള്ളവെങ്കിലും മഹത്തായ പാഠമാണ് അതു തൊഴിലാളിവർഗ്ഗത്തിന്നു നൽകിയതു്. തൊഴിലാളിവർഗ്ഗത്തിന്നു ഒരു പാർട്ടിയോ പരിപാടിയോ ഇല്ലാത്തതാണ് കമ്യൂണിൻെറ പരാജയത്തിന്നുള്ള മൌലികകാരണം. വിപ്ലവത്തെ മററുസ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കാനൊ ഗവർമ്മെണ്ട് തലവന്മാരെ അറസ്റ്റ് ചെയ്യാനൊ കമ്യൂൺ പ്രവർത്തകർക്ക് സാധിച്ചില്ല. അതോടെ ഫ്രഞ്ചുഗവർമ്മെണ്ടിന്നു സമയവും സൌകര്യവും കിട്ടുകയും കമ്യൂണിനെ രക്തത്തിൽ ആഴ്ത്താൻ സാധിക്കുകയും ചെയ്തു. തൊഴിലാളിവർഗ്ഗത്തിന്നു രാഷ്ട്രീയപ്പാർട്ടി വേണ്ടു

നും പെട്ടെന്നുണ്ടാകുന്ന കലാപംകൊണ്ടു് മാററങ്ങളുണ്ടാക്കാമെന്നുമുള്ള ബക്കുനിൻെറ അശാസ്ത്രീയ ചിന്തക്കു കനത്ത പ്രഹരമാണ് കമ്യൂണിൻെറ അനുഭവം നൽകിയതു്.

കമ്യൂണിൻെറ പതനത്തോടെ ഇൻറർ നേഷനലിൻെറ പ്രവത്തനങ്ങളെ കശനമായി തടയുകയും അതിൻെറ പ്രവത്തകന്മാരെ കൂട്ടത്തോടെ അറസ്റ്റു് ചെയ്യുകയുമാണ് ഫ്രാൻസ്, സ്പെയിൻ, ഇററലി, ബൽജിയം എന്നിവിടങ്ങളിലെ ഗവമ്മേണ്ടുകഠം ചെയ്തതു. ഇൻറർ നേഷനലിന്നകത്തും പുറത്തും ഉള്ള ബക്കുനിസ്റ്റു് കാരുടെ ഛിദ്രപ്രവത്തനങ്ങളും ഈ ഘട്ടത്തിൽ മുറുകിവന്നു. ഇംഗ്ലണ്ടിലെ മിതവാദികളും ജമ്മനിയിലെ ലാസ്സേൽ ഗ്രൂപ്പും (മിതവാദികഠം) ഭിന്നിച്ചുനിന്നതും ഈ ഘട്ടത്തിൽതന്നെയാണ്.

1872-ൽ ഹേഗിൽവെച്ചു ചേൻന 5-ാംസമ്മേളനം ഒന്നാം ഇൻറർ നേഷനലിൻെറ ചരിത്രത്തിൽ പ്രാമുഖ്യമർഹിക്കുന്നതാണ്. ബക്കുനിസ്റ്റു്കാരും മാർക്സിസ്റ്റു്കാരും തമ്മിലുള്ള സമരം ഈ സമ്മേളനത്തിൽ അത്യധികം മൂർഛിച്ചു. ഒരു സ്വതന്ത്ര രാഷ്ട്രീയ പാർട്ടിയായി തൊഴിലാളിവഗ്ഗം സംഘടിച്ചുവെന്നാൽ മാത്രമേ വർഗ്ഗശക്തികഠംക്കെതിരായി പോരാടാനും വിജയം വരിക്കാനും സാധിക്കയുള്ളുവെന്ന പ്രമേയം മാർക്സിസ്റ്റു്കാർ ഈ സമ്മേളനത്തിൽ അവതരിപ്പിച്ചതോടെ വമ്പിച്ച ആശയസംഘട്ടനമുണ്ടാക്കി. ബക്കുനിസ്റ്റു്കാരും ബ്ലാങ്കിസ്റ്റു്കാരും ഒരുപോലെ ഈ പ്രമേയത്തെ എതിത്തെങ്കിലും പ്രമേയം പാസ്സാവുകയാണുണ്ടായതു്. ഇതുപോലെതന്നെ ഇൻറർ നേഷനലിൻെറ തലസ്ഥാനം അമേരിക്കയിൽ ന്യൂയോക്കിലാക്കേണമെന്ന ഏംഗൽസിൻെറ പ്രമേയത്തേയും ബക്കുനിസ്റ്റു്കാർ എതിത്തു. ബക്കുനിസ്റ്റു്കാർ കയ്യടക്കി അവരുടെ തെററായ ആശയങ്ങഠം പ്രചരിപ്പിക്കുവാൻ ഇൻറർ നേഷനലിനെ ഉപയോഗിച്ചേക്കുമെങ്കിൽ വള

ന്നുവരുന്ന തൊഴിലാളിപ്രസ്ഥാനത്തിന്നതൊരാപത്താകുമായിരു
ന്നു. അതാണ് ഈ സ്ഥലമാററത്തിന്നു മാർക്സിനേയും എംഗൽ
സിനേയും പ്രേരിപ്പിച്ച മുഖ്യകാരണം. യൂറോപ്പിലെ പല രാജ്യ
ങ്ങളിലുമുള്ള നിയമവിരുദ്ധനിലയും ഈ മാററത്തിന്നുള്ള കാര
ണമാണ്.

ഹേഗ്സമ്മേളനത്തിന്നു മുമ്പുതന്നെ അരാജകവാദികൾ അ
വരുടെ ഒരു സ്വന്തം ഇൻറർനേഷനൽ ഉണ്ടാക്കിയിരുന്നുവല്ലോ.
തന്നിമിത്തം ഹേഗ്സമ്മേളനത്തിൻെറ തീരുമാനത്തെ വകവെ
ക്കാതെ സ്വിററ്സർലാണ്ടിൽ അവർ സ്വന്തമായൊരു സമ്മേള
നം സംഘടിപ്പിച്ചു. 1872 സപ്തമ്പറിലാണ് ഇതു് നടന്നതു്.
ഹേഗ് സമ്മേളനത്തിൻെറ തീരുമാനങ്ങളെ റദ്ദ്ചെയ്യുകയും
ബക്കുനിൻെറ രാഷ്ട്രീയാദർശങ്ങൾക്കനുസരിച്ചു പരിപാടികൾ
ഉണ്ടാക്കുകയുമാണ് ഈ സമ്മേളനം ചെയ്തതു്. 1872മുതൽ 1877
വരെ മാത്രമേ ഈ സംഘടന നിലനിന്നുള്ളു അതോടെ അതു തക
ന്നുപോയി. വർഗ്ഗസമരത്തിലും തൊഴിലാളിവർഗ്ഗത്തിലും വിശ്വ
സിക്കാതിരിക്കുക, അടിയന്തരാവശ്യങ്ങൾക്കുള്ള സമരങ്ങളെ പു
ഛിക്കുക, രാഷ്ട്രീയപാർട്ടി വേണ്ടെന്നുവെക്കുക, തനിയെ
പൊട്ടിപ്പുറപ്പെടുന്ന പ്രസ്ഥാനങ്ങൾ മതിയെന്നു കരുതുക, തൊ
ഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം ആവശ്യമില്ലെന്ന് പ്ര
ഖ്യാപിക്കുക, സ്റ്റേററിൻെറ വർഗ്ഗസ്വഭാവം കാണാതിരിക്കുക
തുടങ്ങിയ അടിസ്ഥാനപരമായ പോരായ്മകൾ കൊണ്ടാണ്
അരാജകവാദികളുടെ ഈ സംഘടന തകർന്നുപോയതു്.

1872 മുതൽ 1876 വരെ ന്യൂയോക്ക് തലസ്ഥാനമാക്കി
യിട്ടാണ് പിന്നീട് ഇൻറർനേഷനൽ പ്രവർത്തിച്ചതു്. 1874
മുതൽ ഈ സംഘടനകളിൽ ഭിന്നിപ്പുകാരുടെ ശ്രമംമൂലം കുഴ
പ്പം കൂടുതൽ ബാധിച്ചു. ഒടുക്കം 1876 ജൂലായി 15-ാംനു-

ഫിലാഡൽഫിയയിൽ ചേൎന്ന സമ്മേളനത്തിൽവെച്ച് ഇൻററ്‍നേഷനൽ പിരിച്ചുവിടേണ്ടിവന്നു. പിരിഞ്ഞുപോകുമ്പോഴും ആ സംഘടന അംഗീകരിച്ച പ്രഖ്യാപനത്തിൽ, ലോകത്തിലെ തൊഴിലാളികൾ കൂടുതൽ ശക്തിമത്തായി സംഘടിച്ചുവരുമെന്നും ഇൻററ്‍നേഷനലിൻെറ ആശയം അതിന്നവൎക്ക് മാൎഗ്ഗദൎശനം നൽകുമെന്നും പ്രസ്താവിക്കയുണ്ടായി.

അമേരിക്കയിലേയും പോളണ്ടിലേയും സ്വാതന്ത്ര്യസമരങ്ങളേയും, വോട്ടവകാശത്തിന്നുവേണ്ടിയുള്ള ബ്രിട്ടനിലെ തൊഴിലാവൎഗ്ഗത്തിൻെറ സമരത്തേയും, ഫ്രാൻസിൽ നടന്ന നിരവധി വിപ്ലവപ്പോരാട്ടങ്ങളേയും സഹായിച്ചതു് ഇൻററ്‍നേഷനലായിരുന്നു. ഇതിന്നു പുറമെ ശാസ്ത്രീയമായ തൊഴിലാളിവൎഗ്ഗപ്പാൎട്ടിക്കുവേണ്ട അടിസ്ഥാനമിട്ടതും, അരാജകവാദം തുടങ്ങിയ അശാസ്ത്രീയ ചിന്തകളെ തൊഴിലാളിരംഗത്തിൽനിന്നു എതിൎത്തു തോല്പിച്ചതും ഇൻററ്‍നേഷനലിൻെറ വിജയമാണ്. തൊഴിലാളിവൎഗ്ഗത്തിനിടയിൽ സാൎവ്വദേശീയബോധം വളൎത്തിയെന്നതാണ് ഇൻററ്‍നേഷനലിൻെറ പരമപ്രധാനമായ വിജയം.

# രണ്ടാം ഇൻററർ നേഷനൽ

1889 ജൂലായി 14-ാംനു- പാരീസിൽ ചേർന്ന ഒരു സമ്മേളനത്തിൽ വെച്ചാണ് രണ്ടാം ഇൻററർനേഷനാൽ രൂപീകരിച്ചതു്– ഒന്നാം ഇൻററർ നേഷനൽ പിരിച്ചുവിട്ടു 13 കൊല്ലം കഴിഞ്ഞ ശേഷമെന്നർത്ഥം. ഈ ഇടക്കാലത്തു് നടന്ന ചില പ്രധാനസംഭവങ്ങൾകൂടി ഒന്നോടിച്ചു പരിശോധിക്കുന്നതാവശ്യമാണ്. പ്രധാനമായും നാലു കാർയ്യങ്ങളാണ് എടുത്തുപറയത്തക്കവണ്ണം ഈ ഘട്ടത്തിൽ നടന്നതു്.

ഒന്നാമത്തെ കാർയ്യം, മുതലാളിത്തത്തിൻെറ സ്വഭാവത്തിന്നു വന്നുചേർന്ന മാററമാണ്. 1870 മുതൽ 1900 വരെയുള്ള കൊല്ലങ്ങൾക്കിടയിലാണ് സാമ്രാജ്യത്വം പൂർണ്ണരൂപം കൈക്കൊണ്ടതെങ്കിലും, മുതലാളിത്തം കുത്തകസമ്പ്രദായമായി വളർന്നതും സാമ്രാജ്യത്വമായി രൂപാന്തരപ്പെടാൻ തുടങ്ങിയതും ഈ ഇടക്കാലത്താണ്. ഇടവിട്ടിടവിട്ട സാമ്പത്തികക്കുഴപ്പങ്ങളും തൊഴിലില്ലായ്മയും ഉണ്ടായെങ്കിലും വ്യാവസായികവികസനം അത്യധികം ഉച്ചനിലയിലേക്കുയർന്നതും ഈ ഘട്ടത്തിൽതന്നെയാണ്. സാമ്രാജ്യത്വത്തിന്നു ലെനിൻ നൽകിയ നിർവ്വചനത്തിൽ അഞ്ചു ലക്ഷണങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതു്.

1. ഉല്പാദനവും മൂലധനവും കേന്ദ്രീകരിച്ചുകൊണ്ടുള്ള കുത്ത-

കക്കമ്പനികൾ ആവിർഭവിക്കയും, സാമ്പത്തികരംഗത്തിൽ അതു പ്രാബല്യം സമ്പാദിക്കയും ചെയ്യുക.

2. ബാങ്ക് മൂലധനവും വ്യാവസായിക മൂലധനവും പരസ്പരം ലയിച്ചു ഫിനാൻസ് ക്യാപിററൽ എന്നറിയപ്പെടുന്ന ഒരു മൂലധന നീരാളിപിടുത്തം ഉടലെടുക്കുക.

3. കൊളനികളിലേക്കു ചരക്കുകൾ കയററി അയക്കുന്നതിൽനിന്നു വ്യത്യാസപ്പെട്ടു, മൂലധനം കയററി അയച്ചു നിക്ഷേപിക്കുക എന്ന നിലയുണ്ടാക്കുക.

4. സാർവ്വദേശീയമായ കുത്തകക്കമ്പനികൾ ഉണ്ടാവുകയും അവ ലോകത്തെ പങ്കിട്ടെടുക്കുകയും ചെയ്യുക.

5. വൻകിട മുതലാളിത്തരാഷ്ട്രങ്ങൾ ലോകത്തെ ഭാഗിച്ചു ഓഹരിവെച്ചു കഴിയുക.

ഇതാണ് ആധുനിക കാലഘട്ടത്തിലെ സാമ്രാജ്യത്വം. ഈ വിധത്തിലുള്ള മാററത്തിൻെറ ആവിർഭാവങ്ങൾ പ്രത്യക്ഷപ്പെട്ടതു മേൽപറഞ്ഞ ഇടക്കാലത്താണ്.

രണ്ടാമത്തെ കാര്യം, തൊഴിലാളിയൂനിയനുകളുടേയും തൊഴിലാളിപ്പാർട്ടികളുടേയും (അന്നു സോഷ്യലിസ്റ്റ്പാർട്ടികൾ എന്നാണറിഞ്ഞിരുന്നതു്) അഭൂതപൂർവ്വമായ വളർച്ചയാണ്. വിശ്രുതമായ പല പണിമുടക്കങ്ങളും ഈയവസരത്തിൽ നടന്നു. 8 മണിക്കൂർ ആയി പ്രവൃത്തിസമയം നിജപ്പെടുത്തേണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള 1886-ലെ അമേരിക്കയിലെ പണിമുടക്കം, 1889-ലെ ഇംഗ്ലണ്ടിലെ തുറമുഖത്തൊഴിലാളികളുടെ സമരം എന്നിവ ഇതിന്നുദാഹരണമാണ്.

1869-ൽ ജമ്മനിയിലും, 1870-ൽ ഹോളണ്ടിലും, 1871-ൽ ഡൻമാർക്കിലും, 1876-ൽ അമേരിക്കയിലും, 1879-ൽ ഫ്രാൻസിലും, 1872 ൽ ബൊഹേമ്യയിലും, 1883-ൽ നോർവ്വെയിലും, 1880-ൽ ഇംഗ്ലണ്ടിലും സോഷ്യലിസ്റ്റ് പാർട്ടികൾ ഉത്ഭവിച്ചുവെന്നതും ശ്രദ്ധേയമാണ്. ഇങ്ങനെ സോഷ്യലിസ്റ്റാശയത്തിന്നു ഈ ഘട്ടത്തിൽ ഗണ്യമായ പ്രാബല്യം സിദ്ധിച്ചു.

മൂന്നാമത്തെ കാര്യം ആശയപരമായി വളരെ പ്രധാനപ്പെട്ട ഒന്നാണ്. 1875 മെയി 25-ാംനു ജർമ്മനിയിലെ മാർക്സിസ്റ്റ്കാരും, മിതവാദികളായ ലാസ്സേൽ ഗ്രൂപ്പുംകൂടി ഗോഥാ എന്നിടത്തുവെച്ചു ഒരു ഒത്തുതീർപ്പുണ്ടാക്കയും, ഒരു പൊതുപരിപാടി രൂപീകരിക്കയും, ഏകീകൃതപാർട്ടിയുണ്ടാക്കുകയുമുണ്ടായി. ഗോഥാപരിപാടി എന്ന പേരിലറിയപ്പെടുന്ന ഇതു ശാസ്ത്രീയ സോഷ്യലിസത്തിന്റെ തത്വങ്ങളെ ബലികഴിച്ചുകൊണ്ടാണെന്നു കാണിച്ചുകൊണ്ട് മാർക്സ് നടത്തിയ വിമർശനമാണ് പരമപ്രധാനമായ അക്കാര്യം. എട്ടു മണിക്കൂർ പ്രവൃത്തി എന്ന ആവശ്യം ആ പരിപാടിയിൽ ഉൾക്കൊള്ളിച്ചില്ല. ഗവർമ്മെണ്ടിന്റെ സഹായത്തോടുകൂടിയുള്ള കോപ്പറേറ്റീവുകൾ മുഖാന്തിരം സാമൂഹ്യപ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാമെന്നു നിർദ്ദേശിച്ചു. കൂലി വർദ്ധിപ്പിച്ചാൽ വില വർദ്ധിക്കുമെന്ന ആശയംപോലും ആ പരിപാടിയിൽ നിഴലിക്കയുണ്ടായി. ഈ കാലഘട്ടത്തിൽ തന്നെയാണു ഡ്യൂറിങ്ങ് എന്ന ഒരു പ്രൊഫസർ സോഷ്യലിസ്റ്റാശയത്തെ ആസകലം തിരുത്തിയെഴുതിക്കൊണ്ട് ഒരു ഗ്രന്ഥം ഉണ്ടാക്കിയതു്. ഏംഗൽസ് ഈ ഗ്രന്ഥത്തെ അക്ഷരംപ്രതി ഖണ്ഡിച്ചുകൊണ്ട് ആന്റി ഡ്യൂറിങ്ങ് എന്ന അതിമഹത്തായ ഒരു മാർക്സിസ്റ്റ് ഗ്രന്ഥം ഇതിന്നു മറുപടിയായി പ്രസിദ്ധംചെയ്തു. ഈ രണ്ടു താത്വിക ഗ്രന്ഥങ്ങളും—മാർക്സിന്റെ ഗോഥാ പരിപാടി

യുടെ വിമർശനവും ഏംഗൽസിൻെറ ആൻറി ഡൂറിങ്ങും—ഇന്നും പ്രമാണപ്പെട്ട മാർക്സിസ്റ്റ് ഗ്രന്ഥങ്ങളാണ്.

അവസാനത്തെ കാര്യം, കാറൽ മാർക്സിൻെറ ദേഹവിയോഗമാണ്. 1883 മാർച്ച് 14–ാംനു-യാണ് തൊഴിലാളിവർഗ്ഗത്തെ മുഴവൻ ദുഃഖത്തിലാഴ്ത്തിയ ആ സംഭവം നടന്നത്. ഇതോടുകൂടി ഏംഗൽസ് മാത്രമായി അന്നത്തെ സോഷ്യലിസ്റ്റ് ചിന്താഗതികൾക്കും പാർട്ടികൾക്കും നേതൃത്വം നൽകാൻ.

## രണ്ടാം ഇൻറർ നേഷനലിൻെറ ആദ്യകാലം

പ്രഥമഘട്ടത്തിൽ ഇൻറർ നേഷനലിനെ നയിച്ചിരുന്നത് മാർക്സിസ്റ്റ്കാരായിരുന്നു. പാരീസിൽ ചേർന്ന ഒന്നാമത്തെ സമ്മേളനം അതു തെളിയിച്ചു. അന്നു ധാരാളം മാർക്സിസ്റ്റ്കാരടങ്ങിയ ജർമ്മൻ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിയാണ് ഇൻറർ നേഷനലിൻെറ നേതൃത്വത്തിലുണ്ടായിരുന്നത്. പക്ഷെ അതിവേഗം സ്ഥിതിയാകെ മാറി. ഒന്നാം ഇൻറർ നേഷനലിൽ ഇടതുപക്ഷത്തുനിന്നുള്ള 'ഘോര വിപ്ലവ'കാരികളുടെ തിക്കാണുണ്ടായതെങ്കിൽ, രണ്ടാം ഇൻറർ നേഷനലിൽ വലതുപക്ഷക്കാരായ മിതവാദികളുടെ ഭിന്നിപ്പും എതിർപ്പുമാണുണ്ടായതു്. ഇതിന്നു പ്രധാനമായും രണ്ടു കാരണങ്ങൾ കാണാം. സാമ്രാജ്യത്വത്തിൽ നിന്നു കിട്ടിയ ചില്ലറ സൌജന്യത്താൽ തൃപ്തിപ്പെട്ട ഒരു വിഭാഗം വിദഗ്ദ്ധത്തൊഴിലാളികളും അവരുടേതായ ഒരുദ്യോഗസ്ഥ മേധാവിത്വവും ട്രെയിഡ് യൂനിയനുകളിൽ വളന്നുവന്നു. രണ്ടാമതായി, ഇടത്തരക്കാരായ ബുദ്ധിജീവികൾ സോഷ്യലിസ്റ്റ് പാർട്ടികളുടെ നേതാക്കന്മാരായി പാർട്ടിപ്രവത്തനം ഒരു തൊഴിലാക്കിമാററാൻ ഉത്സാഹിച്ചു. ഇതിൻെറ ഫലം സോഷ്യലിസത്തിൽ വെള്ളം ക്കുട്ടാൻ ഇടയായി എന്നതാണ്. ഒന്നാം കോൺ

ഗ്രസ്സിൽവെച്ച (1889 ജൂലായി), മെയ് 1 ാംനു- മെയ്ദിനമായികൊണ്ടാടേണമെന്നു തീരുമാനിച്ചതിനെ രണ്ടും മൂന്നും സമ്മേളനങ്ങളിൽ മിതവാദികഠം എതിക്കുകയുണ്ടായി. മേയ് 1–ാംനു- ഒഴിവുദിനമല്ലെങ്കിൽ അന്നു് ആ ദിനം കൊണ്ടാടുന്നതു പണിമുടക്കങ്ങഠക്കും പ്രകടനങ്ങഠക്കും ഇടയാക്കുമെന്ന കാരണത്താലാണവർ എതിത്തതു്. മെയ് ഒന്നാമത്തെ ആഴ്ചയിലെ ഞായറാഴ്ച ദിവസം മെയ്ദിനമായി കൊണ്ടാടിയാൽ മതിയെന്നാണവരുടെ അഭിപ്രായം. അതിൽ മിതവാദികഠം ജയിച്ചു. അവരുടെ മിതവാദത്തിന്നു മററൊരുദാഹരണംകൂടി കാണിക്കാം. 'ഫ്രാൻസിലെ വർഗ്ഗസമരങ്ങഠം' എന്ന മാർക്സിൻെറ ഗ്രന്ഥത്തിനു് ഏംഗൽസ് എഴുതിയ ഒരു മുഖവുരയിൽ, പീരങ്കിസേനകഠം ഉള്ള ഈ ഘട്ടത്തിൽ തെരുവീഥികളിൽനിന്നുള്ള സായുധ സമരങ്ങഠം നടത്താൻ മേലിൽ ജനങ്ങഠക്കു വിഷമമുണ്ടെന്നു പ്രസ്താവിച്ചിരുന്നു. ഈ വാചകത്തെ വളച്ചൊടിച്ചു, സായുധസമരത്തിന്നു മേലിൽ വിപ്ലവത്തിൽ സ്ഥാനമില്ലെന്നാണ് ഏംഗൽസിൻെറ അഭിപ്രായമെന്നു പറഞ്ഞു മിതവാദികളായവർ ഒരു വ്യാജപ്രചാരവേല നടത്തി. ഏംഗൽസ് ഉടനെതന്നെ ഈ അസത്യ പ്രചരണത്തെ എതിത്തു. ഇങ്ങനെ പല കാൎയ്യങ്ങളിലും മിതവാദികഠം അവരുടെ സ്വന്തം ശബ്ദമുയത്തുകയുണ്ടായി. 1895–ൽ ഏംഗൽസ് നിര്യാതനായതോടെ, തിരുത്തിയെഴുത്തൽവാദക്കാരും മിതവാദികളും ആയവക്കു തങ്ങളുടെ ഇഷ്ടംപോലെ എന്തും പ്രചരിപ്പിക്കുവാനുള്ള അവസരവും കിട്ടി.

## മില്ലറാണ്ടും ബേൺസ്റ്റീനും

മിതവാദികളുടെ നേതൃത്വം വഹിച്ചിരുന്നതു ഫ്രാൻസിലെ മില്ലാറാണ്ടും ജമ്മനിയിലെ എഡ്വേർഡ് ബേൺസ്റ്റീനുമായിരുന്നു. മില്ലറാണ്ട് സ്വന്തം പാർട്ടിയുമായി ആലോചിക്കുകകൂടി ചെ

യ്യാതെ അന്നത്തെ ഫ്രഞ്ചുബൂഷ്വാ ഗവമ്മേണ്ടിൽ ഒരു മന്ത്രിസ്ഥാനം സ്വീകരിച്ചു. പാരീസ് കമ്യൂണിനെ ചോരയിലാഴ്ത്തിയ ഗാലിഫെറാറും ഇദ്ദേഹത്തിൻെറകൂടെ മന്ത്രിസഭയിലുണ്ടായിരുന്നു. മില്ലറാണ്ട് അധികാരത്തിൽ പ്രവേശിച്ച ഉടനെത്തന്നെ മാർട്ടിനിക്ക്, ഷാലോൺ എന്നീ രണ്ടു പട്ടണങ്ങളിലുണ്ടായ പണിമുടക്കത്തിൽ അദ്ദേഹത്തിൻെറ മന്ത്രിസഭ നിരവധി തൊഴിലാളികളെ വെടിവെച്ചു വീഴ്ത്തി. 1900–മാണ്ടിൽ പാരീസിൽവെച്ചു ചേൎന്ന ഇൻെറർനേഷനൽ സമ്മേളനത്തിൽ ഇക്കാൎയ്യങ്ങളെല്ലാം അതിരൂക്ഷമായ വിമൎശനത്തിന്നു വിധേയമായി. 1904–ൽ ആംസ്റ്റർഡാമിൽ ചേൎന്ന സമ്മേളനത്തിൽവെച്ചാണ് മറെറാരു മിതവാദിനേതാവായ ബേൺസ്റ്റീനിന്നെതിരായ വിമൎശനങ്ങൾ ഉയൎന്നതു്. ഇദ്ദേഹം ജൎമ്മൻപാർട്ടിയിലെ ഒരംഗമായിരുന്നു. മാർക്സിസം മുഴുവൻ തിരുത്തിയെഴുതണമെന്നായിരുന്നു ഇദ്ദേഹത്തിൻെറ അഭിപ്രായം. മിച്ചവില, വൎഗ്ഗസമരം, മൂലധനത്തിൻെറ കേന്ദ്രീകരണം, സാപേക്ഷികമായും കേവലമായുമുള്ള തൊഴിലാളിവൎഗ്ഗത്തിൻെറ ജീവിതനിലവാരത്തിന്നുള്ള ഇടിച്ചൽ, തുടങ്ങിയ മാർക്സിൻെറ കാതലായ പല സിദ്ധാന്തങ്ങളേയും അദ്ദേഹം പരസ്യമായെതിൎത്തു. തൊഴിലാളിവൎഗ്ഗത്തിൻെറ സൎവ്വാധിപത്യത്തെ ആക്ഷേപിച്ചുകൊണ്ടദ്ദേഹം, വിപ്ലവംതന്നെ അനാവശ്യവും അസംബന്ധവുമാണെന്നു വാദിച്ചു. ഇംഗ്ലണ്ടിലെ ഫാബിയൻ സോഷ്യലിസ്റ്റ്കാർ പ്രചരിപ്പിച്ചപോലെ, ക്രമേണക്രമേണ മുതലാളിത്തം സോഷ്യലിസമായി രൂപാന്തരപ്പെടുമെന്നാണ് ഈ മനുഷ്യൻ ഉന്നയിച്ച പുതിയ തിയറി.

ഇദ്ദേഹത്തിന്നു മിക്ക രാജ്യങ്ങളിലും അനുയായികളുണ്ടായിരുന്നു. അവിടെയെല്ലാംതന്നെ ഈ തിരുത്തിയെഴുതൽവാദികൾക്കെതിരായ സുശക്തമായ ഒരെതിർപക്ഷവുമുണ്ടായി. ജൎമ്മ

നിയിൽ ബേൺസ്റ്റിന്നെതിരായി ബെബൽ, കാറൽ കാട്സ്കി, ലക്സംബഗ്ഗ് എന്നിവരും, ഇംഗ്ലണ്ടിൽ മാക്ക് ഡോനാൾഡിന്നും ഹെൻഡേർസന്നും എതിരായി ഹിൻഡ്മാനും, റഷ്യയിൽ മാർട്ടോവിന്നെതിരായി ലെനിനും പ്ലേക്കനോവും നടത്തിയ സമരങ്ങൾ തിരുത്തിയെഴുതൽവാദത്തിന്നെതിരായ സമരമായിരുന്നു.

## ലെനിനും ബോൾഷെവിക്ക് പാട്ടിയും

1903–ൽ ലണ്ടനിൽവെച്ച് ചേൎന്ന റഷ്യൻ സോഷ്യൽ ഡമോക്രാററിക്ക് പാട്ടിയുടെ സമ്മേളനത്തിൽ വെച്ചാണ് മാർട്ടോവ്‌വിഭാഗത്തെ (മിതവാദികൾ) ലെനിൻ തോല്പിച്ചതു. ലെനിൻ ആ സമ്മേളനത്തിന്നു മുമ്പുതന്നെ മാർക്സിസ്റ്റാശയപ്രചരണം പാട്ടിഅണികളിൽ സംഘടിപ്പിച്ചിരുന്നു. "എന്തുചെയ്യണം" എന്ന ഒരു ലഘുലേഖ ഇതിന്നായിക്കൊണ്ടാണു ലെനിൻ എഴുതിയതു. ശാസ്ത്രീയ സോഷ്യലിസ്റ്റ് ചിന്താഗതികൾ തൊഴിലാളിവൎഗ്ഗത്തെ പഠിപ്പിക്കാൻ ഇസ്ക്ര (തീപ്പൊരി) എന്ന ഒരു പത്രവും അദ്ദേഹം നടത്തി. ലണ്ടൻ സമ്മേളനത്തിൽ അവതരിപ്പിച്ച പരിപാടിയിൽ 'തൊഴിലാളിവൎഗ്ഗത്തിന്റെ സൎവ്വാധിപത്യം' എന്ന ഇനം വന്നപ്പോൾ മാർട്ടോവുഗ്രൂപ്പുകാർ അതിനെ എതിൎത്തു. കൃഷിക്കാരുടെ ആവശ്യങ്ങളേയും, ദേശീയ ജനവിഭാഗങ്ങളുടേയും അടിമരാജ്യങ്ങളുടേയും സ്വയംനിൎണ്ണയാവകാശത്തെയും അവർ എതിൎക്കുകയുണ്ടായി. പാർട്ടി ഭരണഘടനയെക്കുറിച്ചുള്ള സംഘട്ടനമാണ് ആ സമ്മേളനത്തിൽ നടന്ന മറെറാരു പ്രധാന ഇനം. പണം തരുന്നവരെയും അനുഭാവികളെയുംകൂടി മെമ്പർമാരായി ചേൎക്കണമെന്നാണ് മാർട്ടോവിന്റെയും ട്രോട്സ്കിയുടേയും അഭിപ്രായം. ലെനിനും കൂട്ടുകാരും ഇതിനെ ശക്തിയായെതിൎത്തു. അടിസ്ഥാനപരമായ ഒരു ഘടകത്തിലിരുന്നു പാർട്ടിപ്രവൎത്തനം നടത്തുന്നവരും ധനസഹായം ചെയ്യുന്നവരും പരിപാടി സ്വീ

കരിച്ചവരുമായവരെ മാത്രമേ പാർട്ടിയിൽ ചേക്കാൻ പാടുള്ളുവെന്നാണ് ലെനിൻ വാദിച്ചത്. ലെനിൻെറ അഭിപ്രായഗതി കഠംമുഴവൻ സമ്മേളനം സ്വീകരിച്ചില്ലെങ്കിലും, പുതിയൊരു പരിപാടിയോടുകൂടിയ പുതിയൊരു പാർട്ടിയുടെ അടിസ്ഥാനം ആ സമ്മേളനം ഉണ്ടാക്കി.

## യുദ്ധവും ഇൻറർ നേഷനലിൻെറ തകച്ചയും

1914 ജൂലായി 28–ാംനു- ആസ്ത്രിയ സർബിയയെ ആക്രമിച്ചതോടെ ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചു. ഇതിൻെറ ക്രൂരതകഠം അവണ്ണനീയമാണ്. ഒരു കോടി പട്ടാളക്കാർ ഈ യുദ്ധത്തിൽ മരിച്ചു; രണ്ടു കോടി പട്ടാളക്കാർ അംഗഭംഗം വന്നവരായിത്തീന്നു; അരക്കോടി സ്ത്രീകഠം വിധവകളായി കഷ്ടപ്പെട്ടു; ഒരു കോടി പിഞ്ചുകിടാങ്ങഠം അനാഥരായി നരകിച്ചു; 15000ത്തിലധികം കോടി ഉറപ്പികയുടെ നാശനഷ്ടങ്ങളും വന്നുചേൻറു. ഇതാണായുദ്ധം മനുഷ്യസമുദായത്തിനു വരുത്തിത്തീത്ത നാശം. കോളനികഠം വെട്ടിപ്പിടിക്കാൻവേണ്ടി സാമ്രാജ്യവാദികഠം പരസ്പരം നടത്തിയ ഈ യുദ്ധത്തെ 'മാതൃഭൂമിയെ സംരക്ഷിക്കുക' എന്ന പേരിൽ രണ്ടാം ഇൻറർ നേഷനലിൽപ്പെട്ട മിതവാദികഠം അനുകൂലിക്കയും സഹായിക്കയുമാണ് ചെയ്തതു്. അതാണാസംഘടനതന്നെ തകന്നുപോകാനുള്ള കാരണം.

ആദ്യം ഒരു മാർക്സിസ്റ്റ്കാരനും പിന്നീട് തനി മിതവാദിയുമായി മാറിയ രണ്ടാം ഇൻറർ നേഷനലിൻെറ പ്രധാന താത്വികോപദേശകനായ ക്ലോട്സ്കി ഇപ്രകാരമാണ് ഒടുവിൽ പറഞ്ഞതു്, "ഇന്നത്തെ യുദ്ധം രണ്ടാം ഇൻറർ നേഷനലിൻെറ പരിമിതി നമുക്കു കാട്ടിത്തന്നു; ഈ യുദ്ധത്തിൽ ഏകീകൃതമായ ഒരു നിലപാടു് സോഷ്യലിസ്റ്റാശയമുള്ള തൊഴിലാളിവർഗ്ഗത്തിനു് ഇ

ൻറർ നേഷനൽ നൽകുമെന്നു് നാം ഊഹിക്കുമെങ്കിൽ നാം സ്വയം വഞ്ചിക്കയാണു് ചെയ്യുന്നതു്. അത്തരമുള്ള ഏകീകൃതമായ സമീപനരീതി ചുരുക്കം ചില പ്രത്യേക സംഗതികളിൽ മാത്രമേ സാധിക്കയുള്ളു. ലോകമഹായുദ്ധം സോഷ്യലിസ്റ്റുകാരെ പല കേമ്പുകളായി ചേരിതിരിച്ചിരിക്കുന്നു. ഇൻറർ നേഷനലിന്നു അതിനെ തടുക്കാൻ സാദ്ധ്യമല്ല." ഇതാണു് യുദ്ധകാലത്തു നടന്നതും. യുദ്ധം പൊട്ടിപ്പുറപ്പെട്ടതിൻെറ ഏഴാമത്തെ ദിവസം ജർമ്മൻ സോഷ്യൽ ഡമോക്രാററിക്കു് പാർട്ടി അവിടത്തെ പാർലിമെൻറിൽവെച്ചു യുദ്ധത്തെ സഹായിക്കാമെന്നേററു. ആസ്ത്രിയ, ഫ്രാൻസു്, ഇംഗ്ലണ്ടു്, ബൽജിയം തുടങ്ങിയ യുദ്ധത്തിലേപ്പെട്ട രാജ്യങ്ങളിലെ പാർട്ടികളെല്ലാം ഇതേ നിലതന്നെ സ്വീകരിച്ചു. റഷ്യ, സർബിയ, കനഡ, ആസ്ത്രിയ, ന്യൂസിലാണ്ടു് എന്നിവിടങ്ങളിലെ പാർട്ടികൾ മാത്രമാണു് ഈ ചതിക്കൊരുങ്ങാതിരുന്നതു്.

യുദ്ധം പൊട്ടിപ്പുറപ്പെടുമ്പോൾ ഇൻറർ നേഷനലുമായി ബന്ധപ്പെട്ട പാർട്ടികൾ 27 എണ്ണമാണു്. ഇതിലെ പ്രധാന പാട്ടികളിലെല്ലാം നേതൃത്വം വഹിച്ചതു വലതുപക്ഷ മിതവാദികളായിരുന്നു. 1910-ൽ കോപ്പൻഹാഗനിൽവെച്ചും, 1912-ൽ ബാസൽ എന്നിടത്തുവെച്ചും സാമ്രാജ്യത്വയുദ്ധത്തെ എതിക്കാൻ ഇൻറർ നേഷനൽ തീരുമാനിച്ചിരുന്നെങ്കിലും, യുദ്ധം ഉണ്ടായ ഉടനെ മിതവാദികൾ ആ തീരുമാനത്തെ ലംഘിച്ചു സ്വന്തം സ്വന്തം നാട്ടിലെ സാമ്രാജ്യത്വ ഗവമ്മേണ്ടുകളെ പിന്താങ്ങി. ഇൻറർ നേഷനലിലെ വിപ്ലവകാരികളായ ഇടതുപക്ഷം അന്നു വളരെ ബലഹീനമായ നിലയിലായിരുന്നു. ഈ ഇടതുപക്ഷത്തിൽതന്നെ മൂന്നു വിഭാഗക്കാരുണ്ടായിരുന്നു. ലാററിൻ അമേരിക്ക, ജമ്മനി, എന്നിവിടെയുള്ള സിണ്ടിക്കൽ ടെയിഡ്യുനി

യൻകാരും അരാജകവാദികളുമായിരുന്നു ഒരു വിഭാഗം. റോസാ ലക്സംബർഗ്ഗ്, ലിബ്നെക്ട്, ക്ലാറ സെററ്കിൻ, മെഹറിങ്ങ്, വില്യം ഫീക്ക് (അന്നു തികഞ്ഞ കമ്യൂണിസ്റ്റായിരുന്നില്ല) എന്നിവരാണ് രണ്ടാമത്തെ വിഭാഗം. ഇവർ പൂർണ്ണമായ മാർക്സിസ്റ്റ്കാരല്ലെങ്കിലും ഏറക്കുറെ മാർക്സിസസത്തോടടുത്തവരാണ്. മൂന്നാമത്തെ ശക്തി, ലെനിൻെറ നേതൃത്വത്തിലുള്ള ബോൾഷെവിക്ക് പാർട്ടിയാണ്. 1912-ൽ പ്രാഗിൽവെച്ച മിതവാദികളായ മെൻഷവിക്കുകാരെ പുറത്താക്കി സ്വതന്ത്രമായ നിലയിൽ അപ്പോഴേക്കും ബോൾഷെവിക്കുപാർട്ടി ഉടലെടുത്തുകഴിഞ്ഞിരുന്നു.

ഇങ്ങനെ, ആരംഭത്തിൽ മാർക്സിസ്റ്റ് ആശയത്തോടെയാണ് ഉടലെടുത്തതെങ്കിലും ഒടുവിൽ മിതവാദികളുടെ പ്രവർത്തനഫലമായി രണ്ടാം ഇൻറർ നേഷനൽ തകർന്നു. മുതലാളിത്തം സാമ്രാജ്യത്വമായി വികസിച്ച ഒരു കാലഘട്ടമായിരുന്നു ഇതു്. ഇതിൻഫലമായി ഒരു വിഭാഗം മിതവാദികളുടെ നേതൃത്വം വളർന്നുവരികയും, അവസരവാദം തലയുയർത്തുകയുമുണ്ടായി. ലെനിൻ ഇക്കാര്യത്തെക്കുറിച്ചു ഇങ്ങിനെയാണ് പ്രസ്താവിച്ചതു്, "ഇക്കഴിഞ്ഞ ചരിത്രത്തിൻെറ ഒരു പ്രത്യേക ഘട്ടത്തിൽ ഉടലെടുത്ത അവസരവാദത്തിൻെറ തകർച്ചയാണ് രണ്ടാം ഇൻറർ നേഷനലിൻെറ തകർച്ചയിൽ കാണുന്നതു്". രണ്ടാം ഇൻറർ നേഷനലിനു യാതൊരു നേട്ടവും ഇല്ലെന്നല്ല ഇതിൻെറ അർത്ഥം. ലെനിൻ ഇപ്രകാരമാണ് അക്കാര്യം ചൂണ്ടിക്കാണിച്ചതു്, "19-ാം നൂററാണ്ടിൻെറ അന്ത്യത്തിലും 20-ാം നൂററാണ്ടിൻെറ ആരംഭത്തിലും മുതലാളിത്തത്തിൻെറ ക്രൂരമായ അടിമത്തം വളർന്ന ഘട്ടത്തിൽ, ആ നീണ്ടുനിന്ന സമാധാനപരമായ ഘട്ടത്തിൽ, തൊഴിലാളിവർഗ്ഗത്തിൻെറ പ്രാഥമിക സംഘടനകളുടെ പ്രാരംഭജോലികൾ നിർവ്വഹിക്കുന്നതിൽ രണ്ടാം ഇൻറർ നേഷനൽ അതിൻെറ പങ്ക്

പൂർണ്ണമായി വഹിച്ചിട്ടുണ്ടു്". ഇതാണതിന്റെ ചരിത്രപരമായ മേന്മ. ഒന്നാം ഇൻറർ നേഷനൽ പശ്ചിമയൂറോപ്പിനപ്പുറം അത്ര വികസിച്ചിരുന്നില്ലെങ്കിലും രണ്ടാം ഇൻറർ നേഷനൽ യൂറോപ്പിലാകെയും അമേരിക്കയിലും അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കയുണ്ടായി. ഇങ്ങിനെ ചില നേട്ടങ്ങൾ അതിനുണ്ടെങ്കിലും മാർക്സിസത്തെ പരിത്യജിച്ചതിനാൽ അതു നാശമടയുകയാണുണ്ടായതു്.

# മൂന്നാം ഇൻററർ നേഷനൽ

1917 ഏപ്രിൽ 3-ാംനു-യാണ് സ്വിററ്സർ ലാണ്ടിൽ നിന്നു ലെനിൻ റഷ്യയിലേക്കു തിരിച്ചെത്തിയതു്. റഷ്യയിലെ ഒന്നാമത്തെ വിപ്ലവം—ബൂർഷ്വാവിപ്ലവം—കഴിഞ്ഞതയുടനെയാണിതു്. വന്ന ഉടനെ, ഭാവിയിൽ റഷ്യൻ തൊഴിലാളിവൎഗ്ഗം എന്തുചെയ്യേണമെന്ന കാൎയ്യത്തെക്കുറിച്ച് അതിവിദശധമായ നിലയിൽ ലെനിൻ തയ്യാറാക്കിയ ഒരു രേഖയാണ് റഷ്യയിലെ വിപ്ലവപ്രസ്ഥാനത്തെ തുടൎന്നു നയിച്ചതു്. ഏപ്രിൽ തിസിസ്സ് എന്നാണ് ഈ രേഖയുടെ പേര്. അന്നു റഷ്യയിൽ അധികാരത്തിലുണ്ടായ കെറൻസ്കി ഗവൎമ്മേണ്ടു ബൂർഷ്വാഗവൎമ്മേണ്ടാണെന്നും, ആ ഗവൎമ്മേണ്ടു നടത്തുന്ന യുദ്ധം സാമ്രാജ്യത്വ യുദ്ധമാണെന്നും, തൊഴിലാളിവൎഗ്ഗത്തിന്നതിൽ താല്പൎയ്യമില്ലെന്നും, ഈ ഗവൎമ്മേണ്ടിനെ മാററി ഒരു സോഷ്യലിസ്റ്റ് ഗവൎമ്മേണ്ടുണ്ടാക്കുകയാണ് വേണ്ടതെന്നും എത്രയും ലളിതമായ നിലയിൽ ആ രേഖയിൽ വിവരിച്ചു. പാർലിമെണ്ടറി ഡമോക്രാററിക്ക് റിപ്പബ്ലിക്ക് തൊഴിലാളിവർഗ്ഗത്തിന്റെ സൎവ്വാധിപത്യത്തിന്നു് പററിയതല്ലെന്നും, സോവിയററ് റിപ്പബ്ലിക്കാണ് വേണ്ടതെന്നും ലെനിൻ അതിൽ ചൂണ്ടിക്കാണിച്ചു. പാരീസ് കമ്യൂണിൻേറയും 1905ലെ റഷ്യൻവിപ്ലവത്തിൻേറയും മാതൃകയും അനുഭവങ്ങളും ഉദ്ധരിച്ചുകൊണ്ടാണ് അതിപ്രധാനമായ ഈ തീരുമാനത്തിൽ ലെനിൻ എത്തി

ച്ചേന്നതു്. സോഷ്യൽ ഡമോക്രാററിക്ക്പാർട്ടി എന്ന പേർ മാററി കമ്യൂണിസ്റ്റ്പാർട്ടി എന്ന പേരിൽ മേലിൽ റഷ്യൻപാർട്ടി പ്രവത്തിക്കേണമെന്നും, കമ്യൂണിസ്റ്റ്പാർട്ടികളുടേതായ ഒരു ഇൻറർനേഷനൽ ഉടൻ സ്ഥാപിക്കേണമെന്നും അതേ തീസിസ്സിൽ ലെനിൻ ആവശ്യപ്പെടുകയുണ്ടായി.

നവമ്പർ വിപ്ലവവും അതിനെത്തുടൻ യൂറോപ്പിലുണ്ടായ സംഭവവികാസങ്ങളും ഇങ്ങനെ കമ്യൂണിസ്റ്റ് ഇൻറർനേഷനൽ ഉണ്ടാക്കാൻ വഴിതെളിയിച്ചു. 1917 നവമ്പർ 7–ാംനു യാണ് റഷ്യയിൽ തൊഴിലാളിവർഗ്ഗം ലെനിൻെറയും കമ്യൂണിസ്റ്റ് പാട്ടിയുടെയും നേതൃത്വത്തിൽ അധികാരത്തിൽ വന്നതു്. നവമ്പർ 8–ാംനു-തന്നെ രണ്ട് വിളംബരങ്ങൾ പുതിയ ഗവമ്മേണ്ട് പ്രഖ്യാപിച്ചു. ഒന്നാമത്തെ വിളംബരം ഉടൻ യുദ്ധം നിത്തി സമധാനം പാലിക്കാനും, രണ്ടാമത്തെ വിളംബരം പ്രതിഫലം നൽകാതെ ജന്മിത്വം അവസാനിപ്പിച്ചു ഭൂമി കൃഷിക്കാർക്കു നൽകാനുമായിരുന്നു. ഇതു രണ്ടും പുതിയ ഗവമ്മേണ്ടിൻെറ നിലനില്പിന്നും വളർച്ചക്കും അത്യധികം സഹായിച്ചു. 40 കോടി ഏക്ര ഭൂമിയാണ് കൃഷിക്കാർക്കു ഈ വിളംബരം അനുസരിച്ചു വിതരണം ചെയ്തതു്. 1918ൽ ചേന്ന 3-ാം അഖില റഷ്യൻ സോവിയററ് കോൺഗ്രസ്സിൽവെച്ചാണ് വ്യവസായങ്ങളും ഖനികളും ബാങ്കുകളും ദേശവൽകരിച്ചുകൊണ്ടുള്ള പ്രമേയമംഗീകരിച്ചതെങ്കിലും, അധികാരത്തിൽ വന്ന നാലാം ദിവസംതന്നെ തൊഴിലാളികളുടെ പ്രവൃത്തിസമയം 8 മണിക്കൂറാക്കി ചുരുക്കിക്കൊണ്ടുള്ള കല്പന പുറപ്പെടുവിച്ചിരുന്നു.

റഷ്യയിലെ ഈ മഹത്തായ മാററങ്ങൾ ലോകത്തെയാകെ ആകഷിച്ചു. 1918 നവമ്പർ 7–ാംനു- ബവേറിയയിലും നവമ്പർ 10-ാംനു- ബർല്ലിനിലും സോവിയററ് ഗവമ്മേണ്ടുകൾ

ഉണ്ടാക്കാൻ അവിടുത്തെ തൊഴിലാളി വൎഗ്ഗത്തിന്നു സാധിച്ചു. 1918 നവമ്പർ 16-ാംനു- ഹങ്കറിയിലും ഒരു സോവിയററ് ഗവൎമ്മേണ്ടുണ്ടായി. പക്ഷെ ഈ പുതിയ ഗവൎമ്മേണ്ടുകാം എല്ലാം തന്നെ അതാതിടത്തെ സോഷ്യൽ ഡമോക്രാററുകളുടെ വഞ്ചനയുടെ ഫലമായി അധികകാലം നിലനിന്നില്ല.

## കോമിൻടേണിൻെറ ഉത്ഭവം.

രണ്ടാം ഇൻറർ നേഷനൽ പാത്തിവിട്ട പുകച്ചുരുളിൻെറ മദ്ധ്യത്തിൽനിന്നു മാർക്സിസത്തെ വീണ്ടെടുക്കാനും, സാമ്രാജ്യത്വയുഗത്തിന്നനുസരിച്ച ആ മഹത്തായ ആയുധത്തിന്നു മൂർച്ച കൂട്ടാനും ലെനിൻ നടത്തിയ പരിശ്രമങ്ങാം അത്ഭുതകരമായിരുന്നു. ആ പരിശ്രമങ്ങളുടെ വിജയമാണ് കോമിൻടേൺ എന്നറിയപ്പെടുന്ന കമ്യൂണിസ്റ്റ് ഇൻറർ നേഷനലിൻെറ സ്ഥാപനം.

കോമിൻടേൺ യോഗം വിളിച്ചുകൂട്ടിയതു റഷ്യ, പോളണ്ട്, ഹങ്കറി, ജൎമ്മനി, ആസ്ത്രിയ, ഫിൻലാണ്ട്, ലററ്ലാണ്ട് എന്നിവിടങ്ങളിലെ പാർട്ടികളും, ബാാംക്കൻ റവല്യൂഷ്യനറി സോഷ്യലിസ്റ്റ് ഫെഡറേഷൻ എന്ന സംഘടനയും കൂടിയാണ്. വിളിച്ചുകൂട്ടിയവരുടെ കൂട്ടത്തിൽ അമേരിക്കൻ സോഷ്യലിസ്റ്റ് ലേബർ പാർട്ടി പ്രതിനിധിയായ മി: റെയിൻസ്റ്റെയിനും പങ്കാളിയായിരുന്നു. അങ്ങനെ ഒന്നാമത്തെ യോഗം 1919 മാർച്ച് 2 മുതൽ 6 വരെ തീയ്യതികളിൽ മോസ്കോവിൽവെച്ചു ചേർന്നു. 19 പാർട്ടികളുടെയും ഗ്രൂപ്പുകളുടെയും പ്രതിനിധികാം ഈ സമ്മേളനത്തിൽ പങ്കെടുത്തിട്ടുണ്ട്,

ആറു പ്രധാന കാൎയ്യങ്ങളാണു സമ്മേളനത്തിൻെറ അജണ്ടയിലുണ്ടായിരുന്നതു്. റിപ്പോർട്ട് അവതരണം, കമ്യൂണിസ്റ്റ് ഇൻറർ

നേഷനലിൻെറ പരിപാടി, ബൂഷ്വാജനാധിപത്യവും തൊഴിലാളി വർഗ്ഗത്തിൻെറ സർവ്വാധിപത്യവും, സോഷ്യലിസ്റ്റ് പാർട്ടിയുടെ നേരെയുള്ള നിലപാട്, സാർവ്വദേശീയസ്ഥിതിയുടെ നിരൂപണം, കമ്മിററിയിലേക്കുള്ള തിരഞ്ഞെടുപ്പ് ഇവയാണ് വിഷയങ്ങൾ.

സമ്മേളനം അതിപ്രധാനമായ രണ്ടു രേഖകളാണ് ലോകത്തിന്നു പ്രദാനം ചെയ്തതു്. ഒന്നു, കോമിൻടേണിൻെറ പരിപാടിയും (1928ൽ ചേർന്ന 6-ാം സമ്മേളനംവരെയുള്ള പരിപാടി) മറെറാന്നു തൊഴിലാളി വർഗ്ഗത്തിൻെറ സർവ്വാധിപത്യത്തെക്കുറിച്ചുള്ള ലെനിൻെറ തീസിസ്സും. മുതലാളിത്തത്തിൻെറ തകർച്ച ആരംഭിച്ചുവെന്നും, തൊഴിലാളി വിപ്ലവത്തിൻെറയും അടിമരാജ്യങ്ങളിലെ ദേശീയ വിമോചന സമരങ്ങളുടെയും കാലഘട്ടം തുടങ്ങിയെന്നും, തൊഴിലാളിവർഗ്ഗ പാർട്ടികൾ സ്ഥാപിച്ചും ഉള്ളവയെ ശക്തിപ്പെടുത്തിയും ഈ പുതിയ കാലഘട്ടത്തെ നേരിടേണമെന്നുമാണ് ആ പരിപാടിയിൽ പ്രസ്താവിച്ചതു്. ബൂഷ്വാജനാധിപത്യം, യഥാർത്ഥ ജനാധിപത്യമാണെന്ന സോഷ്യൽ ഡമോക്രാററുകാരുടെ (രണ്ടാം ഇൻറർ നേഷനലിൻെറ പിൻഗാമികൾ) വാദങ്ങളുടെ മറനീക്കിക്കൊണ്ടും, സോവിയററ് സമ്പ്രദായത്തിൻെറ മെച്ചം കാണിച്ചുകൊണ്ടുമുള്ളതായിരുന്നു ലെനിൻെറ തീസിസ്സ്. ഈ രണ്ടു രേഖയും അംഗീകരിച്ചശേഷം, ഓരോ രാജ്യത്തിലേയും ഓരോ പ്രതിനിധിയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കോമിൻടേൺ എക്സിക്യൂട്ടീവും, ലെനിൻ, റാക്കോവസ്കി, സിനോവീവ്, ട്രോ്സ്കി, പ്ലാററൺ എന്നീ അഞ്ചുപേരടങ്ങിയ ഒരു ബ്യൂറോവും രൂപീകരിച്ചു സമ്മേളനം അവസാനിച്ചു.

## 1920 മുതൽ 1928 വരെ.

1920 മുതൽ 1928 വരെയുള്ള 8 കൊല്ലത്തിനിടയിൽ കോമിൻടേണിൻെറ 4 സമ്പൂർണ്ണ സമ്മേളനങ്ങൾ (കോൺഗ്രസ്സ്)

ചേർന്നിട്ടുണ്ട്. ഇതിലെല്ലാം അതാതു കാലത്തെ സാർവ്വദേശീയ സ്ഥിതിയെക്കുറിച്ചും ഓരോ ദേശീയപാർട്ടികളം അവലംബി ക്കേണ്ട പൊതു നിലയെക്കുറിച്ചും തീവ്രമായ ചർച്ചകൾ നടക്കുകയുമുണ്ടായി.

1920 ജൂലായിലാണ് രണ്ടാം സമ്മേളനം ചേർന്നതു്. ഇതിനിടയിൽ ഇററലി, നോർവ്വെ, ബാംഗേറിയ, ഗ്രീസ്, സ്വീഡൺ, അമേരിക്ക, ബ്രിട്ടൻ, സ്പെയിൻ, ഫ്രാൻസ് എന്നിവിടങ്ങളിലെ സോഷ്യലിസ്റ്റ് പാർട്ടികൾ കോമിൻടേണിനെ സ്വാഗതം ചെയ്യുകയും അതിൽ ചേരാൻ അപേക്ഷിക്കുകയുമുണ്ടായി. രണ്ടാം സമ്മേളനത്തിൽ 35 രാജ്യങ്ങളിൽനിന്നായി 42 പാർട്ടികളും ഗ്രൂപ്പുകളും വിഭാഗങ്ങളും പങ്കെടുത്തിരുന്നു. കൂടുതൽ പാർട്ടികൾ ചേരാൻ അപേക്ഷ അയക്കുകയും ചെയ്തു.

ആ നിലക്ക് സ്വാഭാവികമായും, ഏതുതരം പാർട്ടികളെ, ഏതെല്ലാം നിബന്ധനകളിൽ കോമിൻടേണിൽ ചേർക്കാമെന്ന പ്രശ്നം ഉയർന്നുവന്നു. ഇതു സംബന്ധിച്ച 21 കാര്യങ്ങൾ അടങ്ങിയ ഒരു പ്രമേയം ലെനിൻെറ നിർദ്ദേശമനുസരിച്ച രണ്ടാം സമ്മേളനം അംഗീകരിച്ചു. അതിവിടെ സംക്ഷേപിച്ചു ചേർക്കുന്നു: എല്ലാ ദേശീയ പാർട്ടികളേയും കമ്യൂണിസ്റ്റ് പാർട്ടി എന്നറിയപ്പെടണം, ഓരോ പാർട്ടിക്കും ഇൻറർനേഷനലിൻെറ അനുവാദത്തോടെ ഓരോ പരിപാടി ഉണ്ടായിരിക്കണം, സംഘടനയുടെ തത്വം ജനാധിപത്യ കേന്ദ്രീകരണമാകണം, മിതവാദത്തെ പാർട്ടിയിൽനിന്നും നിഷ്കാസനം ചെയ്യുകയും മിതവാദികളെ പുറംതള്ളുകയും വേണം, സാമ്രാജ്യത്വത്തെ എതിർക്കണം, സോവിയററ് യൂനിയനെ സാമ്രാജ്യത്വത്തിൻെറ എതിർപ്പിൽനിന്നു രക്ഷിക്കാൻ സഹായിക്കണം, സ്വതന്ത്രവും പാർട്ടിയുടെ കീഴിലുള്ളതുമായ ഒരു പ്രസ്സുണ്ടാകണം, കമ്യൂണി

സ്റ്റ് ഇൻറർനേഷനലിൻെറ പ്രമേയങ്ങളും പ്രസ്താവനകളും ഓരോ ദേശീയ പാർട്ടിയുടെയും പത്രത്തിൽ പ്രസിദ്ധപ്പെടുത്തണം, എന്നു തുടങ്ങിയവയാണ് ഈ 21 ഇനപ്പരിപാടി. ഈ നിബന്ധനവന്നതോടെ മിതവാദികൾക്കും, മദ്ധ്യത്തിൽനിന്നു ആടികളിക്കുന്നവർക്കും, സ്വന്തം ഇഷ്ടമനുസരിച്ചു പാർട്ടികളെ അലമ്പലാദിസംഘടനയാക്കിമാററാൻ തരപ്പെടാതായി. കമ്യൂണിസ്റ്റ് പാർട്ടികളെ സുശക്തമാക്കിത്തീർക്കാനും തത്വദീക്ഷയുള്ളവയാക്കി വളർത്താനും ഇതു സഹായകമാവുകയും ചെയ്തു.

ഈ സമ്മേളനത്തിൽ ലെനിൻ ചെയ്ത ഏററവും വലിയൊരു കാര്യം ഇടതുപക്ഷവ്യതിയാനങ്ങളെ തിരുത്താനുള്ള താത്വികവും ആശയപരവുമായ സമരമായിരുന്നു. പുതുതായി ഉയർന്നുവന്ന കമ്യൂണിസ്റ്റ് പാർട്ടികളിലും ഗ്രൂപ്പിലും ഇടതുപക്ഷ സാഹസിക വാസനകൾ ധാരാളമന്നുണ്ടായിരുന്നു. സമ്മേളനത്തിനു 3മാസം മുമ്പുതന്നെ ലെനിൻ തൻെറ പ്രസിദ്ധമായ "ഇടതുപക്ഷ കമ്യൂണിസം ഒരു ബാലാരിഷ്ട്" എന്ന ഗ്രന്ഥം പ്രസിദ്ധം ചെയ്തു. ജനങ്ങളുടെ ബോധവും ഹൃദയവും ആരാഞ്ഞു നിരന്തരമായ ബഹുജന പ്രവൎത്തനം നടത്തി അവരെ വിപ്ലവത്തിൻെറ ഭാഗത്തേക്കാകൎഷിക്കുന്നതിനുപകരം കുറുക്കുവഴിയിൽ ആരായുകയാണ് ഇടതുപക്ഷ വ്യതിയാനക്കാർ ചെയ്തതു്. പാർല്ലിമെണ്ടിനെ പൂർണ്ണമായി ബഹിഷ്കരിക്കുക, മിതവാദികളുടെ ട്രെയിഡ് യൂനിയനെ ബഹിഷ്കരിക്കുക, രാഷ്ട്രീയപ്രശ്നങ്ങളെ സങ്കുചിതമായി സമീപിക്കുക തുടങ്ങിയ രൂപത്തിലാണ് ഈ വ്യതിയാനം അന്നു പ്രകടമായതു്. രണ്ടാം കോൺഗ്രസ്സിൽ ലെനിൻ അവതരിപ്പിച്ച തീസിസ്സ് ഇത്തരം കുറവുകളെ പരിഹരിക്കുന്നതിനു സഹായകമായി.

കോളനികളിലെ ദേശീയ വിമോചന സമരങ്ങളെ സഹായിക്കാനുള്ള തീരുമാനമാണ് രണ്ടാം കോൺഗ്രസ്സിലെ അതിപ്ര

ധാനമായ ഇനം. ഇക്കാര്യത്തിലും ലെനിൻ ഉന്നയിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സമ്മേളനം അംഗീകരിച്ചു. കോളനികളിലെ വിമോചനസമരവും, സാമ്രാജ്യത്വ രാജ്യങ്ങളിലെ തൊഴിലാളികളുടെ സമരവും കോർത്തിണക്കിക്കൊണ്ടു പോകേണമെന്നാണ് സമ്മേളനം നിശ്ചയിച്ചതു്. ഈ പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ 1920ൽ ബാക്കുവിൽവെച്ച് കോളനി ജനതയുടെ രാഷ്ട്രീയ പ്രതിനിധികളുടെ ഒരു സമ്മേളനം ചേർന്നു. 37 രാജ്യങ്ങളിൽ നിന്നായി 1891 പ്രതിനിധികൾ ആ സമ്മേളനത്തിൽ പങ്കെടുത്തു. ചൈന, ഇന്ത്യ, തുർക്കി, പേർഷ്യ മുതലായ രാജ്യങ്ങളിൽനിന്നെല്ലാം പ്രതിനിധികൾ ഉണ്ടായിരുന്നു. ഈ സമ്മേളനത്തിൽവെച്ച് 47 പേരടങ്ങുന്ന ഒരു കൌൺസിൽ രൂപീകരിക്കയും, "കിഴക്കൻ നാട്ടിലെ ജനങ്ങൾ" എന്ന ഒരു പത്രം നടത്താൻ തീരുമാനിക്കയുമുണ്ടായി. 1921ൽ മോസ്ക്കോവിൽ സ്ഥാപിച്ച 'പൂർവ്വദേശ സർവ്വകലാശാല' കോളനികളിലെ അനേകായിരം സ്വാതന്ത്ര്യ ഭടന്മാർക്കു പരിശീലനം നൽകുകയുമുണ്ടായി.

ഇതിൻെറയെല്ലാം ഫലമായി കിഴക്കൻ രാജ്യങ്ങളിൽ കമ്യൂണിസ്റ്റ് പാർട്ടികൾ ഉണ്ടാവാൻ ഇടയായി. 1918ൽ തുർക്കിയിലും, 1920ൽ ഇന്തോനേഷ്യയിലും, 1921ൽ ചൈനയിലും, 1922ൽ ഇന്ത്യയിലും, 1922ൽ ജാപ്പാനിലും, 1923ൽ പലസ്തീനിലും, 1924-ൽ ബർമ്മയിലും, 1925ൽ മലയയിലും, 1930ൽ ഇന്തോചീനയിലും, 1931ൽ ഫിലിപ്പൈൻസിലും കമ്യൂണിസ്റ്റ് പാർട്ടികൾ ഉടലെടുത്തു. രണ്ടാം ഇൻറർ നേഷനലിലെ മിതവാദികൾ സാമ്രാജ്യത്വത്തിൻെറ കോളനിനയം ശരിവെച്ചെങ്കിൽ മൂന്നാം ഇൻറർ നേഷനൽ കോളനി ജനതയുടെ സ്വാതന്ത്ര്യത്തിന്നു വഴിതെളിയിച്ചു-ഇതാണ് പ്രധാന വ്യത്യാസം.

## ഐക്യമുന്നണിയുടെ ആവിർഭാവം.

1922 ഡിസമ്പറിലാണ് നാലാം കോമിൻടേൺ സമ്മേളനം ചേർന്നതു്. അതിൻെറ തലേത്തെ കൊല്ലം ചേർന്ന മൂന്നാം സമ്മേളനം ഇററലിയിലെ ഫാഷിസത്തിൻെറ വരവിൻെറയും സെൻററിസ്റ്റുകഠം (മാർക്സിസത്തിൻെറയും മിതവാദത്തിൻെറയും നടുക്കു് നില്ക്കുന്നവർ) രൂപീകരിച്ച "2½ ഇൻറർനേഷനൽ" എന്നറിയപ്പെടുന്ന ഭിന്നിപ്പിക്കൽ ശ്രമത്തിൻെറയും പശ്ചാത്തലം പരിശോധിച്ചു കൂടുതൽ ബഹുജനങ്ങളിൽ ഇറങ്ങിച്ചെന്നു കമ്യൂണിസ്റ്റു് പാർട്ടികളെയും തൊഴിലാളിവർഗ്ഗത്തിൻെറ ഇതര സംഘടനകളേയും ശക്തിപ്പെടുത്താൻ ആഹ്വാനം ചെയ്തിരുന്നു. നാലം സമ്മേളനമാകുമ്പോഴേക്കും സ്ഥിതിയാകെ മാറി. തൊഴിലാളിവർഗ്ഗത്തിൻെറ ഐക്യം എങ്ങനെ ഉണ്ടാക്കാമെന്നതായിരുന്നു ഈ സമ്മേളനത്തിലെ ചിന്താവിഷയം. പല പേരും പറഞ്ഞു തൊഴിലാളികഠം ഭിന്നനിലയിൽ സംഘടിക്കപ്പെട്ടതിനാൽ സാമ്രാജ്യവാദികഠക്കു അങ്ങേഅററത്തെ മർദ്ദനമഴിച്ചുവിടാൻ സൌകര്യം കിട്ടി. തൊഴിലാളികളുടെ ജീവിതനിലവാരം ഇടിച്ചുതാഴ്ത്തി തങ്ങളുടെ മടിശ്ശീല അവർ തടിപ്പിച്ചു. ഈ ഘട്ടത്തിലാണ് ലെനിൻ ഐക്യമുന്നണിയുടെ സന്ദേശവുമായി സമ്മേളനത്തിൽ ഹാജരായതു്. ലെനിൻ പങ്കെടുത്ത ഒടുക്കത്തെ സമ്മേളനമായിരുന്നു അതു്.

സാമ്രാജ്യവാദികളുടെ പ്രത്യാക്രമണത്തിനെതിരായി സോഷ്യൽ ഡമോക്രാററുകാരും മററുള്ളവരുമായി ഒത്തുചേർന്നു രാഷ്ട്രീയ സാമ്പത്തികപ്രശ്നങ്ങളിൽ പരിഹാരം കാണാൻ സമരം ചെയ്യേണമെന്നാണ് അന്നു ലെനിൻ നിർദ്ദേശിച്ചതു്. ഫ്രാൻസ്, ജർമ്മനി, ചെക്കോസ്ലാവാക്യ എന്നിവിടങ്ങളിൽ ഇത്തരം ഒത്തുചേർന്ന

ള്ള സമരങ്ങൾ നടക്കുകയും ചെയ്തു. അടിയിൽനിന്നുള്ള ഈ ഐക്യമുന്നണിപ്രവർത്തനം, ഐക്യമുന്നണി ഗവർമ്മേണ്ടിന്റേതായ പ്രശ്നം ഉന്നയിച്ചു. നാലാം കോൺഗ്രസ്സ് ലെനിന്റെ സാന്നിദ്ധ്യത്തിൽ ഇക്കാര്യത്തിൽ ചില വ്യക്തമായ തീരുമാനങ്ങൾ എടുക്കുകയുണ്ടായി. ആ തീരുമാനം ചുവടെ ചേർക്കുന്നു.:—

"കമ്യൂണിസ്റ്റ് ഇൻറർനേഷനൽ താഴെപ്പറയുന്ന സാദ്ധ്യതയുണ്ടെന്നു പ്രതീക്ഷിക്കണം.

1. ആസ്ത്രേലിയയിൽ ഇന്നുള്ളപോലെ ഒരു ലിബറൽ വർക്കേർസ് ഗവർമ്മേണ്ടു ബ്രിട്ടനിൽ അടുത്ത ഭാവിയിൽ രൂപീകരിച്ചേക്കാം.

2. ജർമ്മനിയിൽ ഒരു സോഷ്യൽ ഡമോക്രാററിക്ക് ഗവർമ്മേണ്ടുണ്ടാകാം.

3. ബാൾക്കൻ രാജ്യങ്ങളിലും ചെക്കോസ്ലാവാക്യയിലും കൃഷിക്കാരുടേയും തൊഴിലാളികളുടേയും ഗവർമ്മേണ്ടിന്നു സാദ്ധ്യതയുണ്ട്.

4. കമ്യൂണിസ്റ്റ്കാർ പങ്കെടുക്കുന്ന ഒരു തൊഴിലാളിവർഗ്ഗ ഗവർമ്മേണ്ട് ഉണ്ടാകാം.

5. കമ്യൂണിസ്റ്റ്കാർ മാത്രമുള്ള ഒരു യഥാർത്ഥ തൊഴിലാളിവർഗ്ഗ ഗവർമ്മേണ്ട് വന്നേക്കും. ആദ്യത്തെ രണ്ടും വിപ്ലവപരമായ തൊഴിലാളിവർഗ്ഗഗവർമ്മേണ്ടുകൾ അല്ല. അവ ബൂർഷ്വാസിയും എതിർവിപ്ലവകാരികളുംകൂടി ഉണ്ടാക്കിയ കൂട്ടുഗവർമ്മേണ്ടാണ്. ആ കൂട്ടുസ്വഭാവം അവർ മറച്ചുവെക്കുന്നുമുണ്ട്. അത്തരം ഗവർമ്മേണ്ടുകളെ സ്വന്തം ബലക്ഷയം നിമിത്തം ബൂർഷ്വാസി വെച്ചു പൊറുപ്പി

ക്കം സ്റ്റേറ്റിൻെറ വർഗ്ഗസ്വഭാവം മറച്ചുപിടിച്ചു തൊഴിലാളികളെ പററിക്കാൻ തന്നിമിത്തം അവർക്കു സാധിക്കുന്നു.

ഇതു തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവപരമായ മുന്നേററത്തെ തടയാനും, സമയം കിട്ടാനും ബൂർഷ്വാസിയെ സഹായിക്കയും ചെയ്യുന്നു. അത്തരം ഗവമ്മേണ്ടിൽ കമ്യൂണിസ്റ്റ്കാൎക്ക് പങ്കെടുക്കാൻ സാദ്ധ്യമല്ല. അവർ നേരെമറിച്ചു ആ സ്റ്റേററിൻെറ വർഗ്ഗസ്വഭാവം തുറന്നുകാട്ടണം.

തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം അംഗീകരിച്ചു കഴിഞ്ഞിട്ടില്ലാത്ത, സോഷ്യൽ ഡമോക്രാററുകാം, ക്രിസ്ത്യൻ സോഷ്യലിസ്റ്റ്കാർ, സിണ്ടിക്കാലിസ്റ്റ്കാർ, ഒരു പാർട്ടിയിലും ഇല്ലാത്തവർ എന്നീ വിഭാഗം തൊഴിലാളികളുമായി കമ്യൂണിസ്റ്റ്കാർ പൊതുകാര്യത്തിന്നുവേണ്ടി യോജിച്ചു പ്രവർത്തിക്കും, അതിന്നവർ സന്നദ്ധരാണ്; ചില പ്രത്യേക ചുററുപാടിൽ, ചില പ്രത്യേക നിബന്ധനകളുടെ അടിസ്ഥാനത്തിൽ, കമ്യൂണിസ്റ്റ്കാർ, കമ്യൂണിസ്റ്റ്കാരില്ലാത്ത തൊഴിലാളിഗവമ്മേണ്ടുകളെ അനുകൂലിക്കാൻ തയ്യാറുമാണ്. അതേ സമയംതന്നെ ബൂർഷ്വാസിയെ എതിർക്കാതെ യഥാർത്ഥമായ ഒരു തൊഴിലാളിവർഗ്ഗ ഭരണം വരില്ലെന്നു കമ്യൂണിസ്റ്റ്കാർ ജനങ്ങളോടു പറയുകയും ചെയ്യും.

കമ്യൂണിസ്റ്റ്കാർ പങ്കെടുക്കുന്ന ഗവമ്മേണ്ട് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യഗവമ്മേണ്ടല്ലെന്നോക്കണം, സർവ്വാധിപത്യം സ്ഥാപിക്കാനുള്ള ചരിത്രപരമായതും ഒഴിച്ചുകൂടാത്തതുമായ ഒരിടക്കാലരൂപവുമല്ല. അത്തരം ഗവമ്മേണ്ടുകാം രൂപീകരിച്ചാൽ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിലേക്കു നീങ്ങാനുള്ള പ്രാരംഭമായവയെ ഉപയോഗപ്പെടുത്തേക്കും. കമ്യൂണിസ്റ്റ്കാർ മാത്രമുള്ള

തൊഴിലാളികളുടെ ഗവമ്മേണ്ടാണ് തൊഴിലാളിവർഗ്ഗ സവ്വാധിപത്യത്തിൻെറ പൂണ്ണരൂപം." (ഇൻറർ നേഷനലിൻെറ ചരിത്രം ഫോസ്റ്റർഭാഗം 333–334) ഇതാണ് കോമിൻടേണിൻെറ കാഴ്ചപ്പാട്.

ഐക്യമുന്നണിക്ക വേണ്ടുന്ന പ്രവത്തനവും ഇൻറർ നേഷനൽ നടത്തുകയുണ്ടായി. 1922 ഏപ്രിൽ മാസത്തിൽ ബർല്ലിനിൽവെച്ച് മിതവാദി ഇൻറർ നേഷനലിൻെറയും (രണ്ടാം ഇൻറർനേഷനലിലുള്ള സോഷ്യൽ ഡമോക്രാററുകാരുടെ സംഘടന) സെൻററിസ്റ്റ്കളുടെ 2½ ഇൻറർ നേഷനലിൻെറയും കോമിൻടേണിൻേറയും പ്രതിനിധികരം തമ്മിൽ ഒരു കൂടിയാലോചന നടന്നു. കോമിൻടേൺ പ്രതിനിധികളായി റാഡക്കം, ക്ലാരാസെററ്കിനുമാണതിൽ ഹാജരായത്. സാമ്രാജ്യത്വത്തിന്നും തൊഴിലാളികളുടെ നേരെയുള്ള പ്രത്യാക്രമണത്തിന്നുമെതിരായ യോജിച്ച സമരത്തിന്നുള്ള ഒരു പ്രായോഗിക പരിപാടി കോമിൻടേൺ പ്രതിനിധികരം ആ സമ്മേളനത്തിൽ വെച്ചെങ്കിലും മററു രണ്ട് വിഭാഗക്കാരും അതംഗീകരിച്ചില്ല. സോഷ്യൽ ഡമോക്രാററിക്ക പ്രതിനിധി വെച്ച ബദൽനിർദ്ദേശം രസാവഹമായിരുന്നു. സോവിയററ് ജോർജ്ജിയയുടെ പദവി പുനഃപരിശോധന ചെയ്യേണം, റഷ്യയിൽ സോഷ്യലിസ്റ്റ് റവലൂഷണറികളെ അട്ടിമറിയും കൊലയും നടത്തിയതിന്നു വിചാരണ ചെയ്യുന്നതു് നിത്തണം, രണ്ടാം ഇൻറർ നേഷനലിനെ വിമശിക്കുന്നതു നിത്തണം, മററു രാജ്യങ്ങളിൽ കമ്യൂണിസ്റ്റ്പാർട്ടി ഘടകങ്ങരം ഉണ്ടാക്കുന്നതു് വേണ്ടെന്നുവെക്കണം തുടങ്ങിയവയാണാ നിർദ്ദേശങ്ങരം. കോമിൻടേൺ പ്രതിനിധികരം തൊഴിലാളിവർഗ്ഗ ഐക്യത്തിന്നു നിർദ്ദേശിച്ചതൊന്നും എത്രയേറെ വാദിച്ചിട്ടും അവർ അംഗീകരിച്ചതുമില്ല. ഒടുവിൽ ജോർജ്ജിയയുടെ പദവി അന്വേഷി

ക്കാൻ ഒരു കമ്മീഷനെ നിശ്ചയിക്കാമെന്നും, വിചാരണയിൽ ഇരിക്കുന്ന സോഷ്യൽ റവലൃൂഷണറികാംക്കു് വധശിക്ഷ നൽകാതിരിക്കാമെന്നും, അവരുടെ കേസ്സു് വാദിക്കാൻ രണ്ടാം ഇൻറർനേഷനലിനെ അനുവദിക്കാമെന്നും കോമിൻടേൺ പ്രതിനിധികഠം സമ്മതിച്ചു. ഈ നടപടി തെററായിപ്പോയി എന്നും, അതു സോവിയററു് യൂനിയൻെറ ആഭ്യന്തര കാൎയ്യങ്ങളിൽ കയ്യിടാനനുവാദം നൽകലാണെന്നും ലെനിൻ ആക്ഷേപിച്ചിരുന്നു. പക്ഷെ ഇത്രയേറെ ആത്മഹത്യാപരമായ വിട്ടുവീഴ്ചകഠം ചെയ്തിട്ടും, തല്ക്കാലം 2-ാം ഇൻറർ നേഷനലും 2½ ഇൻറർ നേഷനലും ഒരു യോജിപ്പിലെത്തിയെങ്കിലും, പിന്നീടവർ ഒന്നാം പ്രവൎത്തിക്കാതെ ആ സഖ്യശ്രമത്തെ തകൎക്കയാണുണ്ടായതു്.

1924 ജൂൺ 17-ാംനു- മുതൽ ജൂലായി 8-ാംനു- വരെയാണു് കോമിൻടേണിൻെറ അഞ്ചാം സമ്മേളനം ചേൎന്നതു്. ഈ സമ്മേളനത്തിൽ 52 രാജ്യങ്ങളിലെ പ്രതിനിധികഠം പങ്കെടുത്തിരുന്നു. സമ്മേളനം ചേരുന്നതിന്നു് 6 മാസം മുമ്പേ ലെനിൻ നിൎയ്യാതനായി. തൊഴിലാളിവൎഗ്ഗത്തിന്നു തീൎത്താൽ തീരാത്ത ഒരു നഷ്ടമായിരുന്നു അതു്.

മാർക്സിസത്തെ സാമ്രാജ്യത്വ കാലഘട്ടത്തിന്നനുസരിച്ചു് പുഷ്ടിപ്പെടുത്തുകയും ലോകമെങ്ങുമുള്ള കമ്യൂണിസ്റ്റു് പ്രസ്ഥാനത്തിന്നു അടിത്തറ പണിയുകയും ഒന്നാമത്തെ സോഷ്യലിസ്റ്റു് വിപ്ലവത്തെ വിജയത്തിലേക്കെത്തിക്കുകയും ചെയ്ത ആ ആചാൎയ്യൻെറ സംഭാവനകഠം എത്രമാത്രം നിസ്തുലമാണെന്നു പറഞ്ഞറിയിക്കേണ്ടതില്ല. സാമ്രാജ്യത്വ കാലഘട്ടത്തിൻെറ സവിശേഷതകഠം എന്തെല്ലാമാണെന്നു അനന്യസാധാരണമാംവിധം അപഗ്രഥിച്ചുകൊണ്ടു് മൂന്നു പ്രധാന സംഗതികളാണു് ആ മഹാൻ പൈതൃകമായി നമുക്കു് നൽകിയതു്. തൊഴിലാളിവർഗ്ഗത്തിൻെറയും

കഷകവർഗ്ഗത്തിൻെറയും സഖ്യം, ദേശീയപ്രശ്നം പരിഹരിക്കേണ്ട വിധം, തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യത്തിൻെറ അനപേക്ഷണീയത ഇതാണാ മൂന്നു് കാര്യങ്ങൾ. കോമിൻടേണിൻെറ അഞ്ചാം സമ്മേളനം ഇതിനെക്കുറിച്ചെല്ലാം ചർച്ചചെയ്ക യും മേലിൽ മാർക്സിസം ലെനിനിസം എന്ന പേരിൽ തൊഴിലാളിവർഗ്ഗത്തിൻെറ മോചനപ്രസ്ഥാനത്തെ നാമകരണം ചെയ്യേണമെന്നു തീരുമാനിക്കയുമുണ്ടായി.

ആ ഘട്ടത്തിലെ സാർവ്വദേശീയസ്ഥിതിയെപ്പററി പ്രസ്തുത സമ്മേളനം അവഗാഢമായ ഒരു പഠനം നടത്തിയപ്പോൾ മുതലാളിത്തസമ്പ്രദായത്തിന്ന ഭാഗികമായ ഒരു ദൃഢത കൈവന്നിട്ടുണ്ടെന്നു കണ്ടു. ബ്രിട്ടനിൽ 13 ശതമാനവും, അമേരിക്കയിൽ 15 ശതമാനവും, ജർമ്മനിയിൽ 25 ശതമാനവും, ബൽജിയത്തിൽ 35 ശതമാനവും, ഫ്രാൻസിൽ 30 ശതമാനവും, കനഡയിൽ 40 ശതമാനവും ഉല്പാദനം വർദ്ധിച്ചു. പക്ഷെ ഈ വർദ്ധനവ് മുതലാളിത്തത്തിന്നുള്ളിലെ വൈരുദ്ധ്യം വർദ്ധിപ്പിക്കുന്നുണ്ടെന്നും ആ ഈ ദൃഢത കേവലം താൽക്കാലികമാണെന്നും കോമിൻടേൺ അന്നുതന്നെ പ്രഖ്യാപിക്കയുണ്ടായി.

ഈ ഘട്ടത്തിലാണ രണ്ടാം ഇൻറർ നേഷനലും, നടുക്കു നില്ക്കുന്നവരുടെ 2½ ഇൻറർ നേഷനലും ഒന്നായിത്തീർന്നതു്. മുതലാളിത്തം പുരോഗമിക്കയാണെന്നവർ ഉടനെത്തന്നെ കൊട്ടിഘോഷിക്കുകയുണ്ടായി.

## അതിമഹത്തായ രണ്ടു സമ്മേളനങ്ങൾ.

കോമിൻടേണിൻെറ ആറാം (1928ൽ) ഏഴാം (1935ൽ) സമ്മേളനങ്ങൾ അമൂല്യമായ സംഭാവനകളാണ ലോകത്തിലെ

വിപ്ലവ പ്രസ്ഥാനത്തിന്നു നൽകിയതു്. ആറാം കോൺഗ്രസ്സ് അംഗീകരിച്ച പരിപാടി അന്നത്തെ സാർവ്വദേശീയ നിലയെക്കുറിച്ചും ഭാവി കടമകളെ സംബന്ധിച്ചുമുള്ള ഒരുജ്ജ്വലരേഖയാണ്. മുതലാളിത്തം സാമ്രാജ്യത്വമായി വളൎന്നുവന്ന കാലഘട്ടത്തെയാകെ പരിശോധിച്ചുകൊണ്ടു, സാമ്രാജ്യത്വങ്ങൾ തമ്മിൽ തമ്മിലുള്ള വൈരുദ്ധ്യവും സാമ്രാജ്യത്വങ്ങളും കോളനികളും തമ്മിലുള്ള വൈരുദ്ധ്യവും, സാമ്രാജ്യത്വവും അതാതു നാട്ടിലെ തൊഴിലാളിവൎഗ്ഗവും തമ്മിലുള്ള വൈരുദ്ധ്യവും മൂർച്ഛിച്ചു വരികയാണെന്നും, കാലഘട്ടമാകെ പരിശോധിച്ചാൽ സോഷ്യലിസ്റ്റ് രീതിയിൽ ലോകം കെട്ടിപ്പടുക്കാനുള്ള ഭൌതികസാഹചര്യം വളൎന്നുവന്നെന്നും ആ രേഖ പ്രഖ്യാപിച്ചു. അക്കാലത്തു ഉപരിതലത്തിൽ പ്രത്യക്ഷപ്പെട്ട ഭാഗികമായ മുതലാളിത്തത്തിന്റെ ദൃഢത തകരുകയാണെന്നും ഒരു സാമ്പത്തിക കുഴപ്പത്തിന്റെ വക്കത്താണ് മുതലാളിത്ത ലോകമെന്നും ഒരു സാമ്രാജ്യത്വയുദ്ധം ആസന്നമായിരിക്കുന്നുവെന്നും ആ പരിപാടിയിൽ പ്രവചിക്കുകയുണ്ടായി. ഈ പ്രവചനത്തിൽ അടങ്ങിയ ദീർഘദൃഷ്ടിയെ അന്നത്തെ മുതലാളിത്ത ചിന്തകന്മാരും, വലതുപക്ഷ സോഷ്യലിസ്റ്റ് തത്വജ്ഞാനികളും കളിയാക്കിയെങ്കിലും, പിന്നീടുണ്ടായ സംഭവം അതെത്രയും ശരിയാണെന്നു തെളിയിച്ചു. 1929 മുതൽ 1933 വരെ ലോകത്തെ പിടിച്ചു കുലുക്കിയ സാമ്പത്തികക്കുഴപ്പം ഇതിന്നുദാഹരണമാണ്. 1933 ആകുമ്പോഴേക്കും, ബ്രിട്ടനിലെ ഉല്പാദനം 86 ശതമാനമായും അമേരിക്കയിലെ ഉല്പാദനം 65ശതമാനമായും, ജൎമ്മനിയിലേതു 66 ശതമാനമായും ഫ്രാൻസിലേതു 77 ശതമാനമായും ചുരുങ്ങി. 1929ൽ ഉള്ള ഉല്പാദനത്തിൽനിന്നാണു 4കൊല്ലംകൊണ്ടു ഇത്രയധികം താണുപോയതു്. അതുപോലെതന്നെ 1939ൽ പൊട്ടിപ്പുറപ്പെട്ട ലോകമഹായുദ്ധവും കോമിൻടേണിന്റെ കാഴ്ചപ്പാടു് എത്രയും ശരിയാണെന്നു തെളിയി

ച്ചു. കോളനികനിലെ വിമോചന പ്രസ്ഥാനത്തിനു മാഗ്ഗദീപമായി ശോഭിച്ച ഒരു പ്രമേയം ആറാം സമ്മേളനം അംഗീകരിച്ചിട്ടുണ്ട്. കോളനികളിലെ വിപ്ലവം ബൂഷ്വാ ജനാധിപത്യ വിപ്ലവമാണെന്നും, കാർഷിക വിപ്ലവം അച്ചുതണ്ടായിരിക്കാരുള്ള അതു ദേശീയ വിമോചന സമരം കൂടിയായിരിക്കുമെന്നുമാണ് ആ പ്രമേയം പറയുന്നതു്. തൊഴിലാളി വർഗ്ഗത്തിൻെറ മേധാവിത്വമില്ലാതെയും, അതിൻെറ അഭേദ്യ സംഘടനാഭാഗമായ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വപരമായ പങ്കില്ലാതെയും അത്തരം വിപ്ലവങ്ങരം ബൂഷ്വാ ജനാധിപത്യ വിപ്ലവത്തിൻെറ കടമകരം പൂർണ്ണമായി നിവ്വഹിക്കയില്ലെന്നും ആ പ്രമേയം വ്യക്തമാക്കുകയുണ്ടായി.

ആറാം സമ്മേളനത്തിൽ 515 പ്രതിനിധികരം 66 പാർട്ടികളെയും സംഘടനകളെയും പ്രതിനിധീകരിച്ചു പങ്കെടുത്തിരുന്നു. ആകെ അന്നു് യങ്ങ് കമ്യൂണിസ്റ്റ് ലീഗടക്കം, 4024159 (40 ലക്ഷത്തിലധികം) മെമ്പർമാരാണു ലോകത്തിലുണ്ടായിരുന്നതു്. പ്രതിനിധികളിൽ 50 ശതമാനവും തൊഴിലാളി കുടുംബങ്ങളിൽനിന്നു വന്നവരാണ്. വിശ്രുത മാർക്സിസ്റ്റ് ലെനിനിസ്റ്റ് ആചാര്യന്മാരായ, സ്റ്റാലിൻ (റഷ്യ) മാവോസേതുങ്ങ് (ചൈന) തോഗ്ലിയാററി (ഇററലി) തോറെ (ഫ്രാൻസ്) തെയിൽമാൻ (ജമ്മനി) ഗോട്ട്വാാൾഡ് (ചെക്കോസ്ലോവേക്യ) ഹാരിപോളിററ് (ഇംഗ്ലണ്ട്) എന്നിവർ ഈ സമ്മേളനത്തിൽ ഹാജരായിരുന്നു

## ജനകീയമുന്നണിയുടെ ആവിർഭാവം.

ഏഴാം സമ്മേളനം ചേരുംമുമ്പായി ലോകത്തിൽ പല മാററങ്ങളും സംഭവിച്ചു. ജമ്മനിയിൽ ഫാഷിസവും, അമേരിക്ക

യിൽ ന്യൂഡീൽപദ്ധതിയും ഉണ്ടായത് ഇക്കാലത്താണ്. മുതലാളിത്തത്തെ ബാധിച്ച കുഴപ്പത്തിൻെറ ഫലമാണ് ഇതു രണ്ടും. ന്യൂഡീൽപദ്ധതി ചില്ലറ സൌജന്യങ്ങൾ നൽകിക്കൊണ്ടാണ് രംഗത്തു വന്നതെങ്കിൽ പൈശാചിക മദ്ദനഭരണവുമായിട്ടാണ് ഫാഷിസം വന്നതു്. മറുഭാഗത്ത് സോവിയററ്യൂനിയനാകട്ടെ ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഫലമായി എത്രയോ അധികം ശക്തിപ്പെടുകയുണ്ടായി.

ഹിററ്ലറുടെ വരവോടെയാണ് ജമ്മനിയിൽ ഫാഷിസം ഉണ്ടായതു്. "ബോൾഷെവിസത്തിൽനിന്നു എന്തുചെയ്തും രാജ്യത്തെ രക്ഷിക്കുക" എന്ന മുദ്രാവാക്യവുമായിട്ടാണ് അക്കാലത്ത് സോഷ്യൽഡമോക്രാററുകാർ ജമ്മനിയിൽ പ്രവത്തിച്ചതു്. അവരുടെ ഭിന്നിപ്പിക്കൽനയവും, മിതവാദിത്തബോധവുമാണ് യഥാത്ഥത്തിൽ ഫാഷിസത്തിനു വഴിയൊരുക്കിക്കൊടുത്തതു്. ആ കഥ ഇങ്ങനെ സംക്ഷേപിക്കാം. 1919-ൽ ആണ് ഹിററ്ലർ നാസിപാർട്ടിയിലെ ഒരംഗമായതു്. അക്കാലത്തുതന്നെ വൻകിട കുത്തകമുതലാളിമാരുടെ സഹായം ആ പാർട്ടിക്കുണ്ടായിരുന്നെങ്കിലും ബഹുജനസ്വാധീനം വളരെ കുറവായിരുന്നു. 1919-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ നാസിപാർട്ടിക്ക് കിട്ടിയ വോട്ട് വെറും 8 ലക്ഷമാണ്. അന്നു സോഷ്യലിസ്റ്റ്കാർക്ക് 91 ലക്ഷവും കമ്യൂണിസ്റ്റ്കാർക്ക് 32 ലക്ഷവും വോട്ടു കിട്ടി. പക്ഷെ സാമ്പത്തികക്കുഴപ്പം വരുത്തിയ വിനകൾ സ്ഥിതിഗതിയിൽ വമ്പിച്ച മാററങ്ങളാണ് വരുത്തിയതു്. 80 ലക്ഷം തൊഴിലാളികളാണ് ആ ഘട്ടത്തിൽ തൊഴിലില്ലാത്തവരായിത്തീന്നതു്. അന്നത്തെ ഗവമ്മേണ്ട് ഇക്കായ്യത്തിൽ ഒന്നും ചെയ്തില്ല. ഗവമ്മേണ്ടിൽ ഗണ്യമായ സ്വാധീനമുണ്ടായിരുന്ന സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിയും ഒന്നും ചെയ്തില്ല. 1932-ൽ നടന്ന തിരഞ്ഞെടുപ്പിൽ സോഷ്യലിസ്റ്റ്കാർക്കും ക

മ്യൂണിസ്റ്റ്കാർക്കും കൂടി 1കോടി 30ലക്ഷം വോട്ടുകിട്ടിയപ്പോരം നാസിപ്പാർട്ടിക്കും അവരെ സഹായിക്കുന്ന ഗ്രൂപ്പിനും കൂടി 1 കോടി 34ലക്ഷത്തിലധികം വോട്ടാണ് കിട്ടിയതു്. തൊഴിലില്ലായ്മയുടെ ദുരിതത്തെയും ഒന്നാം യുദ്ധംമൂലം ജമ്മനിക്കുവന്ന അപമാനത്തെയും സമത്ഥമാംവണ്ണം ഉപയോഗിച്ചുകൊണ്ടാണ് നാസിപ്പാർട്ടി ഇത്രയും ബഹുജനാടിസ്ഥാനം കരസ്ഥമാക്കിയതു. എങ്കിലും ഈ ഘട്ടത്തിൽപോലും സോഷ്യലിസ്റ്റ്കാരും കമ്യൂണിസ്റ്റ്കാരും യോജിച്ചിരുന്നെങ്കിൽ നാസിപ്പാർട്ടിയെ പരാജയപ്പെടുത്താൻ കഴിയുമായിരുന്നു. തൊഴിലാളികരം അന്നവിടെ വിപ്ലവപരമായ ഒരു നിലപാട് അംഗീകരിച്ചെങ്കിലും ആ സന്ദർഭം തികച്ചും ഉപയോഗപ്പെടുത്താൻ സോഷ്യലിസ്റ്റ്കാർ ഒരുങ്ങിയില്ല. കമ്യൂണിസ്റ്റ്കാർക്ക് 1930നെക്കാളും 13¾ ലക്ഷം വോട്ടധികം കിട്ടിയപ്പോരം സോഷ്യലിസ്റ്റ്കാർക്ക് 13½ ലക്ഷത്തോളം വോട്ടു കുറയാനുള്ള കാരണമതായിരുന്നു.

നാലു പ്രധാന സന്ദർഭങ്ങളിൽ ഐക്യമുന്നണി ഉണ്ടാക്കി ജമ്മനിയെ രക്ഷിക്കാൻ കമ്യൂണിസ്റ്റ്പാർട്ടി സോഷ്യലിസ്റ്റ്പാർട്ടിയെ സമീപിച്ചെങ്കിലും അതെല്ലാം അവർ തള്ളിക്കളകയാണുണ്ടായതെന്ന പരമാത്ഥവും ഈ ഘട്ടത്തിൽ വിസ്മരിക്കത്തക്കതല്ല. കൂട്ടായി കൂലികുറക്കാൻ മുതലാളിമാർ ഒരുങ്ങിയപ്പോഴും (1932 ഏപ്രിൽ മാസത്തിൽ) പ്രഷ്യ (ജമ്മനിയുടെ ഒരു വൻ സംസ്ഥാനം)ൻ ഗവമ്മേണ്ടിൽനിന്നു വോൺ പേപ്പർ (ഹിററ്ലരുടെ കൂട്ടാളി) സോഷ്യലിസ്റ്റ്കാരെ പുറംതള്ളിയപ്പോഴും (1932 ജൂലായിൽ), ഹിററ്ലർ ചാൻസലറായി വന്നപ്പോഴും (1933 ജനവരി), ജമ്മൻ പാർലിമെണ്ടിനു തീവെച്ചപ്പോഴും (1933 മാർച്ചിൽ), ആണ് ഈ സമീപനമുണ്ടായതു്. ഈ ഏതെങ്കിലും സന്ദർഭത്തിൽ സോഷ്യലിസ്റ്റ്കാർ യോജിപ്പിനു തയ്യാറായിരുന്നെ

ങ്കിൽ ഹിററ്ലർ ഫാഷിസത്തിന്റെ ഗതി അന്നുതന്നെ എന്താകു മായിരുന്നുവെന്നു് ഇന്നു് പറഞ്ഞുകൂടാ.

അമേരിക്കയിൽ പ്രസിഡണ്ടു് റൂസ്‌വെൽട്ടു് നടത്തിയ ന്യൂഡീൽപദ്ധതിയെക്കുറിച്ചും ചിലതറിയേണ്ടതുണ്ടു്. സൌജന്യങ്ങൾ നൽകി തൊഴിലാളിവർഗ്ഗത്തെ വിപ്ലവപരമായ ഒരു നിലപാടിലേക്കു് പോകാതാക്കുക എന്ന സമർത്ഥമായ ഒരടവായിരുന്നു അതു്. ഹിററ്ലർ അധികാരത്തിൽ വന്നതിന്റെ 35-ാം ദിവസമാണു് റൂസ്‌വെൽട്ടു് അമേരിക്കയിൽ അധികാരത്തിൽ വന്നതു്. തകന്ന ഒരു സാമ്പത്തികഘടന, കലാപത്തിനൊരുങ്ങിയ ഒരു തൊഴിലാളിവർഗ്ഗം, ഇതിനെയാണു് റൂസ്‌വെൽട്ടിന്നു നേരിടേണ്ടിവന്നതു്. അദ്ദേഹം തല്ക്കാലരക്ഷക്കായി കുറേയേറെ നടപടികൾ കൈക്കൊണ്ടു, ആ മുന്നേററത്തെ തടഞ്ഞുനിത്തുകയാണുണ്ടായതു്. ഈ 'പരിഷ്കരണപദ്ധതിയെ'യാണു് ന്യൂഡീൽ എന്നു വിളിക്കുന്നതു്.

തകന്ന ബാങ്കുകളെ പുനരുദ്ധരിക്കുക, കടവും സഹായധനവും നൽകി കമ്പനികളെ പുനജ്ജീവിപ്പിക്കുക, മരാമത്തുകൾ വഴിയായും മററം ധാരാളംപേർക്കു ജോലിനൽകുക, വിളനശിപ്പിച്ചും കൃഷിസ്ഥലം ചുരുക്കിയും കാർഷികരംഗത്തിലെ അമിതോല്പാദനം തടയുക, കൃഷിക്കാരെയും കാർഷികത്തൊഴിലാളികളെയും കടഭാരത്തിൽനിന്നു താല്ക്കാലികമായി രക്ഷിക്കുക, തൊഴിലില്ലാത്തവർക്കു ആശ്വാസംനൽകുക, തുടങ്ങിയവയാണു് ഈ പദ്ധതിയിലുണ്ടായിരുന്നതു്. റൂസ്‌വെൽട്ടിന്റെ ഭരണത്തിലെ ആദ്യത്തെ 100 ദിവസങ്ങളിലുണ്ടായത്ര പരിഷ്കരണനടപടികൾ അഭ്യന്തരയുദ്ധത്തിന്നുശേഷമുണ്ടായ 70 കൊല്ലങ്ങൾകൊണ്ടു് അമേരിക്കയിൽ ഉണ്ടായിട്ടില്ലെന്നാണു് സ: വില്യം ഫോസ്റ്റർ പറയുന്നതു്.

സോവിയററ് യൂനിയനിൽ ഈ ഘട്ടത്തിൽ വന്ന മാററം അത്ഭുതകരമായുള്ളതാണ്. 1929 മുതൽ 33 വരെയുള്ള ഘട്ടത്തിലാണവിടെ ഒന്നാം പഞ്ചവത്സരപദ്ധതി വിജയിച്ചതു്. ഒരു കാർഷികപ്രധാനരാജ്യമായ റഷ്യ ഒരു വ്യവസായപ്രധാനമായ രാജ്യമായി മാറിയതു് ഈ ഘട്ടത്തിലാണ്. മുതലാളിത്ത സമ്പ്രദായം വ്യവസായരംഗത്തിൽനിന്നും കാർഷികരംഗത്തിൽനിന്നും തീരെ ഇല്ലാതാക്കയും കൂട്ടകൃഷിവ്യവസ്ഥ സാർവ്വത്രികമായി വളർത്തുകയും ചെയ്തതു് ഈ പദ്ധതിമൂലമാണ്. ഇങ്ങനെ സോഷ്യലിസം അവിടെ പരിപൂർണ്ണവിജയത്തിലെത്തുമെന്നു് ബൂർഷ്വാ ചിന്തകന്മാരാരും സ്വപ്നം കണ്ടിരുന്നില്ല.

ജർമ്മനിയിലെ ഫാഷിസത്തിൻെറ വരവിനെക്കുറിച്ചു് മുമ്പു പ്രസ്താവിച്ചുവല്ലോ. ഇററലിയിലും ജാപ്പാനിലും ഇതേ ശക്തികഠം ഇതിന്നു മുമ്പുതന്നെ അധികാരത്തിൽ എത്തിയിരുന്നു. ഈ മൂന്നു ശക്തികളുംകൂടി ലോകത്തിലാകെ പുതിയ ചില ആക്രമണത്തിന്നു ഒരുങ്ങിത്തുടങ്ങി. ജർമ്മനിയും ജാപ്പാനും 1934-ൽതന്നെ ലീഗ് ഓഫ് നേഷൻസ് എന്ന ലോകരാഷ്ട്രസംഘടനയിൽനിന്നു മാറിനിന്നു; ഏറെ താമസിയാതെ ഇററലിയും വിട്ടുപോയി. ജപ്പാൻ ചൈനയിലും, ഇററലി എത്യോപ്യയിലും, ജർമ്മനി സാർപ്രദേശത്തും കയറി വെട്ടിപ്പിടുത്തം ആരംഭിച്ചതും ഏതാണ്ടു് ഈ ഘട്ടത്തിലാണ്. ഫാഷിസത്തിൻെറ ഈ മുന്നേററത്തിന്നു സോഷ്യൽ ഡമോക്രാററു പാർട്ടികളും സാമ്രാജ്യത്വരാജ്യങ്ങളുമാണ് മുഖ്യ ഉത്തരവാദികഠം എന്നു നാം ഓർക്കണം.

ഈ പരിത:സ്ഥിതിയിൽ സോവിയററ് യൂനിയൻ യുദ്ധപരിശ്രമങ്ങളെ തടയാനുള്ള നടപടികളുമായി ലോകരംഗത്തു് പ്രവേശിച്ചു. 1934 മെയ്മാസത്തിൽ ചേൎന്ന ലോകനിരായുധീകരണ സമ്മേളനത്തിൽ സോവിയററ് പ്രതിനിധി മാക്സിം

ലിററ് വിനോവ് ഉന്നയിച്ച നിർദ്ദേശങ്ങൾ ഇതിന്നു തെളിവാണ്. നിരായുധീകരണസമ്മേളനം ഉടൻതന്നെ സ്ഥിരമായ ഒരു സമാധാനസ്ഥാപന സമ്മേളനമായി മാറേണമെന്നാണ് അദ്ദേഹം അഭ്യർത്ഥിച്ചതു്. ഫ്രാൻസ്, ചെക്കോസ്ലോവാക്യ എന്നീ രാഷ്ട്രങ്ങളുമായി 1935-ൽ അനാക്രമണസഖ്യങ്ങൾ ഉണ്ടാക്കാൻ സോവിയററ് യൂനിയൻ മുൻകൈ എടുക്കുകയുണ്ടായി. ഫ്രാൻസിലും സ്പെയിനിലും ഫാഷിസ്റ്റ് സമ്പ്രദായത്തിലുള്ള ഗവമ്മേണ്ടുകൾ ഉണ്ടാക്കാൻ പിന്തിരിപ്പന്മാർ ഉത്സാഹിച്ചപ്പോൾ തൊഴിലാളിവർഗ്ഗം അതിനെ താല്ക്കാലികമായി പരാജയപ്പെടുത്തി.

ഈ പശ്ചാത്തലത്തിലാണ് 1935 ജൂലായി 25 മുതൽ ആഗസ്ത് 20വരെ മോസ്കോവിൽവെച്ചു കോമിൻടേണിന്റെ ഏഴാം സമ്മേളനം ചേർന്നതു്. 65 കമ്യൂണിസ്റ്റ് പാർട്ടികളെ പ്രതിനിധീകരിച്ചുകൊണ്ടു് 510 പ്രതിനിധികൾ ആ സമ്മേളനത്തിൽ പങ്കുകൊണ്ടു. ഈ സമ്മേളനത്തിന്റെ ഒരുക്കങ്ങളിൽ സഖാവ് സ്റ്റാലിൻ വഹിച്ച പങ്ക് അവിസ്മരണീയമായിത്തന്നെനില്ക്കും.

സാർവ്വദേശീയമായ ഒരു സമാധാനമുന്നണിയും, മുതലാളിത്ത രാജ്യങ്ങളിൽ ഫാഷിസ്റ്റ് വിരുദ്ധ ജനകീയമുന്നണികളും, കോളനികളിൽ സാമ്രാജ്യത്വ വിരുദ്ധ ജനകീയമുന്നണികളും ഊട്ടിയുണ്ടാക്കാനുള്ള ആഹ്വാനമാണ് ഈ ഏഴാം സമ്മേളനം ലോകത്തിന്നു നൽകിയതു്.

ഫാഷിസത്തിന്റെ ഉദയത്തോടെ അത്യധികം ആപല്ക്കരമായ ഒരു ദശാഘട്ടത്തെയാണ് ലോകത്തിന്നു നേരിടേണ്ടിവന്നതു്. ഫാഷിസം ഇടത്തരക്കാരുടെ ഒരു കലാപമായി അന്നത്തെ സോഷ്യൽ ഡമോക്രാററുകാരുടെ ലിബറൽ വിഭാഗം ചിത്രീകരിച്ചിരുന്നു ഏഴാം കോൺഗ്രസ്സിൽ ഫാഷിസത്തെക്കുറിച്ചും,

അതിന്റെ ആപത്തിനെക്കുറിച്ചും, അതിനെ നേരിടാനുള്ള മാർഗ്ഗത്തെക്കുറിച്ചും അതിവിദഗ്ദ്ധമായ ഒരു റിപ്പോർട്ട് ഡിമിത്രോവ് സമർപ്പിക്കയുണ്ടായി. 1934ന്റെ ഒടുവിൻ സോവിയററ് യൂനിയൻ ഇടപെട്ടിട്ടാണ് ഡിമിത്രോവിനെ ജർമ്മൻജയിലിൽനിന്നു മോചിപ്പിച്ചതു്. ബൾഗേറിയയിലെ ഒരു തൊഴിലാളിയും അവിടത്തെ വിപ്ലവത്തൊഴിലാളിപ്രസ്ഥാനത്തിന്റെ നേതാവുമായ അദ്ദേഹം 1935-ൽ കോമിൻടേണിന്റെ ജനറൽസിക്രട്ടരിയായി തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് 1943-ൽ കോമിൻടേൺ പിരിഞ്ഞുപോകുന്നതുവരെ അദ്ദേഹംതന്നെയാണ് അതിന്റെ ജനറൽസിക്രട്ടറി. ഫാഷിസം ഫിനാൻസ് മൂലധനത്തിന്റെ ഭരണാധികാരമാണിതെന്നും, മുതലാളിത്തത്തിന്റെ ക്ഷീണമാണതു് പ്രദർശിപ്പിക്കുന്നതെന്നും, തൊഴിലാളിവർഗ്ഗത്തെയും വിപ്ലവപ്രസ്ഥാനത്തെയും സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെയും നശിപ്പിക്കാനാണതുത്സാഹിക്കുന്നതെന്നും ഡിമിത്രോവ് തന്റെ റിപ്പോർട്ടിൽ വിശദീകരിച്ചു. അതിനാൽ ഫാഷിസത്തിനും യുദ്ധത്തിനുമെതിരായ സമാധാനകാംക്ഷികളായ രാഷ്ട്രങ്ങളുടെ ഒരു സഖ്യം ഉണ്ടാക്കാനുള്ള സോവിയററ് ഗവർമ്മേണ്ടിന്റെ ശ്രമത്തെ അദ്ദേഹം ഏററവുമധികം തന്റെ റിപ്പോർട്ടിൽ പ്രശംസിച്ചു. മുതലാളിത്ത രാജ്യങ്ങളിൽ ഉണ്ടാക്കേണ്ട ഫാഷിസ്റ്റ് വിരുദ്ധമുന്നണിയുടെ വിഭാഗത്തെക്കുറിച്ചു അദ്ദേഹം ഇങ്ങനെയാണ് പ്രസ്താവിച്ചതു്, “എല്ലാ വിഭാഗം കൃഷിക്കാരും, തൊഴിലാളികളും, പട്ടണങ്ങളിലെ ഇടത്തരക്കാരുമടങ്ങിയ ഒരു മുന്നണിയാവണമതു്. അതു പക്ഷെ തൊഴിലാളിവർഗ്ഗസർവ്വാധിപത്യഗവർമ്മേണ്ടുകൾ സ്ഥാപിക്കാനല്ല; കാരണം ആശയപരമായി ജനങ്ങൾ അതിന്നിപ്പോൾ തയ്യാറല്ല. ജനകീയമുന്നണിയുടെ കാതൽ തൊഴിലാളിവർഗ്ഗത്തിന്റെ ഐക്യമായിരിക്കണം. ഫാക്ടറികൾ, ജില്ലകൾ, പ്രദേശങ്ങൾ, രാജ്യങ്ങൾ എന്നീ അടിസ്ഥാനത്തിലും സാർവ്വദേശീയ അടിസ്ഥാനത്തിലും ഈ ഐക്യം ഊട്ടി ഉണ്ടാക്കുകയാണി

ന്നാവശ്യം. എന്നാൽ ഫാഷിസത്തേയും യുദ്ധശ്രമങ്ങളേയും തടയാൻ കഴിയും.” ഇതാണ് ആ വിശദീകരണം. കോളനികളിലെ സാമ്രാജ്യത്വ വിരുദ്ധമുന്നണിയുടെ സ്വഭാവവും ആ സമ്മേളനം വ്യക്തമാക്കുകയുണ്ടായി.

### കോമിൻടേണിന്റെ സമാപനം.

ആരംഭഘട്ടങ്ങളിൽ കമ്യൂണിസ്റ്റ് പാർട്ടികളുടെ ശാഖകൾ സ്ഥാപിക്കാൻ ഇന്റർനേഷനൽ പലസഹായവും ചെയ്തിട്ടുണ്ട്. ഇന്റർനേഷനലാവട്ടെ വളർച്ചയും പാകതയും മാർക്സിസം ലെനിനിസത്തിൽ പരിചയവും സിദ്ധിച്ച ലോകകമ്യൂണിസ്റ്റ് പാർട്ടികളുടെ പ്രതിനിധികൾ അടങ്ങിയ ഒരു കേന്ദ്രസംഘടനയുമാണ്. അവസരവാദികൾ, സാങ്കല്പികവാദികൾ, അരാജകവാദികൾ, മിതവാദികൾ, ബൂർഷ്വാവിഭാഗത്തിന്റെ നേരിട്ടുള്ള ഏജന്റമാർ തുടങ്ങിയ പലരും അടങ്ങിയതായിരുന്നു, ഒടുവിലൊടുവിൻ രണ്ടാം ഇന്റർനേഷനലിന്റെ ശാഖകളായ മിക്ക പാർട്ടികളും. ഇവർ വിപ്ലവാടിസ്ഥാനത്തിൽ തൊഴിലാളിവർഗ്ഗപാർട്ടികൾ ഉണ്ടാക്കുന്നതിനെ ആദ്യം തടഞ്ഞെങ്കിലും കോമിൻടേണിന്റെ ഒന്നാം സമ്മേളനത്തോടെ അവർ നിരാശരായി. പിന്നീടവർ കമ്യൂണിസ്റ്റ് പാർട്ടികളിൽ കയറിക്കൂടാൻ ഉത്സാഹിച്ചു. കോമിൻടേണുമായി ബന്ധപ്പെടുന്ന പാർട്ടികൾ എന്തെല്ലാം നിബന്ധനകൾ അനുസരിക്കേണമെന്ന വിഷയം രണ്ടാം കോൺഗ്രസ്സിൽ ചർച്ചക്കുവന്നപ്പോൾ ഈ ആശയക്കാർ അതിൽ പലതിനേയും എതിർത്തു. കോമിൻടേണിന്റെ തീരുമാനങ്ങൾ ഓരോ രാജ്യത്തിലേയും പാർട്ടികളുടെ പത്രങ്ങളിൽ റിപ്പോർട്ടുചെയ്യണമെന്നും, പാർട്ടികളുടെ ദേശീയസമ്മേളനങ്ങളിൽ അവ ചർച്ച ചെയ്യണമെന്നും, രണ്ടാം ഇന്റർനേഷനലിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നവരെ കമ്യൂണിസ്റ്റ് പാർട്ടികളിൽ നിർത്തരുതെന്നും മററുമായിരുന്നു ആ നിബന്ധനകൾ. ഓരോ രാജ്യത്തിലുമുള്ള കമ്യൂണിസ്റ്റ് പാർട്ടിയിലെ മിതവാദികൾ വീണ്ടും ഈ ആശ-

യങ്ങളെ എതിൎത്തുനോക്കി. അതിനെയെല്ലാം എതിൎത്തു തോല്പിച്ചുകൊണ്ടു്, മാൎക്സിസം ലെനിനിസത്തിൽ അടിയുറച്ചു നിന്നുകൊണ്ടു്, അതിവേഗം കമ്യൂണിസ്റ്റ്പാൎട്ടികൾ പല രാജ്യങ്ങളിലും വളൎന്നുവരാൻ തുടങ്ങി. കോമിൻടേണിന്റെ രണ്ടാം കോൺഗ്രസ്സിനുമുമ്പായി ലെനിൻ തയ്യാറാക്കിയ "ഇടതുപക്ഷ കമ്യൂണിസം, ഒരു ബാലാരിഷ്ടം" എന്ന വിശ്രുതഗ്രന്ഥം, വളൎന്നുവരുന്ന കമ്യൂണിസ്റ്റ്പാൎട്ടികളുടെ ശൈശവസഹജമായ വ്യതിയാനങ്ങളെ നീക്കാനും, ബഹുജനാടിസ്ഥാനത്തിലുള്ള പാൎട്ടികളായി വളരാനും അത്യധികം സഹായിച്ചുവെന്നതു് പ്രസ്താവ്യമാണു്.

1935-ലാണു് കോമിൻടേണിന്റെ 7-ാം കോൺഗ്രസ്സ് ചേൎന്നതു്. ഫാഷിസത്തിനും സാമ്രാജ്യത്വത്തിനുമെതിരായ ഐക്യമുന്നണി കെട്ടിപ്പടുക്കാനുള്ള ആ സമ്മേളനത്തിന്റെ തീരുമാനം ലോകത്തിലെങ്ങുമുള്ള തൊഴിലാളിവൎഗ്ഗത്തിന്നു എന്തെന്നില്ലാത്ത ശക്തി പ്രദാനം ചെയ്തു. ആ ഘട്ടമാകുമ്പോഴേക്കും പല രാജ്യങ്ങളിലും കമ്യൂണിസ്റ്റ്പാൎട്ടികൾ പ്രധാന ശക്തികളായി വളൎന്നു. ഫ്രഞ്ചുകമ്യൂണിസ്റ്റ്പാൎട്ടി, ചൈനീസ് കമ്യൂണിസ്റ്റ്പാൎട്ടി, ചെക്കോസ്ലോവാക്യൻപാൎട്ടി, ഇററലിയൻപാൎട്ടി (നിയമവിരുദ്ധമാണെങ്കിലും), ജൎമ്മൻപാൎട്ടി, ഹങ്കേറിയൻ പാൎട്ടി, സ്പാനിഷ്പാൎട്ടി മുതലായവയാണു് അന്നു വളൎച്ചയെത്തിയ പാൎട്ടികൾ. ബ്രിട്ടൻ, അമേരിക്ക, ആസ്ത്രീയ, കനഡ, ആസ്ത്രേലിയ, ഫിൻലാണ്ടു്, സ്വിററ്സർലാണ്ടു്, ഇന്ത്യ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലും കമ്യൂണിസ്റ്റ്പാൎട്ടികൾ ഉണ്ടായിക്കഴിഞ്ഞിരുന്നു.

ഫാഷിസത്തിന്റെ ഉദയത്തോടുകൂടി വന്ന പുതിയ പരിതഃസ്ഥിതികളിൽ, ജനാധിപത്യത്തെ അഭിലഷിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളും പാൎട്ടികളുമായി ഒത്തുചേൎന്നു ഐക്യമുന്നണി ഉണ്ടാക്കണമെന്നു 1935-ലെ സമ്മേളനം തീരുമാനിക്കയുണ്ടായി.

ഫാഷിസമാകട്ടെ കമ്യൂണിസത്തിന്നെതിരായ കരിങ്കുഴലത്തിന്നാണ് നില്ക്കുന്നതെന്നാണ് അന്നവകാശപ്പെട്ടതു്. ഈ ഘട്ടത്തിൽ, കലങ്ങിമറിഞ്ഞതും സങ്കീർണ്ണമായതുമായ ഒരു പരിത:സ്ഥിതിയാണന്നു പല രാജ്യങ്ങളിലുമുണ്ടായിരുന്നതു്; ഇതെല്ലം കണക്കിലെടുത്തു, കോമിൻടേണിൻെറ 7–ാം സമ്മേളനം അതിപ്രധാനമായ ഒരു തീരുമാനമെടുത്തു. കമ്യൂണിസ്റ്റ്പാർട്ടികളുടെ അഭ്യന്തരകാര്യങ്ങളിൽ നേരിട്ടു ഇടപെടുന്നതല്ലെന്നാണ് ആ തീരുമാനം. അതിന്നുമുമ്പ് പലപ്പോഴും അപകടങ്ങളും വ്യതിയാനങ്ങളും വരുത്തിയ പാർട്ടികളെ നേർവഴിക്കാക്കാനും, തമ്മിൽ തമ്മിലുള്ള തർക്കങ്ങൾ പറഞ്ഞുതീർത്തു പാർട്ടികളിൽ ഐക്യം ഉണ്ടാക്കാനും ഇൻറർനേഷനൽ നേരിട്ടിടപെട്ടിരുന്നു. 1935 ലെ സമ്മേളനത്തീരുമാനത്തോടെ അതും അവസാനിപ്പിച്ചു. അഭിമുഖീകരിക്കുന്ന വിഷമപ്രശ്നങ്ങളെ സ്വതന്ത്രമായി പരിഹരിക്കാനും, അയവേറിയ അടവുകൾ സ്വീകരിക്കാനും ഇൻറർനേഷനൽ എല്ലാ ഘടകങ്ങളേയും ഉപദേശിച്ചു. 1940–ലാണ് അമേരിക്കൻ കമ്യൂണിസ്റ്റ്പാർട്ടി ഇൻറർനേഷനലിൽനിന്നും വിട്ടുപോയതു്. 1935–ലെ സമ്മേളനത്തിൻെറ വെളിച്ചത്തിലാണ് വിടാനുള്ള അനുവാദം കോമിൻടേണിൻെറ എക്സിക്യൂട്ടീവ് നൽകിയതു്.

## കോമിൻടേൺ പിരിച്ചുവിട്ടതെന്തിനു്?

1943 ജൂണിലാണ് കോമിൻടേൺ പിരിച്ചുവിടപ്പെട്ടതു്. അപ്പോഴേക്കും ആ മഹൽ സംഘടന ചരിത്രപരമായ അതിൻെറ ആവശ്യം നിർവ്വഹിച്ചുകഴിഞ്ഞിരുന്നു. സാമ്രാജ്യവാദികളുടെ കയ്യേററങ്ങളേയും ദുരാഗ്രഹങ്ങളേയും നിഗൂഢോദ്ദേശങ്ങളേയും അതു തുറന്നുകാട്ടി. സമൃദ്ധിയിലേക്കാണ് ലോകം നീങ്ങുന്നതെന്നു സാമ്രാജ്യവാദികളും അവരുടെ ദല്ലാളികളും ആവർത്തിച്ചുപറയുമ്പോൾ, വമ്പിച്ച സാമ്പത്തികക്കുഴപ്പവും പൊതുകുഴപ്പവുമാണ്

വരാൻ പോകുന്നതെന്നു അതു പ്രവചിച്ചു. 1929മുതൽ 1933 വരെ നീണ്ടുനിന്ന സാമ്പത്തികക്കുഴപ്പം, ഇൻറർനേഷനലിൻെറ ഈ പ്രവചനം ശരിയാണെന്നു തെളിയിച്ചു. ഫാഷിസത്തിൻെറ വരവിനേയും അതിനെ തടയേണ്ട മാർഗ്ഗങ്ങളേയും കുറിച്ചു ആ സംഘടന ലോകത്തിന്നു താക്കീതുനൽകി. ആൻറികോമിൻടേൺപാക്ടിൻെറ പിന്നിലുള്ള ഹിററ്ലരുടേയും മുസ്സോളിനിയുടേയും ടോജാവിൻെറയും ഉപദേശങ്ങൾ അതു പൊളിച്ചുകാട്ടി. പല രാജ്യങ്ങളിലും കമ്യൂണിസ്റ്റ്പാർട്ടികൾ ഉണ്ടാവുന്നതിന്നും വളരുന്നതിന്നും അതു സഹായകമായി; മാർക്സിസത്തെ തിരുത്തിയെഴുതാനും സാമ്രാജ്യവാദികൾക്കു താളം ചവിട്ടാനുമുള്ള സോഷ്യൽഡമോക്രാററുകളുടെ ശ്രമത്തെ തകർക്കുകയും തൊഴിലാളിവൎഗ്ഗത്തിൻെറ പാർട്ടികളെ ശാസ്ത്രീയ സോഷ്യലിസത്തിൻെറ അടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ സഹായിക്കുയും ചെയ്തു. ഇതെല്ലാമാണ് സംഘടന നിൎവ്വഹിച്ച പങ്ക്. പക്ഷെ, സാൎവ്വദേശീയരംഗങ്ങളിലാകെ വമ്പിച്ച മാററങ്ങൾ വരികയും ഓരോ രാജ്യത്തിലെ പാർട്ടിയുടേയും ഉത്തരവാദിത്വവും കടമയും കൂടി വരികയും ചെയ്തതോടെ ഇൻറർനാഷനലിൻെറ പ്രയോജനമില്ലാതായി. കോമിൻടേൻ പിരിച്ചുവിടാനുള്ള കാരണത്തെക്കുറിച്ചു സ: സ്റ്റാലിൻ, റോയിട്ടരുടെ പ്രതിനിധിയായ ഹിറോൾഡ് കിങ്ങിനോട് ഇപ്പ്രകാരമാണ് പ്രസ്താവിച്ചത്: "കമ്മ്യൂണിസ്റ്റ് ഇൻറർനേഷനൽ പിരിച്ചുവിടാൻ തീരുമാനിച്ചത് എത്രയും ശരിയാണ്; കാരണം മോസ്കോ അന്യനാട്ടുകളുടെ കാൎയ്യത്തിൽ കയ്യിടുകയും ബോൾഷെവീകരിക്കുകയും ചെയ്യുന്നുവെന്ന ഹിററ്ലർ പ്രഭൃതികളുടെ നുണ ഇതോടെ അവസാനിക്കും. കമ്മ്യൂണിസ്റ്റ്പാർട്ടികൾ പ്രവൎത്തിക്കുന്നത് അതതു ജനങ്ങളുടെ താല്പൎയ്യത്തിനൊത്തവിധമല്ലെന്നും പുറമെയുള്ളവരുടെ കല്പനയനുസരിച്ചാണെന്നുമുള്ള എതിരാളികളുടെ നുണയും ഇതോടെ അവസാനിക്കും. ഫാഷിസത്തിന്നെതിരായി എല്ലായിടങ്ങളിലുമുള്ള ജന

ങ്ങളെയും പുരോഗമനശക്തികളെയും യോജിപ്പിക്കാനും, കക്ഷി താല്പര്യമോ മതവിശ്വാസമോ ഒന്നും നോക്കാതെ എല്ലാവരേയും ദേശീയവിമോചനസമരത്തിൽ അണിനിരത്താനും ഇതുമൂലം എളുപ്പത്തിൽ സാധിക്കുന്നതാണ്. അവസാനമായി, ഹിററ്ലറിസത്തിന്നെതിരായി എല്ലായിടങ്ങളിലും ദേശാഭിമാനികൾക്ക് ഒത്തുചേരാനും ഒരു സാർവ്വദേശീയകേന്ദ്രമുണ്ടാക്കാനും ഇതു സഹായിക്കുകയും, അതു വഴി സമത്വത്തിൻെറ അടിസ്ഥാനത്തിൽ എല്ലാ രാഷ്ട്രങ്ങളും തമ്മിൽ സൗഹൃദമുണ്ടാക്കാനും, ഒരു ഭാവി സംഘടനതന്നെ ഉണ്ടാക്കാനും കഴിയുന്നതുമാണ്". ഇതാണ് സ: സ്റ്റാലിൻ അന്നു നല്കിയ പ്രസ്താവനയിലെ ചില ഭാഗങ്ങൾ.

കോമിൻടേൺ പിരിച്ചുവിട്ടുകൊണ്ട്, കോമിൻടേണിൻെറ എക്സിക്യൂട്ടീവ് ചെയ്ത പ്രസ്താവനയും ഇതേ കാര്യങ്ങൾ തന്നെ കുറേ കൂടി വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. കാറൽമാർക്സും, എംഗൽസും കൂടി സ്ഥാപിച്ച ഒന്നാം ഇൻറർനേഷനൽ ഒരു ഘട്ടം എത്തിയ ഉടനെ പിരിച്ചു വിടപ്പെട്ട സംഗതി കൂടി ആ പ്രസ്താവനയിൽ ഉദ്ധരിച്ചിട്ടുണ്ട്. ഇൻറർനേഷനലിൻെറ പല ശാഖകളും, പിരിച്ചുവിടേണമെന്ന അഭിപ്രായം ഉന്നയിക്കുകയും ചെയ്തിരുന്നു. അതിവിപുലമായ അടിസ്ഥാനത്തിൽ ഓരോ രാഷ്ട്രത്തിലും തൊഴിലാളിവർഗ്ഗപ്പാർട്ടികൾ വളർത്താനും വികസിപ്പിക്കാനും ഇൻറർനേഷനൽ ആവശ്യമില്ലെന്നും തടസ്ഥമാണെന്നുമുള്ള നില വന്നപ്പോൾ അതിനെയെല്ലാം പരിഗണിച്ചുകൊണ്ടാണ് ചരിത്രപ്രധാനമായ ആ തീരുമാനം കോമിൻടേൺ എക്സിക്യൂട്ടീവ് എടുത്തത്.

1943ൽ ചേർന്ന ഒന്നാം പാർട്ടി സമ്മേളനത്തിൽ വെച്ചാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി ഈ തീരുമാനത്തെ ശരിവെച്ചത്. ഇന്ത്യയിലെ വിവിധ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകളെ ഏകീക

രിക്കുന്നതിന്നും ശാസ്ത്രീയ സോഷ്യലിസത്തിൻെറ അടിസ്ഥാന ത്തിൽ ഇന്നാട്ടിലെ പ്രശ്നങ്ങളെ പരിശോധിക്കുന്നതിനും ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി ബ്രിട്ടീഷ് സാമ്രാജ്യത്തിന്നെതിരായ ശക്തികളെ ഏകീകരിക്കുന്നതിനുംവേണ്ടി കോമിൻടേൺ ഇന്ത്യ യിലെ വിപ്ലവപ്രസ്ഥാനങ്ങൾക്കു ചെയ്ത സഹായം വിലപിടി ച്ചതാണ്; ചരിത്രപ്രാധാന്യം അർഹിക്കുന്നവയാണ്. കോമി ൻടേണിൻെറ ശാഖയായി ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി പ്രവ ർത്തിച്ചതിനെ ദേശാഭിമാനികൾ ആരും എതിർത്തിട്ടില്ല. മോസ്കോ ഏജണ്ടുമാരായിട്ടാണ് കമ്മ്യൂണിസ്റ്റ്കാർ പ്രവർത്തിക്കുന്നതെന്നു അന്നു ബ്രിട്ടീഷ് ഭരണാധികാരികളാണ് ആക്ഷേപിച്ചിരുന്നതു്.

കോമിൻടേണിൻെറ പ്രവർത്തനങ്ങളും സോവിയററ് യൂനി യൻെറ നിലനില്പും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനു സഹായക മായിട്ടാണ് ഇന്ത്യ കരുതിവന്നതു്. കാരണം, ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ ത്വരിതപ്പെടുത്തുവാനും സഹായിക്കാനുമല്ലാതെ ഈ രണ്ടു ശക്തികളും അതിന്നെതിരായി ഒന്നും ചെയ്തിരുന്നില്ല. സഖാവ് സ്റ്റാലിൻ നിര്യാതനായ ഉടനെ ഇന്ത്യൻ പാർല്ലിമെ ണ്ടും പത്രങ്ങളും ദേശീയ നേതാക്കന്മാരും ആ മഹാനോടു കാണി ച്ച ആദരവും ബഹുമാനവും, ലോകത്തിലെ മററൊരു രാഷ്ട്രനേ താവിനോടും ഇന്ത്യ ഇതുവരെ പ്രദർശിപ്പിച്ചിട്ടില്ല. അതിൻെറ കാരണവും മററൊന്നല്ല. സ്റ്റാലിൻെറ സിദ്ധാന്തങ്ങളും പ്രവർത്ത നവും നമ്മുടെ നാട്ടിലെ ദേശാഭിമാനികളെ അത്യധികം ആക ർഷിച്ചിരുന്നുവെന്നതാണതു്. ഇന്തോനേഷ്യൻ പ്രസിഡണ്ട് ഇതിനിടെ ഇന്തോനേഷ്യയിലെ കമ്മ്യൂണിസ്റ്റ്പാർട്ടി കോൺഗ്ര സ്സിന്നയച്ച സന്ദേശത്തിൽ ഇക്കാര്യം വെട്ടിത്തുറന്നു പറഞ്ഞിട്ടു ണ്ടു്. വിവിധ ശക്തികളെ യോജിപ്പിച്ചുകൊണ്ടു് സ്വാതന്ത്ര്യ ത്തിന്നുവേണ്ടി അടരാടാൻ സ്റ്റാലിൻ ചെയ്ത ആഹ്വാനം ഇന്തോ

നേഷ്യയിലെ കമ്മ്യൂണിസ്റ്റ്കാർ പാലിക്കമെന്ന താനാശിക്കട്ടെ എന്നാണ് പ്രസിഡണ്ട് പ്രസ്താവിച്ചത്.

അപ്പോഠം, കോമിൻടേണിൻെറ പ്രവത്തനം നാം സംക്ഷേപിച്ചൊന്നു പരിശോധിച്ചുനോക്കി. അതിൽ ദേശദ്രോഹപരമായി യാതൊന്നുമില്ലെന്നുകണ്ടു. അന്യനാട്ടിൻെറ കാര്യത്തിൽ കയ്യിട്ട ചരിത്രവും അതിനില്ലെന്നുകണ്ടു. കോളനികളിലെ സ്വാതന്ത്ര്യസമരത്തേയും മുതലാളിത്ത രാജ്യങ്ങളിൽ സോഷ്യലിസത്തിന്നുവേണ്ടിയുള്ള സമരത്തേയും സഹായിക്കയാണ് ആ സംഘടന ചെയ്തതെന്നും നാം കണ്ടു. ബ്രിട്ടനിലെ ലേബർ പാർട്ടി, ഫ്രാൻസിലെ സോഷ്യലിസ്റ്റ്പാർട്ടി, പോർച്ചുഗലിലെ സോഷ്യൽ ഡമോക്രാട്ടിക്ക്പാർട്ടി എന്നീ സംഘടനകളുടെ നേതൃത്വം ഇന്ത്യയിലെ സ്വാതന്ത്ര്യസമരത്തെ എതിർത്തപ്പോഠം, ആ രാജ്യത്തിലെ കമ്മ്യൂണിസ്റ്റ്പാർട്ടികഠം മാത്രമാണ്, ഇന്ത്യയിൽനിന്നു ബ്രിട്ടീഷ് ഭരണത്തോടും ഫ്രഞ്ചധീനസ്ഥലങ്ങളിൽനിന്നു ഫ്രഞ്ച്ഭരണത്തോടും ഗോവയിൽനിന്നു പോർച്ചുഗീസ് ഭരണത്തോടും വിട്ടുപോരാനും അതതു സ്ഥലത്തിന്നു സ്വാതന്ത്ര്യം നൽകാനും ഉറച്ചുനിന്നാവശ്യപ്പെട്ടതു്. അതുകൊണ്ടാണ് വിപ്ലവപരമായ തൊഴിലാളിവർഗ്ഗത്തിൻെറ സാർവ്വദേശീയബോധം മറെറാരു രാജ്യത്തിൻെറ ന്യായമായ അഭിലാഷങ്ങഠംക്കെതിരാവില്ലെന്നു പറയാനും ബോദ്ധ്യപ്പെടാനും കാരണം. അതുകൊണ്ടു തന്നെയാണ് ബ്രിട്ടനിലേയും, ഫ്രാൻസിലേയും, പോർച്ചുഗലിലേയും കമ്യൂണിസ്റ്റ്പാർട്ടികഠം ഉള്ള കോമിൺടേണിൽ ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടിയും അംഗമായി ചേർന്നത്. ഈ പാർട്ടികഠം എല്ലാം ഒന്നായി നിന്നതിൻെറ ഫലം ഇന്ത്യൻ പാർട്ടിയും ജനങ്ങളും ശക്തിപ്പെട്ടുവെന്നതാണ്.

## സോഷ്യലിസ്റ്റ് ഇൻറർനേഷണലിൻെറ പ്രവൎത്തനം

രണ്ടാം ഇൻറർനേഷനൽ ഒന്നാം ലോകമഹായുദ്ധകാലത്തു തന്നെ തകൎന്നു തരിപ്പണമായിപ്പോയി. സാമ്രാജ്യവാദികൾ കോളനികളെ തട്ടിപ്പറിക്കാൻവേണ്ടി അന്യോന്യം നടത്തിയിരുന്ന ഒരു നരവേട്ടയായിരുന്നു ഒന്നാം ലോകമഹായുദ്ധം. മനുഷ്യസമുദായം അംഗീകരിച്ച നല്ല തത്വങ്ങൾ ഒന്നിനുംവേണ്ടിയായിരുന്നില്ല ഈ യുദ്ധം. അതിനാൽ ജനാധിപത്യത്തിലും സോഷ്യലിസത്തിലും വിശ്വസിക്കുന്ന ആരും ഈ യുദ്ധത്തെ സഹായിക്കുവാനും ഒരുങ്ങിയില്ല. പക്ഷെ, രണ്ടാം ഇൻറർനേഷനലിൽ അംഗങ്ങളായിരുന്ന പല സോഷ്യൽ ഡമോക്രാട്ടിക്ക് പാർട്ടികളും, സോഷ്യൽ ഡമോക്രട്ടിക്ക് പാർട്ടിയിലെ നേതാക്കന്മാരും ഈ യുദ്ധം സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള യുദ്ധമാണെന്നു പ്രഖ്യാപിക്കയും അതതു നാട്ടിലെ സാമ്രാജ്യത്വഗവമ്മേണ്ടുകളെ പിന്താങ്ങുകയും ചെയ്തു. സോഷ്യലിസ്റ്റ് ഇൻറർനേഷനലിൽതന്നെ ഇതു കുഴപ്പത്തിന്നിടവരുത്തി. സാമ്രാജ്യത്വയുദ്ധങ്ങളിൽ തൊഴിലാളിവൎഗ്ഗത്തിനും കോളനികളിലെ ജനങ്ങൾക്കും യാതൊരു താല്പൎയ്യവുമില്ലെന്നും അതിനാൽ ഈ സന്ദർഭം തങ്ങളുടെ മോചനത്തിന്നായി ഉപയോഗിക്കണമെന്നും വാദിച്ച ഒരു നല്ല വിഭാഗമാണ് പിന്നീട് കമ്യൂണിസ്റ്റ് ഇൻറർനേഷനൽ സ്ഥാപിച്ചതെന്നു മുമ്പു പറഞ്ഞുവല്ലോ. അങ്ങിനെ രണ്ടാം ഇൻറർനേഷനൽ ഛിന്നഭിന്നമാകയും വലതുപക്ഷക്കാരായ സോഷ്യൽ ഡമോക്രാട്ടുകാർ സാമ്രാജ്യത്വത്തിൻെറ കുഴലൂത്തുകാരായി അധഃപതിക്കയും ചെയ്തു.

## ജീൎണ്ണോദ്ധാരണത്തിന്നുള്ള ശ്രമം

ജീൎണ്ണിച്ചുകഴിഞ്ഞ മിതവാദാശയങ്ങൾക്കു ജീവൻ നൽകാനും, വിപ്ലവപരമായ തൊഴിലാളിവൎഗ്ഗസംഘടനകളെ തുരങ്കം

വെക്കാനും, സാമ്രാജ്യത്വത്തിന്റെ രണ്ടാം രക്ഷാനിരയായി വീണ്ടും 1923ൽ മിതവാദിസോഷ്യലിസ്റ്റ്കാർ സമ്മേളിച്ച് ഒരു സംഘടനയുണ്ടാക്കി. അതിന്റെ പേരാണ് സോഷ്യലിസ്റ്റ് ഇൻറർനേഷനൽ എന്നത്. അതിന്റെ നായകന്മാർ ഒന്നാം ലോകമഹായുദ്ധകാലത്ത് സ്വന്തം നാട്ടിലെ സാമ്രാജ്യത്വഗവ ൎമ്മണ്ടുകളെ രക്ഷിക്കാൻ അരയും തലയും മുറുക്കി നടന്നവരായിരുന്നു. ഇക്കാരണത്താൽ തന്നെ ആ സംഘടനയുടെ ഉദ്ദേശവും പ്രവൎത്തനവും എന്താണെന്നു ഏതാണ്ട് ഊഹിക്കാം വലതുപക്ഷസോഷ്യലിസ്റ്റ്കാർ ഇക്കാലഘട്ടത്തിൽചെയ്ത വൃത്തികേടുകളെ അന്നുതന്നെ കമ്യൂണിസ്റ്റ്കാരല്ലാത്ത ചിന്തകന്മാർ ആക്ഷേപിച്ചിട്ടുണ്ട്. യുദ്ധത്തെ സഹായിക്കാൻ ഇവരിൽ ചിലർ ജഗൽപ്രസിദ്ധ ശാസ്ത്രജ്ഞനായ പ്രൊഫസർ ഐൻസ്റ്റിനോടാവശ്യപ്പെട്ടപ്പോൾ അദ്ദേഹം അതു നിരസിക്കുകയും, റോമെയിൻ റോളണ്ട് തുടങ്ങിയ ചിന്തകന്മാരോടൊപ്പം ചേൎന്നു യുദ്ധത്തിന്നെതിരായ സംഘടനകൾ ഉണ്ടാക്കുകയുമാണുണ്ടായതു്.

ഒന്നാം ലോകമഹായുദ്ധത്തിൽ തങ്ങൾ നടത്തിയ പാതകങ്ങളെക്കുറിച്ച് പശ്ചാത്തപിക്കാനോ പുതിയൊരു നയം അംഗീകരിക്കാനോ പിന്നീടവർ ഒരുങ്ങിയില്ലെന്നതാണ് മറെറാരു കാൎയ്യം. 1923മുതൽക്കുള്ള അവരുടെ ചരിത്രമതാണ് കാണിക്കുന്നത്. സാമ്രാജ്യത്വം അപകടപ്പെടുന്ന ഘട്ടങ്ങളിലെല്ലാം തങ്ങളുടെ 'സോഷ്യലിസം' വലിച്ചെറിയുവാൻ അവൎക്കു യാതൊരു മടിയുമില്ല. കോളനികളുടെ സ്വാതന്ത്ര്യത്തിന്റെ കാൎയ്യത്തിലാണ് പലപ്പോഴും അവരുടെ ചെമ്പു പുറത്തായിട്ടുള്ളത്. അവർ അടിമരാജ്യത്തിന്റെ മോചനത്തെ ഒരിക്കലും അനുകൂലിച്ചിട്ടില്ല— അന്നും ഇല്ല; ഇന്നും ഇല്ല.

ഇന്ത്യയുടെ അനുഭവംതന്നെ നമുക്കു നോക്കാം. 1927ൽ ബ്രിട്ടീഷ് ഗവൺമെണ്ട് ഇന്ത്യയുടെ "ഭരണ പരിഷ്കാരങ്ങളെ" കുറിച്ചു റിപ്പോർട്ട് ചെയ്യാൻ സൈമൺ കമ്മീഷനെ നിയമിച്ചതിൽ സോഷ്യലിസ്റ്റ് നേതാവായ മി: ആററ്ലികൂടി ഉണ്ടായിരുന്നു. കമ്മീഷൻ പ്രവർത്തനത്തിൽ അദ്ദേഹം ഇന്ത്യയെ സഹായിച്ചില്ല, ബ്രിട്ടീഷ് ഭരണം ഇവിടെ നിലനിർത്താനാണ് ഉത്സാഹിച്ചതു്. സൈമൺ കമ്മീഷനെത്തന്നെ ഇന്ത്യ അനുബഹിഷ്കരിക്കയാണുണ്ടായതു്. കമ്മീഷൻെറ റിപ്പോർട്ടിനെ കുറിച്ചു മി. ആററ്ലയുടെ അഭിപ്രായം അദ്ദേഹം തൻെറ ആത്മകഥയിൽ ഇപ്രകാരമാണ് പ്രകടിപ്പിച്ചതു്, "കമ്മീഷൻെറ നിഗമനങ്ങളടങ്ങിയ രണ്ടാം വാള്യത്തിലെ പല അദ്ധ്യായങ്ങളുടേയും കരട് എഴുതിയതു് ഞാനാണ്. രണ്ടു വാള്യങ്ങളും പൂർണ്ണമായി തയ്യാറാക്കിയതു് കമ്മീഷൻ ആകെയുമാണ്. ഞങ്ങളുടെ ശിപാർശകൾ ഭരണപരിഷ്കരണ പുരോഗതിയിൽ വളരെയേറെ മെച്ചപ്പെട്ടതായിരുന്നെങ്കിലും കോൺഗ്രസ്സ് പാർട്ടി അവയെ ആക്ഷേപിക്കയാണുണ്ടായതു്" (ആററ്ലിയുടെ ആത്മകഥ. ഇന്ത്യൻ എക്സ്പ്രസ്സ്, 1954 മെയ് 15). ഈ പ്രസ്താവനക്ക് ഒരു വിശദീകരണം ആവശ്യമില്ല. ഇന്ത്യ പൂർണ്ണമായും തള്ളിക്കളഞ്ഞ സൈമൺ കമ്മീഷൻ റിപ്പോർട്ട് ഇന്ത്യയുടെ പുരോഗതിക്ക് വഴി തെളിയിക്കുന്നതാണെന്നു പറഞ്ഞാൽ അതിനൊരു വിവരണം വേണമോ? അതാണ് വലതുപക്ഷ സോഷ്യലിസ്റ്റ്കാരുടെ പൊതുവെയുള്ള മനോഭാവം.

1955 ജൂലായ് മാസത്തിൽ ലണ്ടനിൽവെച്ചു ചേൻന സോഷ്യലിസ്റ്റ് ഇൻറർനേഷനലിൻെറ നാലാം സമ്മേളനവും മലയ, മൊറോക്കോ, സുഡാൻ, കൊറിയ തുടങ്ങിയ കോളണികളിൽ സാമ്രാജ്യത്വങ്ങൾ നടത്തുന്ന നരവേട്ടകളെ ആക്ഷേപിക്ക

യോ, അത്തരം കോളനികൾക്ക് സ്വാതന്ത്ര്യം നല്കാനാവശ്യപ്പെടുകയോ ചെയ്തിട്ടില്ല.

## ഫാഷിസത്തിൻെറ നേരെയുള്ള നട്ടെല്ലില്ലായ്മ

ഫാഷിസത്തിൻെറ സൂചനകൾ കണ്ടതോടെ തന്നെ അതിന്നെതിരായി യോജിച്ച പോരാടണമെന്നു കമ്യൂണിസ്റ്റ് ഇൻറർനേഷനൽ പ്രഖ്യാപിക്കയുണ്ടായി. പക്ഷെ സോഷ്യലിസ്റ്റ് ഇൻറർനേഷനൽ ഐക്യത്തിലും എതിർപ്പാണ് പ്രകടിപ്പിച്ചതു്. യഥാർത്ഥത്തിൽ ജർമ്മനിയിലും സ്പെയിനിലും ഫാഷിസത്തിൻെറ വരവിന്നു സോഷ്യൽഡമോക്രാട്ടുകാർ പൂർണ്ണമായും ഉത്തരവാദികളാണ്. ഇതിൻെറ ഫലം 1940ൽ തികച്ചും അനുഭവപ്പെട്ടു. 1923ൽ വീണ്ടും പുനസ്സംഘടിപ്പിച്ച ലേബർ ഇൻറർനേഷനൽ ഫാഷിസത്തിന്നെതിരായ യുദ്ധഘട്ടത്തിൽ നിശ്ശേഷം നിശ്ചേതനമായിപ്പോയി.

1946 മെയ് മാസത്തിലാണ് വീണ്ടും ഈ സംഘടനയെ പുനർജീവിപ്പിക്കാൻ ബ്രിട്ടീഷ് ലേബർപാർട്ടി ഒരുമ്പെട്ടതു്. 19 ഓളം സോഷ്യലിസ്റ്റ്പാർട്ടിയുടെ പ്രതിനിധികൾ സമ്മേളിക്കയും അക്കൊല്ലം അവസാനത്തിൽ സോഷ്യലിസ്റ്റ് ഇൻറർനേഷനൽ മൂന്നാമതും രൂപീകരിക്കയുമുണ്ടായി.

## പുതിയ ഘട്ടത്തിലെ പുതിയ ചതി

അമേരിക്കൻ സാമ്രാജ്യത്വത്തിൻെറ ആഭിമുഖ്യത്തിലുള്ള യുദ്ധപരിശ്രമങ്ങളും അതിൻെറ നാന്ദിയായുള്ള ശീതസമരത്തിൻെറ ആഹ്വാനങ്ങളും ആരംഭിച്ചത് ഏതാണ്ട് ഈ ഘട്ടത്തിലാണ്. 1947 നവമ്പറിൽ ആൻറവർപ്പിൽവെച്ച ചേൻ സോഷ്യലിസ്റ്റ് ഇൻറർനേഷനലിൻെറ സമ്മേളനത്തിൽ ഇക്കാര്യം ശക്തിയായ ചർച്ചക്കിടവരുത്തി. മാർഷൽസഹായത്തിൻെറ

പോരിൽ അമേരിക്ക യൂറോപ്പിൽ നുഴഞ്ഞുകയറുകയാണെന്നും അതിനാൽ ആ സഹായം സ്വീകരിക്കരുതെന്നും കിഴക്കൻ യൂറോപ്പിൽനിന്നു പോയ സോഷ്യലിസ്റ്റ്കാർ ആ സമ്മേളനത്തിൽ വാദിക്കുകയുണ്ടായി. പക്ഷെ വലതുപക്ഷ നേതാക്കന്മാർ ഈ എതിർപ്പിനെ വകവെച്ചില്ല. ആഫ്രിക്കയിലെ ഒരൊററ പാർട്ടിയും ഇൻറർനേഷനലുമായി ബന്ധപ്പെട്ടിട്ടില്ല. അതുപോലെ തന്നെ ഏഷ്യൻ സോഷ്യലിസ്റ്റ്കാർ അവരുടെ ഒരു സ്വന്തം ഏഷ്യൻ സംഘടനയുണ്ടാക്കിയിട്ടുമുണ്ട്. കാരണം വ്യക്തമാണ്. ഏഷ്യയിലേയും ആഫ്രിക്കയിലേയും അടിമരാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിൻെറ നേരെയും, സ്വതന്ത്ര രാഷ്ട്രങ്ങളുടെ സമാധാന നയത്തിൻെറ നേരെയും സോഷ്യലിസ്റ്റ് ഇൻറർനേഷനൽ അവലംബിക്കുന്ന നയം സാമ്രാജ്യവാദികളുടെ നയത്തിൽനിന്നു വ്യത്യാസപ്പെട്ടതല്ല. ആ നിലക്കു ആ ഇൻറർനേഷലുമായി അലിഞ്ഞുചേരാൻ ഇത്തരം പാർട്ടികാംക്കു സാധിക്കുന്നില്ല. അവർ മോഹിച്ചാലും അതു നടക്കില്ല.

അമേരിക്കയുടെ സാമ്രാജ്യത്വമുന്നേററത്തേയും അതിന്നവർ അംഗീകരിച്ച കുത്സിതമായ അടവുകളേയും എതിർക്കുന്നതിന്നു പകരം, അനുകൂലിക്കയാണ് സോഷ്യൽഡമോക്രാററിക് പാർട്ടിയുടെ നേതൃത്വം ചെയ്തതെന്നു പ്രസ്താവിച്ചുവല്ലോ. യുദ്ധാനന്തര കാലഘട്ടത്തിൽ ഇതു വ്യക്തമായി കാണാൻ തുടങ്ങി. ഫ്രാൻസിലെ സോഷ്യലിസ്റ്റ് പ്രധാനമന്ത്രിയായ റമാഡിയർ പിന്തിരിപ്പന്മാരായ ഡിഗോളിസ്റ്റ്കക്ഷിയുടെ സഹായത്തോടെ മന്ത്രിസഭയിലുള്ള കമ്യൂണിസ്റ്റ്കാരെ പുറത്താക്കുകയും ഫ്രാൻസിൻ അമേരിക്കൻ നുഴഞ്ഞുകയററത്തിന്നവസരം വദിക്കയുമാണുണ്ടായതെന്നോർക്കണം. 1947 മെയ്മാസത്തിലാണത് നടന്നത്. ഇററലിയിലെ ഡിഗാസ്പ്പാരിഗവമ്മേണ്ടും ഇതേനയം തന്നെയാണംഗീകരി

ച്ചതു്. 1945 ഒക്ടോബറിൽ ഫ്രാൻസിൽ നടന്ന തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടിക്കു 152 സ്ഥാനങ്ങളും സോഷ്യലിസ്റ്റ് പാർട്ടിക്കു 142 സ്ഥാനങ്ങളും എം. ആർ. പിക്കു് 141 സ്ഥാനങ്ങളുമാണു് കിട്ടിയതു്. കമ്യൂണിസ്റ്റുകാർക്കും സോഷ്യലിസ്റ്റ്കാർക്കുംകൂടി ബഹുഭൂരിപക്ഷം കിട്ടിയിട്ടും ഫ്രാൻസിൽ സോഷ്യലിസം ഉണ്ടാകുന്നതിനുപകരം, കമ്യൂണിസ്റ്റുകാരെ പുറംതള്ളി അമേരിക്കയെ ക്ഷണിച്ചു വരുത്തുകയാണു് സോഷ്യലിസ്റ്റ് നേതാക്കന്മാർ ചെയ്തതു്. ബ്രിട്ടനിലെ നിലയും ഇതുപോലെതന്നെയാണു്. 1945 ജൂലായിയിൽ നടന്ന തിരഞ്ഞെടുപ്പിൽ ബ്രിട്ടനിലെ സോഷ്യലിസ്റ്റുപാർട്ടിയായ ലേബർപാർട്ടി ബഹുഭൂരിപക്ഷത്തോടെ വിജയിച്ചു. 640ൽ 395 സ്ഥാനങ്ങളും അവർക്കു കിട്ടി. പക്ഷെ അവരും ബ്രിട്ടനിൽ സോഷ്യലിസം സ്ഥാപിക്കുന്നതിനുപകരം അമേരിക്കയുമായി ബന്ധപ്പെട്ട സാമ്രാജ്യത്വനയംതന്നെ പിന്തുടരുകയാണുണ്ടായതു്. 1945 ജൂലായി മുതൽ 1951 ഒക്ടോബർവരെ 6¼ കൊല്ലം ലേബർപാർട്ടി ഭരിച്ചിട്ടു ആകെ വ്യവസായത്തിന്റെ കഷ്ടിച്ചു 20 ശതമാനം ദേശവല്ക്കരിക്കുക മാത്രമാണവർ ചെയ്തതു്. ദേശവല്ക്കരിച്ച വ്യവസായം തന്നെ മുതലാളിമാരുടെ നിയന്ത്രണത്തിനു വിട്ടതിനാൽ അതു രാഷ്ട്രത്തിനു ഉപയോഗപ്രദവുമായില്ല. ഇന്ത്യയിലെ ഇമ്പീരിയൽ ബേങ്കു് പിടിപ്പതു് പ്രതിഫലം നൽകി ദേശവല്ക്കരിച്ച മട്ടിൽ തന്നെയാണു് ലേബർപാർട്ടിയും ചെയ്തതു്. തൊഴിലാളികൾക്കു് മെച്ചമൊന്നും ഉണ്ടായില്ലെങ്കിലും ഇതു സോഷ്യലിസമാണെന്നു ലേബർപാർട്ടി നേതാക്കന്മാർ വാദിച്ചുനോക്കി. പിറ്റേത്തെ തിരഞ്ഞെടുപ്പിൽ ലേബർപാർട്ടി തോല്ക്കുകയും അധികാരം സാമ്രാജ്യവാദികളായ ടോറി കക്ഷിക്കു വിട്ടുകൊടുക്കുകയും ചെയ്യേണ്ടിവരികയാണു് തന്മൂലം ഉണ്ടായതു്. ഇററലിയിലും ഫ്രാൻസിലും സോഷ്യലിസ്റ്റുകാർ അമേരിക്കയോടു ഡോളർ കടം

വാങ്ങി തങ്ങളുടെ പാപ്പരത്തം തെളിയിച്ചപോലെ, 1945ൽ അററ്ലി ഗവമ്മേണ്ടും അമേരിക്കയിൽനിന്നു സഹായം സ്വീകരിച്ചു ബ്രിട്ടനെ അമേരിക്കക്കു പണയപ്പെടുത്തി. ജപ്പാനിലെ സോഷ്യലിസ്റ്റ് നേതൃത്വവും ഏതാണ്ടിതുതന്നെ അനുകരിച്ചു. 1947 മെയ് മുതൽ 1948 ഫിബ്രവരിവരെ ബൂഷ്വാപാർട്ടികളുമായുള്ള ഒരു സഖ്യമാണ് ജപ്പാനിൽ ഭരണം നടത്തിയതു്. ഈ സഖ്യഗവമ്മേണ്ടിന്റെ പ്രധാനമന്ത്രി വലതുപക്ഷസോഷ്യലിസ്റ്റുകാരനായ ടെട്സുകാട്ടയാമയായിരുന്നു. അദ്ദേഹവും അമേരിക്കൻ നയത്തെ ഫലത്തിൽ അന്നു അനുകൂലിച്ചു പ്രവർത്തിക്കയാണുണ്ടായതു്. രണ്ടാം ലോകമഹായുദ്ധത്തിന്നുശേഷം ബ്രിട്ടൻ, ഫ്രാൻസ്, ബൽജിയം, ഹോളണ്ട്, നോർവ്വെ, ഡൻമാർക്കു്, സ്വീഡൻ, ആസ്ത്രിയ, ജപ്പാൻ എന്നീ 9 രാജ്യങ്ങളിൽ സോഷ്യലിസ്റ്റുകാർ അധികാരത്തിൽ വന്നിട്ടും, ചില പാർട്ടികൾ അഞ്ചും ആറും കൊല്ലം ഭരിച്ചിട്ടും അവിടങ്ങളിൽ സോഷ്യലിസം നടപ്പായില്ല. അത്രയുമല്ല, ആ രാഷ്ട്രങ്ങൾ എല്ലാം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ സ്വാധീനവലയത്തിൽ അകപ്പെടുകയുമുണ്ടായി. ഇതാണ് സോഷ്യൽ ഡമോക്രസിയുടെ ഇക്കാലത്തെ പ്രവർത്തനചരിത്രം.

പക്ഷെ, ഈ ചിത്രത്തിന്നുതന്നെ മറെറാരു വശംകൂടി ഉണ്ടായതും നാം കണക്കിലെടുക്കണം. വലതുപക്ഷ സോഷ്യലിസ്റ്റ് നേതാക്കന്മാരുടെ ഈ വഞ്ചനക്കെതിരായി പല സോഷ്യലിസ്റ്റ് പാർട്ടികളിലുംപെട്ട ഗണ്യമായ വിഭാഗങ്ങൾ ശക്തിയായ എതിർപ്പ് പ്രകടിപ്പിച്ചതായും കാണുന്നുണ്ട്. ഇററലിയിൽ ഒരിടതുപക്ഷ സോഷ്യലിസ്റ്റ്പാർട്ടിതന്നെ ആവിർഭവിക്കയും കമ്യൂണിസ്റ്റ്പാർട്ടിയുമായി യോജിച്ചു പ്രവർത്തിക്കയും ചെയ്യുന്നുണ്ട്. കിഴക്കൻ ജമ്മനി, പോളണ്ട് എന്നിവിടങ്ങളിലെ സോഷ്യലിസ്റ്റുപാർട്ടികൾ മിതവാദികളെ പുറംതള്ളി ശരിയായ മാർക്സിസ്റ്റ്

പാർട്ടികളായി രൂപാന്തരപ്പെടുകയുണ്ടായി ഇതാണ് ചിത്രത്തിന്റെ മറുവശം.

സോഷ്യൽ ഡെമോക്രാററിക് പ്രസ്ഥാനത്തിലെ ഈ വിധമുള്ള മാററങ്ങൾക്കു പുറമെ മററു ചില പ്രധാന സംഭവങ്ങൾ കൂടി ഈ കാലഘട്ടത്തിലുണ്ടായി. തൊഴിലാളി യൂണിയനുകളുടെ ഒരു ലോകസംഘടന ഉണ്ടായതാണ് ഇതിൽ മുഖ്യമായ ഇനം. 1945ൽ ആണ് ഡബ്ല്യൂ. എഫ്. ടി. യു. എന്നറിയപ്പെടുന്ന ആ സംഘടന ഉടലെടുത്തതു്. യുദ്ധകാലത്തുതന്നെ ട്രേഡ് യൂണിയനുകൾ തമ്മിൽ യോജിപ്പുനിൽക്കേണമെന്ന ആഗ്രഹം ഉയൎന്നുവന്നിരുന്നു; അതിൻഫലമായി 1941 ഡിസംബറിൽ ആംഗ്ലോ—സോവിയററ് ട്രേഡ് യൂണിയൻ കമ്മിററി എന്ന ഒരു സംഘടനയും 1942 ജൂലായിയിൽ ആംഗ്ലോ അമേരിക്കൻ ട്രേഡ് യൂണിയൻ കമ്മററി എന്ന മറെറാരു സംഘടനയും ആവിർഭവിച്ചിട്ടുണ്ടു്. ആംഗ്ലോ സോവിയററ് കമ്മിററിയുടെ പ്രേരണയാൽ 1945 ഫിബ്രുവരിയിൽ ലണ്ടനിലും സപ്തെമ്പറിൽ പാരീസിസിലും ലോകട്രേഡ് യൂണിയൻ പ്രതിനിധികൾ സമ്മേളിക്കയും ഉണ്ടായി. അങ്ങിനെയാണ് ഡബ്ല്യൂ. എഫ്. ടി. യു. ആവിർഭവിച്ചതു്. ഈ സമ്മേളനത്തിൽ സോവിയററ് യൂണിയൻ, ഫ്രാൻസ് എന്നിവിടങ്ങളിലെ കേന്ദ്രട്രേഡ് യൂണിയനുകൾക്ക് പുറമെ, അമേരിക്കയിലെ ഡി. ഐ. ഓ., ബ്രിട്ടനിലെ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് എന്നിവയുടെ പ്രതിനിധികൾകൂടി പങ്കെടുത്തിരുന്നു. പാരീസ് സമ്മേളനത്തിൽ 65 ദേശീയ കേന്ദ്രസംഘടനകളുടേയും 86 സാവ്വദേശീയ സംഘടനകളുടേയും 185ഓളം പ്രതിനിധികൾ പങ്കെടുത്തു. സുമാർ 6 കോടി 67 ലക്ഷം തൊഴിലാളികളുടെ പ്രതിനിധികളായിരുന്നു ഇവർ. അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബർ എന്ന പ്രധാന തൊഴി

ലാളിസംഘടന മാത്രമാണ് ഈ സമ്മേളനത്തിൽനിന്നു ഒഴിഞ്ഞു നിന്നതു്. സമ്മേളനം എന്തായാലും വിജയകരമായി പര്യവസാനിച്ചു. 71 പേരുള്ള ഒരു കേന്ദ്രകൌൺസിൽ രൂപീകരിക്കയും ഫ്രാൻസിലെ ഒരു പ്രമുഖ ട്രേഡ്യൂണിയൻ നേതാവായ ലൂയി സൈലാങ്ങിനെ ജനറൽ സിക്രട്ടെരിയായി നിശ്ചയിക്കയുമുണ്ടായി. മതം, ഗോത്രം, ജാതി, രാഷ്ട്രീയം തുടങ്ങിയ യാതൊന്നും പരിഗണിക്കാതെ ലോകമെങ്ങുമുള്ള തൊഴിലാളികളെ സംഘടിപ്പിക്കാനും ഫാഷിസത്തിൻെറ എല്ലാ അവശിഷ്ടങ്ങളേയും തുടച്ചുനീക്കാനും, യുദ്ധത്തേയും യുദ്ധത്തിൻെറ കാരണത്തേയും എതിർത്തുതോല്പിക്കാനും, സമാധാനം സംരക്ഷിക്കുവാനും ജനാധിപത്യവകാശങ്ങൾ, തൊഴിൽ, ഉയൎന്നകൂലി, സാമൂഹ്യഇൻഷൂറൻസുകൾ തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടിയുള്ള പൊതുസമരങ്ങൾ സംഘടിപ്പിക്കാനും നിശ്ചയിച്ചുകൊണ്ടുള്ള ഒരു ചാർട്ടർ സമ്മേളനം അംഗീകരിക്കുകയുമുണ്ടായി.

ഈ സംഘടനയുടെ ആവിർഭാവം കുത്തകമുതലാളിമാരെ വിറളിപിടിപ്പിച്ചു. അവരുടെ യുദ്ധശ്രമങ്ങൾക്കും പരമാവധി ലാഭത്തിനുള്ള അവരുടെ പരക്കംപാച്ചലിന്നും ഈ സംഘടന ഒരു വെല്ലുവിളിയായി പടൎന്നുവന്നു. അതോടെ അതിനെ ഭിന്നിപ്പിക്കാനും, ദുർബ്ബലമാക്കാനും, കഴിയുമെങ്കിൽ തകൎക്കാനും അവർ കൊണ്ടുപിടിച്ച ശ്രമവും തുടങ്ങി. അമേരിക്കൻ സാമ്രാജ്യത്വവാദികളാണ് ഇക്കാര്യത്തിലും മുൻകൈ എടുത്തതു്.

യൂറോപ്പിനെ കുത്തിക്കലക്കിയ മാർഷൽപദ്ധതിയെ ലോകതൊഴിലാളിസംഘടന അംഗീകരിക്കണമെന്ന ഒരു പ്രശ്നം പിന്തിരിപ്പന്മാർ ഈ ഘട്ടത്തിൽ ഉന്നയിച്ചു. ബ്രിട്ടീഷമേരിക്കൻ ട്രേഡ്യൂനിയൻ പ്രതിനിധികൾ സംഘടനകളിൽനിന്നും, അവരുടെ ഏജണ്ടുമാർ പുറത്തുനിന്നും ബഹളം തുടങ്ങി; തൊഴിലാ

ളിവർഗ്ഗത്തിൻെറ ഐക്യം എന്ന തത്വത്തെ ആദരിച്ചും മാനിച്ചും മാഷൽ പ്ലാൻ സ്വീകരിക്കേണ്ട പ്രശ്നം അതതു രാജ്യത്തിലെ ദേശീയ സംഘടനകൾക്ക് വിട്ടുകൊടുപ്പാൻ ഡബ്ല്യൂ. എഫ്. ടി. യു. തീരുമാനിച്ചു. പക്ഷെ പിന്തിരിപ്പന്മാർ വിടാതെ ഛിദ്രപ്രവൎത്തനങ്ങൾ തുടരുകയാണുണ്ടായത്.

1949ൽ ചേൻ എക്സിക്യൂട്ടീവ് യോഗത്തിൽ ഒരു കൊല്ല ക്കാലം ഈ സംഘടനയുടെ പ്രവൎത്തനം മരവിപ്പിക്കേണമെന്നു കൂടി അവർ ആവശ്യപ്പെട്ടു. ഈ നിർദ്ദേശം തള്ളിയതോടെ ബ്രീട്ടൻ, അമേരിക്ക, ഡച്ച് എന്നിവിടങ്ങളിലെ വലതുപക്ഷ ട്രേഡ് യൂനിയൻ നേതാക്കന്മാർ യോഗത്തിൽ നിന്നിറങ്ങിപ്പോകയും മററൊരെതിർസംഘടന ക്രമേണ ഉണ്ടാക്കുകയും ചെയ്തു. പക്ഷെ ഡബ്ല്യൂ. എഫ്. ടി. യു. പുഷ്ടിപ്പെട്ടുവരികയാണുണ്ടായത്. കാരണം അതു ലോകതൊഴിലാളിവർഗ്ഗത്തിൻെറ ഐക്യത്തിനും, അവരുടെ ഉന്നമനത്തിനും വേണ്ടിയാണ് നിലകൊള്ളുന്നത്.

തൊഴിലാളിവർഗ്ഗസംഘടനക്കു പുറമെ, യുവജനങ്ങളുടെതായ ഡബ്ല്യൂ. എഫ്. ഡി. വൈ., മഹിളമാരുടെ ഡബ്ല്യൂ. ഐ. ഡി. എഫ്. എന്നിങ്ങനെ മററു ചില സാർവ്വദേശീയ സംഘടനകൾകൂടി ഇതേ ഘട്ടത്തിൽ ആവിർഭവിച്ചിട്ടുണ്ട്. ഈ സംഘടനകളും കൂടുതൽ കൂടുതൽ ശക്തിപ്പെട്ടുവരികയാണ്.

## കമ്യൂണിസ്റ്റ്പാർട്ടിയുടെ അഭൂതപൂർവ്വമായ വളർച്ച

യുദ്ധാനന്തര കാലഘട്ടത്തിലെ ബഹുജനമുന്നേററം ആഴവും വീതിയും കൂടിയ ഒന്നായിരുന്നു. തൊഴിലാളി സംഘടനകൾ കൃഷികസംഘടനകൾ, യുവജനസംഘടനകൾ, സമാധാനപ്രസ്ഥാനം എന്നിവക്കു പുറമെ കമ്മ്യൂണിസ്റ്റ്പാർട്ടികൾകൂടി ഈ ഘട്ടത്തിൽ വളരെവേഗം വളൎന്നു. പല രാജ്യങ്ങളിലും കമ്മ്യൂ

ണിസ്റ്റ്പാർട്ടികഠം ദേശീയപാർട്ടികളായി വികസിച്ചു കഴിഞ്ഞു, ബഹുജനപാർട്ടികളായി വളൎന്നുവന്നു. ലോകഗതി നിർണ്ണയിക്കുന്നതിലെ അതിപ്രധാനമായ ഒരു സംഭവവികാസമാണിത്. കമ്മ്യൂണിസ്റ്റ്പാർട്ടികളൊ ഗ്രൂപ്പുകളൊ ഇല്ലാത്ത ഒരൊററ രാജ്യം പോലും ഇന്നു ഭൂഗോളത്തിലില്ല. 1947ൽ ബ്രിട്ടനിൽവെച്ചു ചേൎന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിന്നകത്തുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ കൂടിയാലോചനായോഗത്തിൽ സമർപ്പിച്ച ഒരു ഔദ്യോഗിക കണക്ക് ചുവടെ കൊടുക്കുന്നു. ഓരോ രാജ്യത്തിലേയും കമ്മ്യൂണിസ്റ്റ്പാർട്ടികളുടെ അന്നത്തെ അംഗസംഖ്യകളുടെ കണക്കാണിത്. 1947ന്നുശേഷം കമ്മ്യൂണിസ്റ്റ്പാർട്ടികഠം വളരെയധികം വളൎന്നിട്ടുണ്ടെന്നു ഓൎത്തുകൊണ്ടുകൂടിവേണം ഈ കണക്കുകഠം നാം പഠിക്കാൻ.

| | | |
|---|---|---|
| സോവിയററ് കമ്മ്യൂണിസ്റ്റ്പാർട്ടി | | 80 ലക്ഷം |
| ഫ്രഞ്ച് | ,, | 10 ലക്ഷം |
| ഇററാലിയൻ | ,, | 21 ലക്ഷം |
| ചെക്കോസ്ലോവാക്യ | ,, | 17 ലക്ഷം |
| ബൽജിയം | ,, | 1 ലക്ഷം |
| ഹങ്കറി | ,, | 6 ലക്ഷം |
| പോളണ്ട് | ,, | 7 ലക്ഷം |
| ബാംഗേറിയ | ,, | 4½ ലക്ഷം |
| യൂഗോസ്ലാവിയ | ,, | 4 ലക്ഷം |
| റുമേനിയൻ | ,, | 5 ലക്ഷം |
| പശ്ചിമജർമ്മനി | ,, | 4 ലക്ഷം |
| കിഴക്കൻജർമ്മനി | ,, | 17 ലക്ഷം |
| സ്പെയിൻ (നിയമവിരുദ്ധം) | ,, | 60 ആയിരം |
| ഡെന്മാൎക്ക് | ,, | 60 ആയിരം |

| | | |
|---|---|---|
| ഫിൻലാണ്ട് | ,, | 40 ആയിരം |
| സ്വീഡൻ | ,, | 50 ആയിരം |
| നോർവ്വെ | ,, | 40 ആയിരം |

ഇതെല്ലാം യൂറോപ്പിലെ കമ്യൂണിസ്റ്റ് പാർട്ടികൾ ആണ്. ഫാസിസത്തിന്നെതിരായ വിമോചന സമരത്തിൽ തൻേറട ജനങ്ങളോട്ടകൂടെ പൊരുതുകയും സ്വന്തം നാട്ടിൻെറ സ്വാതന്ത്ര്യം സമ്പാദിക്കയും തൊഴിലാളി വർഗ്ഗത്തിൻെറ താല്പര്യത്തിന്നുവേണ്ടി അടരാടുകയും ചെയ്തതിനാൽ യുദ്ധത്തിന്ന മുമ്പുള്ളതിലും 10ഉം, 15ഉം ഇരട്ടി മെമ്പർമാർ ഈ പാർട്ടികളിൽ മെമ്പർമാരായി ചേന്നിരിക്കുന്നു.

യൂറോപ്പിൽ മാത്രമല്ല ഈ വളച്ച്ച ഉണ്ടായത്. 1952ലെ ഒരു പ്രസിദ്ധീകരണമനുസരിച്ച് മഹത്തായ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ 60 ലക്ഷം മെമ്പർമാർ ഉണ്ടെന്നു കാണുന്നു. അമേരിക്കൻ വൻകരയിലും കമ്യൂണിസ്റ്റ് പാർട്ടികൾ വളന്നതു് ഇതേ ഘട്ടത്തിലാണ്. എല്ലാ ലാററിൻ അമേരിക്കൻ രാജ്യങ്ങളിലും ഇന്ന കമ്യൂണിസ്റ്റ് പാർട്ടികൾ ഉണ്ടായിക്കഴിഞ്ഞു. ലാററിൻ അമേരിക്കയിലുള്ള 20 പാർട്ടികളിൽ 13 എണ്ണവും നിയമവിരുദ്ധമാക്കപ്പെട്ട നിലയിലാണ് പ്രവത്തിക്കുന്നതും.

ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ അതിവിപുലമായ ഈ വളച്ച്ച സാമ്രാജ്യത്വത്തിന്നെതിരായ സ്വാതന്ത്ര്യസമരത്തിന്നും, സോഷ്യലിസം കെട്ടിപ്പടുക്കുന്നതിന്നും നിണ്ണായകമായ സഹായമാണ് നൽകിവരുന്നത്. ഈ ഘട്ടത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്നു കോമിൻഫോം ചെയ്ത സഹായവും അത്രതന്നെ പ്രാധാന്യമഹിക്കുന്ന ഒന്നാണ്.

## സാൎവ്വദേശീയൈക്യത്തിൻെറ പുതിയ സ്വഭാവം

കമ്യൂണിസ്റ്റ് ഇൻറർനേഷനൽ പിരിച്ചുവിട്ട 4 കൊല്ലം കഴിഞ്ഞ ഉടനെയാണ് ഒന്നാമത്തെ കോമിൻഫോം യോഗം ചേൎന്നതു്: അതായതു് 1947 ഡിസമ്പറിൽ. യൂറോപ്പിലെ പ്രധാനപ്പെട്ട 9 കമ്മ്യൂണിസ്റ്റ് പാർട്ടികളാണ് ഈ സമ്മേളനം വിളിച്ചുകൂട്ടിയതു്. അമേരിക്കൻ സാമ്രാജ്യത്വത്തിൻെറ ലോകം വെട്ടിപ്പിടിക്കാനുള്ള സംരംഭം ലോകത്തിന്നു വരുത്തിവെച്ച ആപത്തിൻെറ ഗൗരവസ്ഥിതിയായിരുന്നു കോമിൻഫോം യോഗത്തിലെ പ്രധാന ആലോചനാവിഷയം. സോവിയററ് കമ്മ്യൂണിസ്റ്റ്പാൎട്ടി നേതാവായ സഖാവ് ഷഡനോവായിരുന്ന സാൎവ്വദേശീയസ്ഥിതിയെക്കുറിച്ചുള്ള പ്രധാന റിപ്പോൎട്ട് ഈ കൂടിയാലോചനായോഗത്തിൽ സമൎപ്പിച്ചതു. ആ യോഗത്തിൽ സോവിയററ് യൂനിയൻ, ഇററലി. ഫ്രാൻസ്, രുമേനിയ, ഹങ്കറി, ബൾഗേറിയ, ചെക്കോസ്ലാവാക്യ. യുഗോസ്ലാവ്യ, പോളണ്ട് എന്നീ രാഷ്ട്രങ്ങളിലെ കമ്യൂണിസ്റ്റ് പ്രതിനിധികൾ പങ്കെടുക്കുകയും സ്വന്തം അനുഭവങ്ങളെ കൈമാറുകയുമുണ്ടായി.

സമ്മേളനത്തിൻെറ ഉദ്ദേശത്തേയും ഭാവിപരിപാടിയേയും കുറിച്ചു യോഗാനന്തരം ഇറക്കിയ കമ്യൂണിക്കെയിൽ ഇപ്രകാരമാണ് പ്രസ്താവിച്ചതു്: "സഖാവ് ഷഡനോവ് സാൎവ്വദേശീയസ്ഥിതിയെക്കുറിച്ചു യോഗത്തിൽ റിപ്പോൎട്ട്ചെയ്തു. യോഗത്തിൽ പങ്കെടുത്തവർ ഈ റിപ്പോർട്ടിനെക്കുറിച്ചു അഭിപ്രായങ്ങൾ കൈമാറുകയുണ്ടായി. ഇന്നത്തെ സാൎവ്വദേശീയനിലയെക്കുറിച്ചും അതിൽനിന്നുളവാകുന്ന കടമകളെപ്പററിയും അവരെല്ലാം ഏകീകൃതധാരണയിലെത്തുകയും സാൎവ്വദേശീയപ്രശ്നത്തെക്കുറിച്ചു ഒരു വിളംബരം തയ്യാറാക്കുകയുമുണ്ടായി

സഖാവ് ഗോമുൽക്ക (പോളീഷ് പ്രതിനിധി) കമ്യൂണിസ്റ്റ്പാർട്ടികളുടെ അനുഭവക്കൈമാററങ്ങളെയും പ്രവൎത്തനങ്ങളെ

കൂട്ടിയോജിപ്പിക്കേണ്ട ആവശ്യകതയെയും കുറിച്ച് ഒരു റിപ്പോർട്ട് യോഗത്തിൽ സമപ്പിച്ചു. സമ്മേളനത്തിൽ പങ്കെടുത്ത പാട്ടികാംതമ്മിൽ ബന്ധമില്ലായ്കയാൽ വന്ന നിഷേധഫലങ്ങളെ കനക്കിലെടുത്തും, അനുഭവങ്ങാം അന്യോന്യം കൈമാറേണ്ട ആവശ്യം മനസ്സിലാക്കിയും, വിവരങ്ങാം തമ്മിൽ തമ്മിൽ മനസ്സിലാക്കാനുള്ള ഒരു കേന്ദ്രം (ഇൻഫർമേഷൻ ബ്യൂറോ) ഉണ്ട് ക്കേണ്ടതാണെന്നു ഇക്കാര്യത്തിൽ തീരുമാനിച്ചിരിക്കുന്നു.

ഈ ഇൻഫർമേഷൻ ബ്യൂറോ മേൽപ്പറഞ്ഞ കമ്യൂണിസ്റ്റ് പാർട്ടികളുടെ കേന്ദ്രക്കമ്മിററി പ്രതിനിധികാം അടങ്ങിയതായിരിക്കും. കമ്മ്യൂണിസ്റ്റ് പാർട്ടികാം തമ്മിൽ അനുഭവകൈമാററം ഉണ്ടാക്കുകയും ആവശ്യമാണെങ്കിൽ പരസ്പരയോജിപ്പിന്മേൽ പ്രവത്തനങ്ങളെ കൂട്ടിയോജിപ്പിക്കുകയുമാണ് ഈ ബ്യൂറോവിൻെറ കടമകാം. ഇൻഫർമേഷൻ ബ്യൂറോ ഒരു മുഖപത്രം നടത്തേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്" (ഇൻഫർമേഷൻ ബ്യൂറൊ കമ്മ്യൂണിക്കെ)

വളച്ച്യും പാകതയും എത്തിയ കമ്മ്യൂണിസ്റ്റ് പാട്ടികളുടെ നേതൃത്വങ്ങാം തമ്മിൽ അനുഭവങ്ങാം കൈമാറുന്നതുകൊണ്ടു മാർക്സിസം-ലനിനിസം പുഷ്ടിപ്പെടുത്താനും, ലോക തൊഴിലാളിവർഗ്ഗത്തിൻെറ ചൈതന്യം വളത്താനും സാധിക്കുമെന്നതിൽ തക്കമില്ല. എന്നിരുന്നാലും കമ്യൂണിസ്റ്റ് ഇൻറർനേഷനലും കോമിൻഫോമും തമ്മിൽ വലിയ അന്തരമുണ്ട്. കമ്യൂണിസ്റ്റ് ഇൻറർനേഷനൽ, അതിനോട് ബന്ധപ്പെട്ട പാർട്ടികളുടെ വളച്ച്യെ നേരിട്ടു സഹായിക്കയും അവയുടെ വളച്ച്യെ രാഷ്ട്രീയമായും സംഘടനാപരമായും പുഷ്ടിപ്പെടുത്തുകയുമുണ്ടായി. കോമിൻഫോം അത്തരം കാര്യങ്ങാം ഒന്നും ചെയ്യുന്നില്ല. അനുഭവങ്ങാം കൈമാറാനും ആവശ്യമാണെന്നു കണ്ടാൽ പരസ്പരം യോജിപ്പുണ്ടെങ്കിൽ പ്രവത്തനങ്ങളെ കേന്ദ്രീകരിക്കാനും മാത്രമേ ഈ

സംഘടന ശ്രമിക്കുകയുള്ളു. മേൽചേത്ത് കമ്യൂണിക്കെ ഇക്കാര്യം അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുമുണ്ട്.

സാർവ്വദേശീയസ്ഥിതിയെക്കുറിച്ചു അന്നു കോമിൻഫോം നടത്തിയ വിശകലനം, സ്വാതന്ത്ര്യത്തിനും ദേശീയാഭിവൃദ്ധിക്കും സോഷ്യലിസത്തിനുംവേണ്ടി പോരാടുന്നവക്കൊക്കെ അത്യധികം സഹായകമായിരുന്നു. ഈ കാലഘട്ടത്തിൽ സാമ്രാജ്യത്വങ്ങൾ എന്തെല്ലാം അടവുകളാണ് സ്വീകരിക്കുന്നതെന്നും എങ്ങിനെയാണ് മററു രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെ നിഹനിച്ചു സ്വന്തം ആധിപത്യം സ്ഥാപിക്കുന്നതെന്നും ആ വിശകലനത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. കമ്യൂണിസ്റ്റ്കാരല്ലാത്ത ഇതര ദേശാഭിമാനികൾകൂടി അക്കാലത്തു കോമിൻഫോമിൻെറ പ്രമേയത്തെ സ്വാഗതം ചെയ്തിരുന്നു.

## സാർവ്വദേശീയസ്ഥിതിയെപ്പററിയുള്ള വിശകലനം

കോമിൻഫോം സാർവ്വദേശീയസ്ഥിതിയെക്കുറിച്ചു അംഗീകരിച്ച പ്രമേയത്തിൽ ഇപ്രകാരമാണ് പ്രസ്താവിക്കുന്നതു:

രണ്ടാം ലോകമഹായുദ്ധത്തിൻെറ ഫലമായും യുദ്ധാനന്തര കാലഘട്ടത്തിലും സാർവ്വദേശീയ സ്ഥിതിയിൽ മൗലികമായ മാററങ്ങൾ സംഭവിച്ചിരിക്കുന്നു.

ലോകരംഗത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൗലിക രാഷ്ട്രീയ ശക്തികളുടെ പുതിയ ഭാവങ്ങളും, രണ്ടാം ലോകമഹായുദ്ധത്തിൽ വിജയികളായ സ്റ്റേററുകളുടെ പരസ്പരബന്ധങ്ങളിലും കൂട്ടുചേരലിലും വന്ന മാററവുമാണ് ഈ മാററങ്ങളുടെ സവിശേഷതകൾ.

യുദ്ധം നടന്നിരുന്നപ്പോൾ ജർമ്മനിക്കും ജപ്പാനുമെതിരായ യുദ്ധത്തിൽ സഖ്യരാഷ്ട്രങ്ങൾ ഒന്നിച്ചാണ് പ്രവർത്തിച്ചിരുന്നതു്. അവ ഒരൊററ ചേരിയായിരുന്നു. പക്ഷെ, യുദ്ധലക്ഷ്യങ്ങളുടെ നിർവ്വചനം സംബന്ധിച്ചും യുദ്ധാനന്തര സമാധാന ഒത്തുതീർപ്പു

കാലത്തെ കടമകളെക്കുറിച്ചും യുദ്ധകാലത്തുതന്നെ സഖ്യച്ചേരി
യിൽ അഭിപ്രായഭിന്നതകളുണ്ടായിരുന്നു. സോവിയററു യൂനി
യനും മററു ജനാധിപത്യരാജ്യങ്ങളും തങ്ങളുടെ മൗലികയുദ്ധ
ലക്ഷ്യങ്ങളായി കണക്കാക്കിയതു് യൂറോപ്പിൽ ജനാധിപത്യ വ്യ
വസ്ഥ പുനഃസ്ഥാപിക്കലും ഉറപ്പിക്കലും ഫാഷിസത്തെ തുട
ച്ചുനീക്കലും ജർമ്മനിയുടെ ഭാഗത്തുനിന്നു പുതിയ ആക്രമണത്തി
ൻെറ സംഭാവ്യതയെ തടയലും യൂറോപ്പിലെ രാഷ്ട്രങ്ങൾക്കിട
യിൽ ശാശ്വതവും സാർവ്വത്രികവുമായ സഹകരണം സ്ഥാപിക്ക
ലുമായിരുന്നു. അമേരിക്കയും അതിനോടു യോജിച്ചുകൊണ്ടു്
ബ്രിട്ടനും യുദ്ധത്തിൽ മറെറാരു ലക്ഷ്യമാണു് സ്വയം മുൻവെച്ച
തു്: കമ്പോളങ്ങളിൽ തങ്ങൾക്കെതിരായി മത്സരിക്കുന്നവരെ
(ജർമ്മനിയേയും ജപ്പാനേയും) ഒഴിവാക്കുകയും തങ്ങളുടെ ആധി
പത്യനില സ്ഥാപിക്കുകയും. യുദ്ധലക്ഷ്യങ്ങളുടെ നിർവ്വചന
ത്തിലും യുദ്ധാനന്തരപുനസ്സംവിധാനത്തിൻെറ കടമകളുടെ കാ
ര്യത്തിലും ഉള്ള അഭിപ്രായവ്യത്യാസങ്ങൾ യുദ്ധത്തിനുശേഷം
കൂടുതൽ അഗാധമായി വളർന്നുവന്നു. പരസ്പരവിരുദ്ധങ്ങളായ
രണ്ടു രാഷ്ട്രീയലൈനുകൾ രൂപം കൈക്കൊണ്ടു: ഒരുവശത്തു്,
സാമ്രാജ്യാധിപത്യത്തിൻെറ അടി തുരക്കാനും ജനാധിപത്യത്തെ
അടിയുറപ്പിക്കാനും ഉന്നംവെച്ചുകൊണ്ടുള്ള സോവിയററു യൂണി
യൻേറയും മററു ജനാധിപത്യ രാജ്യങ്ങളുടേയും നയവും, മറുവ
ശത്തു് സാമ്രാജ്യത്വത്തെ ശക്തിപ്പെടുത്താനും ജനാധിപത്യത്തെ
ശ്വാസംമുട്ടിക്കാനും തിരിച്ചുവിടപ്പെട്ടിട്ടുള്ള അമേരിക്കയുടേയും
ബ്രിട്ടൻേറയും നയവും. ലോകമേധാവിത്വത്തിനും ജനാധിപ
ത്യപ്രസ്ഥാനങ്ങളെ തച്ചുതകർക്കാനുംവേണ്ടിയുള്ള സാമ്രാജ്യത്വപ
ദ്ധതികൾ സാധിതപ്രായമാകുന്നതിനും സോവിയററു യൂണിയനും
പുതിയ ജനാധിപത്യരാജ്യങ്ങളും തടസ്സങ്ങളായിത്തീർന്നസ്ഥിതി
ക്കു് സോവിയററു യൂണിയനും പുതിയ ജനാധിപത്യരാജ്യങ്ങൾ
ക്കുമെതിരായി ഒരു കുരിശുയുദ്ധം പ്രഖ്യാപിക്കപ്പെട്ടു; അമേരിക്ക

യിലേയും ബ്രിട്ടനിലേയും ദുർമ്മോഹികളായ സാമ്രാജ്യരാഷ്ട്രതന്ത്രജ്ഞരുടെ ഭാഗത്തുനിന്നുള്ള പുതിയ യുദ്ധഭീഷണികൾ ഇതിനു താങ്ങായും നിന്നിരുന്നു.

അങ്ങിനെ രണ്ടുചേരികൾ രൂപീകൃതമായി—അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ലോകമേധാവിത്വം സ്ഥാപിക്കലും ജനാധിപത്യത്തെ തച്ചുതകർക്കലും മൌലികലക്ഷ്യമായിക്കൊണ്ടുള്ള ജനാധിപത്യവിരുദ്ധ—സാമ്രാജ്യത്വചേരിയും, സാമ്രാജ്യത്വത്തിന്റെ അടിതുരക്കലും ജനാധിപത്യത്തെ അടിയുറപ്പിക്കലും ഫാഷിസത്തിന്റെ അവശിഷ്ടങ്ങളെ തുടച്ചുനീക്കലും അടിസ്ഥാനലക്ഷ്യമായിക്കൊണ്ടുള്ള സാമ്രാജ്യവിരുദ്ധ—ജനാധിപത്യചേരിയും.

പരസ്പരവിരുദ്ധങ്ങളായ ഈ രണ്ടു ചേരികൾ—സാമ്രാജ്യത്വചേരിയും സാമ്രാജ്യവിരുദ്ധചേരിയും—തമ്മിലുള്ള സമരം നടന്നുകൊണ്ടിരിക്കുന്നതു് മുതലാളിത്തത്തിന്റെ പൊതുക്കുഴപ്പം കൂടുതൽ മൂർച്ഛിച്ചുവന്നിട്ടുള്ള ഒരു സ്ഥിതിഗതിയിലാണു്: മുതലാളിത്തത്തിന്റെ ശക്തികൾ ദുർബ്ബലപ്പെടുകയും സോഷ്യലിസത്തിന്റേയും ജനാധിപത്യത്തിന്റേയും ശക്തികൾ ശക്തിപ്പെടുകയും ചെയ്തിട്ടുള്ള ഒരു സ്ഥിതിഗതിയിലാണു്.

അതുകൊണ്ടു് സാമ്രാജ്യത്വചേരിയും അതിന്റെ നേതൃത്വശക്തിയായ അമേരിക്കയും പ്രത്യേകിച്ചും ആക്രമണപരമായ പ്രവൎത്തനങ്ങളാണു് പ്രദൎശിപ്പിച്ചുകൊണ്ടിരിക്കുന്നതു. ഈ പ്രവൎത്തനം എല്ലാ രംഗങ്ങളിലൂടെയും ഒരേ സമയത്തു വളൎത്തിക്കൊണ്ടുവരുന്നുണ്ടു്—സൈനിക യുദ്ധതന്ത്രനടപടികളുടെയും സാമ്പത്തികവിപുലീകരണത്തിന്റേയും ആശയപരമായ സമരത്തിന്റേയും രംഗങ്ങളിൽ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അമേരിക്ക പിന്തുടൎന്നുവരുന്ന, ആഗോളവിപുലീകരണനയത്തിനുള്ള പൊതുപദ്ധതിയുടെ ഒരു മൂലഘടകം, യൂറോപ്യൻ ഉപവിഭാഗം, മാത്രമാണു് ട്രൂമാൻ-മാർഷൽ പദ്ധതി. യൂറോപ്പിനെ സാമ്പത്തികമായും രാഷ്ട്രീയമായും അടിമപ്പെടുത്താനുള്ള അമേരിക്കൻ സാമ്രാജ്യത്വപദ്ധതികളുടെ അനുബന്ധമായി ചൈന,

ഇൻഡോനേഷ്യ, തെക്കെ അമേരിക്കൻ രാജ്യങ്ങഠം എന്നിവയെ സാമ്പത്തികമായും രാഷ്ട്രീയമായും അടിമപ്പെടുത്തുന്നതിന്നുള്ള പദ്ധതികളുമുണ്ട്. ഇന്നലത്തെ ആക്രമണകാരികളെ—ജമ്മനിയിലേയും ജപ്പാനിലേയും മുതലാളിത്തകുത്തകക്കാരെ—ഒരു പുതിയ ഭാഗം അഭിനയിക്കുന്നതിന്ന്—യൂറോപ്പിലേയും ഏഷ്യയിലേയും അമേരിക്കൻ സാമ്രാജ്യനയത്തിൻെറ കരുക്കളാക്കുന്നതിന്നു—അമേരിക്ക അണിയിച്ചൊരുക്കിവരികയാണ്."

കോമിൻഫോമിൻെറ ഈ താക്കിതു് അക്ഷരംപ്രതി ശരിയായിരുന്നുവെന്നു പിന്നീടുണ്ടായ സംഭവവികാസങ്ങഠം തെളിയിച്ചു. അതെന്താണെന്നു ചുരുക്കമായി ആദ്യത്തെ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ.

അമേരിക്കൻ സാമ്രാജ്യത്വത്തിൻെറ ഭ്രാന്തുപിടിച്ച പരാക്രമം പാച്ചിൽകണ്ടു് ലോകതൊഴിലാളിപ്രസ്ഥാനവും സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള പ്രസ്ഥാനങ്ങളും ഭയപ്പെട്ടുപോയില്ല. ധീരമായി അതിനെ ചെറുത്തുനില്ക്കുകതന്നെയാണുണ്ടായതു്. 1945–'47 കാലഘട്ടത്തിനിടയിൽ യൂറോപ്പിലെ 10 കോടി ജനസംഖ്യവരുന്ന 7 രാഷ്ട്രങ്ങഠം ജനകീയജനാധിപത്യരാഷ്ട്രങ്ങളായുയന്നു. ഇവയെ തുരങ്കംവെക്കാൻ അമേരിക്കയിലെയും ബ്രിട്ടനിലെയും സാമ്രാജ്യവാദികഠം ആവുന്നതും ശ്രമിച്ചെങ്കിലും ഫലിച്ചില്ല. ഏഷ്യയിലെ ജനകീയജനാധിപത്യരാഷ്ട്രങ്ങളായ പുതിയ ചൈനയും, വടക്കൻ കൊറിയയും വടക്കൻ വിയററ്നാമും ഇതേ അക്രമത്തിനെ നേരിട്ടു് തങ്ങളുടെ സ്വാതന്ത്ര്യത്തെ പരിരക്ഷിച്ചതും സോഷ്യലിസത്തിലേക്കു നീങ്ങിയതും നമുക്കനുഭവപ്പെട്ട കാര്യങ്ങളാണ്. ജനകീയ ജനാധിപത്യ രാഷ്ട്രങ്ങളല്ലാത്ത ഏഷ്യയിലേയും ആഫ്രിക്കയിലേയും മദ്ധ്യപൂർവ്വദേശത്തിലെയും പല രാഷ്ട്രങ്ങളും സാമ്രാജ്യവാദികളുടെ പുതിയ പോരു് മനസ്സിലാക്കുകയും സ്വാതന്ത്ര്യസംരക്ഷണത്തിന്നുള്ള പുതിയ പാതകഠം സ്വീകരിച്ചുതുടങ്ങുകയുമുണ്ടായി. ഇതെല്ലാം സാമ്രാജ്യവാദികളുടെ പുതിയ അടവുകളെ നേരിട്ടുകൊണ്ടുതന്നെയാണ്

## യോഗോസ്ലാവിയയുടെ വ്യതിയാനം

ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനമാകെ കോമിൻഫോം സ്ഥാപിച്ചതോടെ വലിയ ആശ്വാസവും ആവേശവും പൂണ്ടു. കോമിൻഫോമിൽ അംഗങ്ങളല്ലെങ്കിലും സ്വാനുഭവങ്ങൾ കോമിൻഫോം പത്രംവഴി മററു പാർട്ടികളുടെ അറിവിന്നായി പ്രസിദ്ധീകരിച്ചും മററു പാർട്ടികളുടെ അനുഭവവും അറിവും സ്വായത്തമാക്കിയും സാൎവ്വദേശീയ സൌഹാൎദ്ദം പുലൎത്തിപ്പോന്നു. മാർക്സിസം-ലെനിനിസം സമുദായവളൎച്ചയുടെ ഫലവത്തായ ഒരു ശാസ്ത്രമാണെന്നു മുമ്പുതന്നെ പറഞ്ഞുവല്ലോ. ആ നിലക്ക് ആ ശാസ്ത്രം ഓരോ രാജ്യത്തിൻെറ വളൎച്ചയിലും പ്രയോഗിച്ചപ്പോഴുണ്ടായ ഫലങ്ങൾ സമുദായസംഘടനയെ മാററാൻ ശ്രമിക്കുന്ന ആൎക്കും അത്യന്തം അഭിരുചിയുള്ളതായിരിക്കും. ഈ അനുഭവജ്ഞാനങ്ങൾ കൈമാറുന്നതിലും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ശാസ്ത്രത്തിൻെറ പ്രയോഗത്തിൽ പററിയ അബദ്ധങ്ങൾ ചൂണ്ടിക്കാണിക്കുന്നതിലും കോമിൻഫോം വഹിച്ച പങ്ക് അവിസ്മരണീയമാണ്.

യൂഗോസ്ലാവിയൻ പാർട്ടിയ്ക്കു പററിയ വീഴ്ച ഈ ഘട്ടത്തിൽ പരിശോധിക്കുന്നത് സഹായകമാണ്. അമേരിക്കൻ സാമ്രാജ്യത്വത്തെ കൎശനമായെതിൎക്കുന്നതിൽ അവിടത്തെ പാർട്ടി വൈമനസ്യം കാട്ടി. 1948ൽ ചേൎന്ന കോമിൻഫോം യോഗത്തിൽ അവർ പങ്കെടുത്തില്ല. ആഭ്യന്തരകാര്യങ്ങളിലാവട്ടെ അനേകം ലെനിനിസ്റ്റ് വിരുദ്ധ നടപടികളവർ അംഗീകരിച്ചു. അക്കാലത്തു തന്നെ അതെല്ലാം ചൂണ്ടിക്കാട്ടിയിട്ടും അവർ വിലവെച്ചതുമില്ല. കൃഷിക്കാരുടെ ഇടയിലുള്ള വൎഗ്ഗവിഭജനത്തെ കണക്കിലെടുക്കാതിരിക്കുക, തൊഴിലാളിവൎഗ്ഗത്തെ പ്രധാനമായും ആധാരമാക്കുന്നതിന്നുപകരം കൃഷിക്കാരെ ആശ്രയിച്ചു പ്രവൎത്തിക്കുക, കമ്യൂണിസ്റ്റ് പാർട്ടിയെ ജനകീയ മുന്നണിയിൽ ലയിപ്പിച്ചു പാർട്ടിയുടെ നിലനില്പ് ഇല്ലാതാക്കുക, പാർട്ടിയി

ൽ ഉദ്യോഗങ്ങളും മേധാവിത്വവും വിമർശനവിരോധവും വളർത്തുക, തുടങ്ങിയ പ്രധാന വീഴ്ചകളാണ് ആ പാർട്ടിക്കു പററിയതു 1942ൽ അവിടത്തെ പാർട്ടിയെ പിരിച്ചു വിട്ടു. പകരം കമ്യൂണിസ്റ്റ്കാരുടെ ലീഗ് എന്ന ഒരു പുതിയ സംഘടന ഉണ്ടാക്കുകയും അവിടുത്തെ ജനകീയ മുന്നണിയായ അദ്ധ്വാനിക്കുന്ന വർഗ്ഗത്തിൻെറ സോഷ്യലിസ്റ്റ് അലയൻസ് എന്ന സംഘടനയുടെ ഒരു ഭാഗമായി ആ സംഘടനയെ ബന്ധിക്കുയുമാണ് ഉണ്ടായത്. ഇന്നും അതാണ് നില. ഇന്നിപ്പോൾ യൂഗോസ്ലാവിയ സോഷ്യലിസ്റ്റ് ചേരിയുമായി സജീവമായി ബന്ധപ്പെട്ടിട്ടുണ്ടെന്നത് പ്രധാനപ്പെട്ട ഒരു സംഭവവികാസമാണ്. തൊഴിലാളികളുടേയും കൃഷിക്കാരുടേയും കയ്യിലാണ് അവിടുത്തെ ഭരണാധികാരമുള്ളത്. ദേശീയോല്പാദനത്തിൻെറ 10 ശതമാനത്തിൽ കുറച്ചു മാത്രമേ സ്വകാര്യ വ്യവസായങ്ങൾ വഴി ഉല്പാദിപ്പിക്കുന്നുള്ളു. 85 ശതമാനം വിളഭൂമിയും വ്യക്തികളായ കൃഷിക്കാരുടെ ഉടമസ്ഥതയിൻകീഴിലാണെന്നതാണ് അവിടെയുള്ള ഒരു പ്രത്യേകത.

ഇതെല്ലാമാണെങ്കിലും യൂഗോസ്ലാവിയയുടെ വ്യതിയാനം ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്നു ധാരാളം പാഠങ്ങൾ നൽകിയിട്ടുണ്ടെന്നത് വിസ്മരിച്ചുകൂടാ. കോമിൻഫോമാണ് ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശം നൽകിയത്. രണ്ടാം ലോകമഹായുദ്ധത്തിന്നുശേഷമുള്ള ലോകസ്ഥിതി മനസ്സിലാക്കുന്നതിന്നും ജനകീയജനാധിപത്യത്തിൻെറ അനുഭവങ്ങളും പരിചയവും ലോകത്തിന്നാകെ പ്രദാനം ചെയ്യുന്നതിന്നും കമ്യൂണിസ്റ്റ്പാർട്ടികൾക്കാകെ വമ്പിച്ച സംഭാവനയാണ് കോമിൻഫോം നൽകിയത്. സാമ്രാജ്യവാദികളാണ് ആ സ്ഥാപനത്തെ വെറുക്കുന്നത്. സമാധാനത്തിന്നും സ്വാതന്ത്ര്യത്തിന്നും ദേശീയാഭിവൃദ്ധിക്കും സോഷ്യലിസത്തിന്നും നിലകൊള്ളുന്ന ആരും കോമിൻഫോമിൻെറ കാര്യത്തിൽ എതിരഭിപ്രായം പ്രകടിപ്പിക്കില്ല.

---

# പുതിയ പ്രസിദ്ധീകരണങ്ങൾ

★

1. കേരളത്തിലെ ദേശീയപ്രശ്നം 2—0—0
2. കേരള ദേശീയപ്രസ്ഥാനവും കമ്യൂണിസ്റ്റ്കാരും 0—8—0
3. ഇന്നത്തെ ഇന്ത്യയുടെ സാമ്പത്തികാഭിവൃദ്ധി 0—5—0
4. നിലക്കാത്ത ഗാനം (നാടകം) 0–10—0
5. ദുബ്രോവസ്ക്കി (നോവൽ) 1—4—0
6. ഇത് ഭൂമിയാണ് (നാടകം) 1—0—0
7. ആപ്പിൾ പഴങ്ങൾ (കവിതകൾ) 0—6—0
8. ഫ്രീഡം റോഡ് (നോവൽ) 3—0—0


**പ്രഭാത് ബുക്ക് ഹൌസ്**

കോഴിക്കോട്, കണ്ണൂർ, എറണാകുളം, മംഗലാപുരം,

കോട്ടയം, കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം.

# മൂന്നു ഇന്റർനേഷനലുകളുടെ ചരിത്രം

1436

P... Library & Research Center

എൻ. ഇ. ബാലറാം

പ്രഭാത് ബുക്ക് ഹൗസ്

Indic Digital Archive Foundation
gpura.org